പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**അൻപത്തിരണ്ടാമത് റിപ്പോർട്ട്**

(2015 ഡിസംബർ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അൻപത്തിരണ്ടാമത് റിപ്പോർട്ട്

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്**

46/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 56 |
| അനുബന്ധം II : സർക്കാർ മറുപടി | .. | 71 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**ഘടന**

അദ്ധ്യക്ഷൻ:

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ:

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-2016) അൻപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2005-06 മുതൽ 2010-11 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ഡിസംബർ മാസം 3-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

## കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

## (ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 മുതൽ 2010-11 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളത്)

### പൊതു അവലോകനം

<u>ഓഡിറ്റ് ഖണ്ഡിക</u>

**രജിസ്റ്ററുകൾ, രേഖകൾ കൃത്യമല്ല; അലംഭാവം തുടരുന്നു, ഓഡിറ്റ് പരിമിതപ്പെടുന്നു.**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്ററുകളും രേഖകളും കൃത്യമല്ല. മുൻ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വിവരിച്ച അവസ്ഥ കൂടുതൽ ഗുരുതരമായെന്ന് കാണുന്നു.

രജിസ്റ്ററുകളും രേഖകളും കൃത്യമല്ലാത്തതിനാൽ സ്ഥാപനങ്ങളിൽ കണക്കില്ല. ധനവിനിയോഗത്തിന്റെ അടിസ്ഥാനവിവരങ്ങൾ പോലും കൃത്യമല്ല. ഇതിനാൽ വാർഷികകണക്കുകൾ സമയബന്ധിതമായി സ്ഥാപനങ്ങൾക്ക് ഓഡിറ്റിന് സമർപ്പിക്കാൻ കഴിയാതെ വരുന്നു.(പ്രത്യേകം പരാമർശിച്ചത് കാണുക)

രേഖകളും രജിസ്റ്ററുകളും കൃത്യമല്ലാത്തതിനാൽ ഓഡിറ്റ് സുഗമമാകുന്നില്ല. അഴിമതിയും ക്രമക്കേടുകളും കണ്ടെത്തപ്പെടാതെ പോകുന്നു.

<u>ഓഡിറ്റ് വിശകലനങ്ങളിൽ നിന്നും ചില വിവരങ്ങൾ:</u>

രേഖകളും രജിസ്റ്ററുകളും കൃത്യമല്ലാത്തതിനാലും അവ ഓഡിറ്റ് സമയത്ത് ഹാജരാക്കാത്തതിനാലും ഓഡിറ്റ് നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്:

1. കണക്കുകളുടെ കൃത്യത പരിശോധിക്കാനാവുന്നില്ല.
2. ഓഡിറ്റ് തടസ്സവാദങ്ങളും നിരാകരണങ്ങളും ഏറുന്നു.
3. ക്രമക്കേടുകളും ധനാപഹരണങ്ങളും കണ്ടെത്തപ്പെടാതെ പോകുന്നു.
4. പദ്ധതി നിർവ്വഹണം ക്രമപ്രകാരമായിരുന്നോ, ലക്ഷ്യം നേടിയോ എന്നിവ വിലയിരുത്താനാകുന്നില്ല.

<u>പുതിയ അക്കൗണ്ടിംഗ് ഫലപ്രദമായില്ല</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രേഖകളും രജിസ്റ്ററുകളും കൃത്യമല്ലാതെ കണക്കില്ലാത്ത അവസ്ഥയ്ക്ക് പരിഹാരമായാണ് പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയത്. ധനവകുപ്പ് ഉത്തരവിലൂടെ [ജി. ഒ. (പി) 319/2003 12-6-2003]

1-4-2004 മുതലാണ് പുതിയ രീതി നിലവിൽ വന്നത്. ഇതും ഫലപ്രദമായി നടപ്പാക്കിയില്ലെന്ന് കോട്ടയം, കോഴിക്കോട് ജില്ലകളിൽ നിന്നുള്ള ഓഡിറ്റ് വിശകലനം തെളിയിക്കുന്നു.

പുതിയ സമ്പ്രദായത്തിലെ പ്രധാന നിർദ്ദേശം ഫോറം 13-ൽ ഓഡിറ്റ് വകുപ്പിന് പ്രതിമാസ അക്കൗണ്ടുകൾ അയയ്ക്കണമെന്നത് ഒരു സ്ഥാപനവും പാലിക്കുന്നില്ല.

കോട്ടയം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദൃശ്യമായ പൊതുഅപാകതകൾ:

1. ക്യാഷ് ബുക്ക് ദിവസേനയും മാസാന്ത്യവും ക്ലോസ് ചെയ്ത് സെക്രട്ടറി ഒപ്പു വെയ്ക്കുന്നില്ല.
2. മാസാന്ത്യം കണക്കുകൾ പൊരുത്തപ്പെടുന്നില്ല.
3. വിവിധ എൻട്രികളുടെ ക്ലാസിഫിക്കേഷൻ രേഖപ്പെടുത്തുന്നില്ല.
4. വിവിധ ബില്ലുകളിൽ നിന്നുള്ള റിക്കവറി കോൺട്രാ എൻട്രി മുഖേന ചേർക്കുന്നില്ല.
5. സബ്സിഡിയറി ക്യാഷ് ബുക്കിൽ ശമ്പളം/പെൻഷൻ വിതരണം രേഖപ്പെടുത്തുന്നില്ല.
6. മരാമത്ത് മുൻകൂറുകൾ അഡ്വാൻസ് രജിസ്റ്ററി (ഫോറം 10)-ൽ ചേർക്കുന്നില്ല.
7. മാസാന്ത്യ/വാർഷിക ധനപത്രികകൾ തയ്യാറാക്കുന്നില്ല.

ജില്ലയിൽ 2003-2004-ൽ മുണ്ടക്കയം, എരുമേലി, പാറത്തോട്, തലനാട്, തീക്കോയി, കരൂർ, മൂന്നിലവ്, ഞീഴൂർ, കാണക്കാരി, പാമ്പാടി, അയ്മനം, നെടുംകുന്നം, ഏലിക്കുളം എന്നീ ഗ്രാമപഞ്ചായത്തുകൾ പുതിയ അക്കൗണ്ടിംഗ് ഫോർമാറ്റുകൾ തയ്യാറാക്കിയിട്ടില്ല.

<u>പുതിയ സമ്പ്രദായത്തിന്റെ പ്രധാന പരിമിതികൾ</u> :

1. സമഗ്രപരിശീലനത്തിന്റെ അഭാവം.
2. ഫോർമാറ്റുകളുടെ ഉദ്ദേശലക്ഷ്യം വ്യക്തമല്ല.
3. പരിശീലനം ലഭിച്ചവരുടെ അഭാവം.
4. സ്റ്റാഫിന്റെ അപര്യാപ്തത.
5. അക്കൗണ്ട് ഹെഡ്ഡുകളുടെ വർഗ്ഗീകരണത്തിലെ സങ്കീർണ്ണത.

രേഖകളും രജിസ്റ്ററുകളും ഓഡിറ്റിന് നിഷേധിക്കുന്നതുപോലുള്ള ബോധപൂർവ്വതമസ്കരണം നേരിടാൻ നിയമം ജാഗ്രത്താക്കണം.

രേഖകളും രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കുവാൻ സ്ഥാപനങ്ങളെ പ്രേരിപ്പിക്കുന്ന വ്യവസ്ഥകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലുണ്ട്. പ്രായോഗികമായ പ്രതിവിധികൾ വ്യവസ്ഥകളിൽ ഉൾചേർക്കണം.

ഈ അവസ്ഥയ്ക്ക് പരിഹാരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി ഓഫീസ് നടപടിക്രമങ്ങൾ ആലോചിക്കാവുന്നതാണ്. എം. ഒ. പി. ഇപ്പോൾ സ്ഥാപനങ്ങൾക്ക് ബാധകമാണ്. സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ സർക്കാർ വകുപ്പുകളിൽ നിന്ന് ഭിന്നമായതിനാൽ പ്രാദേശിക സർക്കാരുകൾക്ക് മാത്രമായി ഓഫീസ് നടപടിക്രമങ്ങൾക്ക് പ്രസക്തി വർദ്ധിച്ചിരിക്കുന്നു.

തപാലുകളും അപേക്ഷകളും മറ്റ് പേപ്പറുകളും രജിസ്റ്റർ ചെയ്ത് ഓഫീസിലെ വിവിധ സെക്ഷനുകളിലേക്ക് കൈമാറുന്നതോടൊപ്പമാണ് സാധാരണ ഓഫീസ് നടപടിക്രമം ആരംഭിക്കുന്നത്. പ്രാദേശിക സർക്കാരുകളിൽ ഇന്ന് ലഭിച്ചു കൊണ്ടിരിക്കുന്ന അപേക്ഷകളും തപാലുകളും രജിസ്റ്റർ ചെയ്യപ്പെടുന്നില്ല. മരാമത്ത് വേലകളുടേയും തുടർ പദ്ധതികളുടേയും ഫയലുകൾ വർഷങ്ങൾ കൈകാര്യം ചെയ്യുന്നത് യാതൊരു രജിസ്റ്ററിലും രേഖപ്പെടുത്താതെയാണ്. ഫയലുകൾ തുറക്കുന്നതിലും സൂക്ഷിക്കുന്നതിലും തീർപ്പാക്കുന്നതിലും ഇന്ന് മാനദണ്ഡമില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 1.5.4)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

1. എല്ലാ ഗ്രാമപഞ്ചായത്തുകളിലും അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി ആവശ്യമായ പരിശീലനം നൽകി കണക്കുകൾ ചിട്ടയായി സൂക്ഷിക്കുന്നതിന് ഉത്തരവായിട്ടുണ്ടെന്നും അവർക്ക് തുടർ പരിശീലനവും നല്കുന്നുണ്ടെന്നും പരാമർശത്തിലെ ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ രേഖാമൂലമുള്ള മറുപടിയും എല്ലാ ഗ്രാമപഞ്ചായത്തുകളിലും സാംഖ്യ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് ആരംഭിച്ചിട്ടുണ്ടെന്നും 2010-11 വരെയുള്ള അക്കൗണ്ടുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ റിപ്പോർട്ടും സമിതി അംഗീകരിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**2. ഓഡിറ്റ് പരാമർശിച്ച എല്ലാ ഗ്രാമപഞ്ചായത്തുകളിലും കണക്കുകൾ ചിട്ടയായി സൂക്ഷിക്കുന്നതിന് ഉത്തരവായിട്ടുണ്ടെന്നും പരാമർശത്തിലെ ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെയും എല്ലാ ഗ്രാമപഞ്ചായത്തുകളിലും സാംഖ്യ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ്**

**നടപ്പിലാക്കിയിട്ടുണ്ടെന്നും 2010-11 വരെയുള്ള അക്കൗണ്ടുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നുമുള്ള ഓഡിറ്റിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## മാടപ്പള്ളി ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം—ലാൻഡ് അക്വിസിഷനുവേണ്ടി 40.5 ലക്ഷം രൂപ സർക്കാരിൽ കെട്ടിവച്ചെങ്കിലും പ്രോജക്ട് നിർമ്മാണം അനിശ്ചിതമായി തുടരുന്നു.**

**(2002-03 ഓഡിറ്റ് റിപ്പോർട്ട്; ചെലവ് ഭാഗം 2, ഖണ്ഡിക 9)**

70 ലക്ഷം രൂപ അടങ്കൽ തുക അടങ്ങുന്ന മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി 40.5 ലക്ഷം രൂപ സർക്കാരിൽ അടവ് വരുത്തിയെങ്കിലും ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനാവശ്യമായ മിനി സിവിൽ സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രോജക്ട് നിർവ്വഹണം അനിശ്ചിതമായി നീളുന്നു.

20 ലക്ഷം രൂപ ഭൂമി വില കണക്കാക്കിയ പ്രോജക്ടിന് 40.5 ലക്ഷം രൂപ ഭൂമി വിലയിനത്തിൽ ഭൂമിക്ക് പൊന്നുവില നൽകുന്നതിന് സർക്കാരിൽ അടവ് വരുത്തിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിനുശേഷം 10,01,400 രൂപയുടെ വാർഷിക വരുമാനം വിഭാവനം ചെയ്ത പ്രോജക്ടിൽ നടപടികൾ ആരംഭിച്ച് 7 വർഷമായിട്ടും പ്രാരംഭഘട്ടമായ ഭൂമി വാങ്ങൽ പോലും പ്രാവർത്തികമായിട്ടില്ല.

പ്രസ്തുത പദ്ധതിക്കായി 40.50 ലക്ഷം രൂപ ഒടുക്കിയെങ്കിലും നാളിതുവരെ ഭൂവുടമകൾക്ക് വില നൽകുന്നതിനോ ഭൂമി ഏറ്റെടുത്ത് പഞ്ചായത്തിന്റെ പേരിൽ കൂട്ടുന്നതിനോ സാധിച്ചിട്ടില്ല. അക്വിസിഷൻ നടപടികൾക്കെതിരെ സ്ഥലമുടമകൾ നൽകിയ പെറ്റീഷനിൽ കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം സ്ഥലം ഒഴിപ്പിച്ചെടുക്കുന്നത് മാത്രമേ സ്റ്റേ ചെയ്തിട്ടുള്ളുവെന്നും നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി ഭൂവുടമകൾക്ക് ഭൂമിവില നൽകാവുന്നതാണെന്ന് വക്കീൽ വിശദീകരണം നൽകിയെങ്കിലും നാളിതുവരെ ഭൂമിവില നൽകുന്നതിന് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. വളരെയധികം വികസന സാധ്യതയുള്ള ജംഗ്ഷന് സമീപത്തുള്ള പ്രോജക്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന ഭൂമിക്ക് അനുദിനം വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭൂവുടമകൾ നിലവിലുള്ള വില ആവശ്യപ്പെട്ടാൽ നൽകുവാൻ പഞ്ചായത്ത് ബാധ്യസ്ഥമാണ്. ഇത് പഞ്ചായത്തിന് കൂടുതൽ സാമ്പത്തിക ബാധ്യതയുണ്ടാക്കും.

മേൽപ്പറഞ്ഞ 40.50 ലക്ഷം രൂപയ്ക്ക് പുറമെ വക്കീൽ ഫീസ് ഇനത്തിൽ 13,250 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, ചങ്ങനാശ്ശേരി സബ്ട്രഷറിയിൽ സെന്റേജ് ചാർജിനത്തിൽ 819 രൂപയും ഒടുക്കിയിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06; ഓഡിറ്റ് ഖണ്ഡിക 2.26.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

3. 2011-ൽ സ്ഥലം ലഭിച്ചിട്ടും മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം താമസിക്കാൻ കാരണമെന്തെന്ന് സമിതി ആരാഞ്ഞതിന് സ്ഥലം പോക്കുവരവ് ചെയ്തുകിട്ടാൻ കാലതാമസമെടുത്തതാണ് കാരണമെന്നും 2014-15-ലെ പ്രോജക്ടിൽ ഇത് ഉൾപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്നും പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. 2011-ൽ സ്ഥലം പോക്കുവരവ് ചെയ്ത് കിട്ടിയതായി നിരീക്ഷിച്ച സമിതി പണി ആരംഭിക്കാത്തതിന്മേൽ കൂടുതൽ വിശദീകരണം തേടി. പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി വളരെ മോശമായതുകൊണ്ടും മിനി സിവിൽ സ്റ്റേഷനോടൊപ്പമുള്ള ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് അഞ്ച് കോടി രൂപയെങ്കിലും വേണ്ടി വരുമെന്നുള്ളതുകൊണ്ടുമാണ് നിർമ്മാണപ്രവർത്തനങ്ങൾക്ക് കാലതാമസം നേരിട്ടതെന്നും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനുള്ള സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് സർക്കാരിൽ നിന്നോ ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ പണം കണ്ടെത്താനാണുദ്ദേശിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

4. പ്രോജക്ട് നടപ്പിലാക്കുന്നതിന് എന്താണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് പഞ്ചായത്ത് ഡയറക്ടറോട് സമിതി ആരാഞ്ഞതിന് തുക കണ്ടെത്തി 2014-15-ൽ പദ്ധതി നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്നും മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം വളരെ പ്രാധാന്യം അർഹിക്കുന്ന പദ്ധതി ആണെന്നും എല്ലാ ഓഫീസുകളും ഒരു കെട്ടിടത്തിൽത്തന്നെ കൊണ്ടുവരുന്നത് ജനങ്ങൾക്ക് ഗുണപ്രദമാണെന്നും തുക കണ്ടെത്താനുള്ള തുടർനടപടികൾക്ക് സർക്കാരിന്റെ അനുമതി തേടുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെട്ടു. 2014-15-ൽ പ്രോജക്ട് തയ്യാറാക്കണമെന്നേ പറയുന്നുള്ളൂവെന്നും അതിനുള്ള വരുമാനം കണ്ടെത്തിയിട്ടില്ലെന്നും ഇതു സംബന്ധിച്ച് പഞ്ചായത്ത് ഇപ്പോഴും ശൂന്യതയിലാണെന്നും നിരീക്ഷിച്ച സമിതി ഡയറക്ടർ പറയുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ സംശയം പ്രകടിപ്പിക്കുകയും ചെയ്തു. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ഉറപ്പുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അതിനുള്ള ശ്രമം നടത്തുന്നതാണെന്നും ഇതിനായി പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കുവാൻ കഴിയുമോ എന്ന് പരിശോധിച്ചും നടപടി സ്വീകരിക്കുന്നതാണെന്നും ഡയറക്ടർ മറുപടി നല്കി.

5. പദ്ധതി നടപ്പായാൽ നേട്ടമാണെന്നും ആയതിനാൽ എത്രയും വേഗം പദ്ധതി തയ്യാറാക്കി അടുത്തവർഷം തന്നെ പണി ആരംഭിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**6. എല്ലാ സർക്കാർ ഓഫീസുകളും ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മിനി സിവിൽ സ്റ്റേഷൻ പദ്ധതി ജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണെന്ന് സമിതി വിലയിരുത്തുന്നു. മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ 72.72 ആർ. ഭൂമി അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ച് പഞ്ചായത്തിന്റെ പേരിൽ ലഭിച്ചിട്ടുള്ളതായും സർക്കാരിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഇതിനാവശ്യമായ ഫണ്ട് കണ്ടെത്താനാണുദ്ദേശിക്കുന്നതെന്നും തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് ഡയറക്ടർ വ്യക്തമാക്കിയിരുന്നു. ഈ സാഹചര്യത്തിൽ, മിനി സിവിൽ സ്റ്റേഷനുള്ള പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**എസ്. ജി. ആർ. വൈ. പദ്ധതി നടത്തിപ്പിൽ അപാകതകൾ**

**[2002-03 ഓഡിറ്റ് റിപ്പോർട്ട് (ചെലവ്) ഖണ്ഡിക ഭാഗം 2, ഖണ്ഡിക 19]**

എസ്. ജി. ആർ. വൈ. പദ്ധതി നടത്തിപ്പിൽ 52,026 രൂപയുടെ നഷ്ടവും നഷ്ടം തിട്ടപ്പെടുത്താനാകാത്ത അപാകതകളും.

ഗ്രാമങ്ങളിൽ അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച എസ്. ജി. ആർ. വൈ. പദ്ധതി നടത്തിപ്പിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ മെറ്റീരിയൽ അനുപാതം രേഖപ്പെടുത്തിയിട്ടില്ല. നിയമപ്രകാരം രേഖപ്പെടുത്തേണ്ട കൂലി പണമായും ധാന്യമായും രേഖപ്പെടുത്തിയിട്ടില്ല. എത്ര തൊഴിലാളികൾ ജോലിക്ക് ആവശ്യമുണ്ടെന്നും അവർക്ക് കൂലിയിനത്തിൽ ലഭിക്കേണ്ട പണമെത്രയെന്നും എസ്റ്റിമേറ്റിൽ പ്രത്യേകം ചേർത്തിട്ടില്ല.

ഗുണഭോക്തൃ സമിതി ഹാജരാക്കിയ മസ്റ്റർ റോളിൽ യഥാർത്ഥത്തിൽ ആവശ്യമുള്ളതിലും കൂടുതൽ തൊഴിൽ ദിനങ്ങൾ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. തൊഴിലാളികൾക്ക് വേതനം പണമായി നൽകിയതായി

രേഖപ്പെടുത്തിയിരിക്കുന്നതിനാൽ വേതനം പണമായും ധാന്യമായും നൽകണമെന്ന എസ്. ജി. ആർ. വൈ. നിയമം ലംഘിച്ചിരിക്കുന്നു. പഞ്ചായത്ത് ധാന്യം സംഭരിച്ച് സ്റ്റോക്കിലെടുത്ത് വിതരണം നടത്തുന്നതിന് പകരം ധാന്യത്തിന്റെ അളവ് രേഖപ്പെടുത്തി ഇൻഡന്റ് ഗുണഭോക്തൃ സമിതി കൺവീനറെ ഏൽപ്പിക്കുകയാണ് ചെയ്തത്. തൊഴിലാളികൾക്ക് ധാന്യം നൽകിയ ശേഷം, കാലിചാക്കുകൾ ലേലം ചെയ്ത് എസ്. ജി. ആർ. വൈ. ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണെങ്കിലും കാലിചാക്കുകൾ ലേലം ചെയ്തു മുതൽക്കൂട്ടിയതായി കാണുന്നില്ല.

റോഡ് മണ്ണിട്ടുയർത്തുന്ന വേലകളാണ് പ്രധാനമായും നടപ്പിലാക്കിയിരിക്കുന്നത്. 10 എം³ മണ്ണ് നിരത്തുന്നതിനുള്ള വേല ഡേറ്റാ പ്രകാരം 0.90 പുരുഷനും 2.75 കുട്ടിയുടേതുമായതിനാൽ 3.65 ആണ് ആവശ്യമായ തൊഴിലിന്റെ എണ്ണം എന്ന് കണക്കാക്കി ആയതിന്റെ പ്രതിഫലം ഒരു മനുഷ്യാധ്വാന ദിനത്തിന് 10 കി. ഗ്രാം. ധാന്യം എന്ന കണക്കിൽ ധാന്യമായും ബാക്കി പണമായും നൽകേണ്ടതാണ്. 2002-03-ൽ നടപ്പാക്കിയ മരാമത്ത് പണികളിൽ കാണപ്പെട്ട അധിക ചെലവ് 52,026 രൂപയാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06; ഓഡിറ്റ് ഖണ്ഡിക 2.27.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

7. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതും എസ്. ജി. ആർ. വൈ. പദ്ധതി നടത്തിപ്പിൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞു. എസ്. ജി. ആർ. വൈ. പദ്ധതി പ്രകാരം വേല ചെയ്യുന്നതിന് പ്രതിഫലമായി തൊഴിലാളികൾക്ക് വേതനം പണമായും ധാന്യമായും നൽകിയതിൽ ചില അവസരങ്ങളിൽ ധാന്യമായി വേതനം നൽകിയത് അധികരിച്ചിട്ടുണ്ടെങ്കിലും പണമായി നൽകേണ്ട തുകയിൽ ആയത് കുറവ് ചെയ്തിട്ടുള്ളതിനാൽ ആകെയുള്ള മൂല്യത്തിൽ ഒരു രൂപ പോലും അധികരിച്ച് ചെലവാക്കിയിട്ടില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദമാക്കി. അരി വിതരണം ചെയ്തതിനുശേഷം കാലിച്ചാക്കുകൾ ലേലം ചെയ്ത് മുതൽക്കൂട്ടാത്തത് സംബന്ധിച്ച ചോദ്യത്തിന് പഞ്ചായത്ത്, റേഷൻ മൊത്തവ്യാപാരിക്ക് ഇന്റന്റ് നൽകിയാണ് ധാന്യവിതരണം നടത്തിയതെന്നും അതിനാൽ അരിച്ചാക്കുകൾ പഞ്ചായത്ത് നേരിട്ട് ഗോഡൗണുകളിൽ നിന്നെടുത്തിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു. അരി പഞ്ചായത്താണ് വിതരണം ചെയ്യേണ്ടതെന്നും ആയതിനാൽ ചാക്കോടെയാണ് അരി വാങ്ങേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ ടൺ കണക്കിന് അരി സൂക്ഷിക്കാനുള്ള സൗകര്യമില്ലാത്തതിനാൽ റേഷൻ മൊത്ത വ്യാപാരികൾക്ക് ഇൻഡന്റ് നല്കാൻ

ജില്ലാ കളക്ടർ നിർദ്ദേശം നല്കിയിരുന്നുവെന്നും അതനുസരിച്ച് അവരാണ് അരി വിതരണം ചെയ്തതെന്നും സെക്രട്ടറി വ്യക്തമാക്കി.

8. എസ്. ജി. ആർ. വൈ. പദ്ധതി പ്രകാരം റേഷൻകടകൾ വഴി ധാന്യവിതരണം നടത്താറുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്തിൽ നിന്ന് റേഷൻ കടകൾക്ക് ഇൻഡന്റ് കൊടുത്ത് ധാന്യവിതരണം നടത്താൻ ഇടക്കാലത്ത് ക്രമീകരണം ചെയ്തിരുന്നുവെന്നും അരി സൂക്ഷിക്കുന്നതിനുള്ള അസൗകര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതനുസരിച്ച് മൊത്തവ്യാപാരി വഴി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് ധാന്യം ശേഖരിച്ച് ചില്ലറ വ്യാപാരികൾ വഴി പഞ്ചായത്ത് ഇൻഡന്റ് കൊടുക്കുന്നതിനനുസരിച്ച് വിതരണം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തുകയായിരുന്നുവെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി. അപ്രകാരം സംവിധാനം ഏർപ്പെടുത്തിയാലും കാലിച്ചാക്കുകൾ റേഷൻ കടകൾക്കവകാശപ്പെട്ടതല്ലെന്നും ആയത് തിരിച്ചെടുക്കേണ്ടതായിരുന്നുവെന്നുമുള്ള സമിതിയുടെ അഭിപ്രായത്തോട് ഡെപ്യൂട്ടി ഡയറക്ടർ യോജിച്ചു. പദ്ധതി പ്രകാരമുള്ള അരി, പഞ്ചായത്ത് ഏറ്റെടുത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് പകരം റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ അനുമതി നല്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവുണ്ടോയെന്ന കാര്യത്തിൽ സമിതി സംശയം പ്രകടിപ്പിച്ചു. അത്തരമൊരു ഉത്തരവ് ഉണ്ടെങ്കിൽ അത് തെറ്റാണെന്നും ആയത് റദ്ദ് ചെയ്യണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത്തരമൊരുത്തരവ് നിലവിലുണ്ടായിരുന്നുവെന്നും 2006-07-ൽ അതിന്റെ കാലാവധി തീർന്നെന്നും 2007-08 മുതൽ എം. ജി. എൻ. ആർ. ഇ. ജി. എസ്.-ന് തുടക്കം കുറിച്ചെന്നും കോട്ടയം ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദീകരിച്ചു.

9. ഇത്തരമൊരുത്തരവ് ദുരുദ്ദേശ്യത്തോടെ ഉണ്ടാക്കിയതാണെന്നും അത് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. നാളിതുവരെയില്ലാത്ത ഒരു ഉത്തരവ് ഉണ്ടാക്കി പഞ്ചായത്ത് മസ്റ്റർ റോൾ പോലും പരിശോധിക്കാതെ റേഷൻ കടക്കാർ നേരിട്ട് സ്കീം നടപ്പിലാക്കിയിരിക്കുകയാണെന്നും ഉത്തരവ് നിയമവിരുദ്ധമാണെന്നും സമിതി അഭിപ്രായപ്പെട്ടതിന് മസ്റ്റർ റോൾ പ്രകാരം തൊഴിലാളികൾക്ക് കൊടുക്കേണ്ട അരിയുടെ ഇൻഡന്റ് പഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ട് ഗുണഭോക്തൃ സമിതി കൺവീനർ മുഖേന റേഷൻ കടകൾക്ക് കൊടുക്കുകയാണ് ചെയ്യുന്നതെന്നും സംഭരിക്കുന്ന പ്രക്രിയ മാത്രമേ അവിടെ നടക്കുന്നുള്ളുവെന്നും ഇൻഡന്റ് പ്രകാരം തന്നെയാണ് അരി വിതരണം ചെയ്യുന്നതെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

10. മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന ഓഡിറ്റിന്റെ കണ്ടെത്തലിനെപ്പറ്റി സമിതി ആരാഞ്ഞതിന് മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പിട്ടിട്ടുണ്ടെന്നും ആകെ മൂല്യത്തിനാണ് ഒപ്പിട്ടിരിക്കുന്നതെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

11. കാലിച്ചാക്കുകളുടെ വില വാങ്ങാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്ന് വിലയിരുത്തിയ സമിതി, എസ്. ജി. ആർ. വൈ. പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ധാന്യം വിതരണം ചെയ്തിട്ട് കാലിച്ചാക്കുകൾ ലേലം ചെയ്ത് പദ്ധതി ഫണ്ടിലേക്ക് മുതൽ കൂട്ടാത്തതിനുള്ള കാരണവും എസ്. ജി. ആർ. വൈ. പദ്ധതി പ്രകാരം തൊഴിലാളികൾക്ക് റേഷൻകടകൾ വഴി ധാന്യം വിതരണം ചെയ്യാൻ അനുമതി നല്കിക്കൊണ്ട് പുറപ്പെടുവിച്ചതായി സൂചിപ്പിക്കപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പും ഇവ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണവും അടിയന്തരമായി സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ആയവ സമർപ്പിക്കാമെന്ന് പഞ്ചായത്ത് ഡയറക്ടർ ഉറപ്പ് നല്കുകയും ചെയ്തു.

12. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

"എസ്. ജി. ആർ. വൈ. പദ്ധതി പ്രകാരം ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് പ്രവൃത്തി ചെയ്തതിന് തൊഴിലാളികൾക്ക് നൽകിയ ധാന്യവിഹിതം വിതരണം നടത്തിയ ശേഷം കൺവീനർമാർ കാലിച്ചാക്ക് തിരികെ ഏൽപ്പിച്ചിട്ടില്ലാത്തതിനാൽ 75 കിലോഗ്രാം വീതം തൂക്കം ഉൾക്കൊള്ളുന്ന 198 ചാക്കിന് ചാക്കൊന്നിന് 5 രൂപ പ്രകാരം 990 രൂപ ചാക്കിന്റെ വിലയിനത്തിൽ കൺവീനർമാരിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു.

30-11-2001-ൽ 297/2001/തസ്വഭവ. നമ്പരായി ഗ്രാമവികസന വകുപ്പാണ് ടി ഉത്തരവ് ഇറക്കിയിട്ടുള്ളത്. ഗ്രാമവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. റാം സിംഗാണ് ടി ഉത്തരവിൽ ഒപ്പ് വച്ചിട്ടുള്ളത്. അദ്ദേഹം ഇപ്പോൾ ടി തസ്തികയിൽ തുടരുന്നില്ല എന്നുള്ള വിവരവും ബോധിപ്പിച്ചുകൊള്ളുന്നു."

13. ആയതിന് ഓഡിറ്റ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാകുറിപ്പ് ഇപ്രകാരമാണ്.

"ധാന്യങ്ങളുടെ കാലിച്ചാക്കിന്റെ വില 990 രൂപ (198 @ 5 രൂപ) ഈടാക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് വേതനത്തിന്റെ ഭാഗമായി നൽകുന്ന ഭക്ഷ്യധാന്യം റേഷൻകടകൾ വഴി വിതരണം ചെയ്യാൻ അനുവദിച്ച സർക്കാർ ഉത്തരവിന്റെ [ജി. ഒ. (എംഎസ്.) നമ്പർ 297/2001/ത.സ്വ.ഭ.വ. തീയതി 30-11-2001] പകർപ്പും വിശദീകരണവും ഹാജരാക്കിയിട്ടുണ്ട്. മറുപടികൾ തൃപ്തികരമായതിനാൽ പരാമർശം ഒഴിവാക്കുന്നതിന് അനുകൂല ശിപാർശ നൽകാവുന്നതാണ്."

## നിഗമനങ്ങൾ/ശിപാർശകൾ

**14. വൻ തോതിലുള്ള ഭക്ഷ്യധാന്യം ഏറ്റെടുത്ത് സൂക്ഷിക്കുന്നതിനും തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുമുള്ള പഞ്ചായത്തുകളുടെ അസൗകര്യം ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്നാണ് റേഷൻകടകൾ വഴി**

**ഇൻഡന്റ് പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വകുപ്പ് ലഭ്യമാക്കിയിട്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പിൽ നിന്നും സമിതി മനസ്സിലാക്കുന്നു. തൊഴിലാളികൾക്ക് ഭക്ഷ്യധാന്യം വിതരണം നടത്തിയ ശേഷം കൺവീനർമാർ കാലിച്ചാക്ക് തിരികെ ഏൽപ്പിച്ചിട്ടില്ലാത്തതിനാൽ, 75 കി. ഗ്രാം. വീതം തൂക്കം ഉൾക്കൊള്ളുന്ന 198 ചാക്കുകൾക്ക്, ചാക്കൊന്നിന് 5 രൂപ പ്രകാരം 990 രൂപ ചാക്കിന്റെ വിലയിനത്തിൽ കൺവീനർമാരിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

15. **തൊഴിലാളികൾക്ക് വിതരണം ചെയ്ത ഭക്ഷ്യധാന്യവും പണമായി നൽകിയ വേതനവും ബിൽ തുകയെക്കാൾ അധികരിച്ചിട്ടില്ലെന്നും ഭക്ഷ്യധാന്യം കേടായിപ്പോകാതിരിക്കുക എന്ന സദുദ്ദേശത്തോടെ ചെയ്തതാണെന്നും അധികമായി നൽകിയ ധാന്യത്തിന്റെ മൂല്യം പണത്തിൽ കുറച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്തിന്റെ വാദം പരിശോധിക്കുവാനും ആയത് ശരിയാണെങ്കിൽ അധിക തുക നല്കിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശം നീക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. അല്ലാത്തപക്ഷം പ്രസ്തുത ഇനത്തിൽ അധികരിച്ച് നൽകിയ തുകയും ഗുണഭോക്തൃ സമിതി ഹാജരാക്കിയ മസ്റ്റർ റോളിലെ യഥാർത്ഥത്തിൽ ആവശ്യമുള്ളതിലും കൂടുതൽ തൊഴിൽദിനങ്ങൾ ഉപയോഗിച്ചതായി കാണപ്പെട്ടതിന് നല്കിയ അധിക തുകയും നിർണ്ണയിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വസ്ത്രനിർമ്മാണ യൂണിറ്റ് —അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല**

**[ഓഡിറ്റ് റിപ്പോർട്ട് വർഷം 2000-01; ഖണ്ഡിക നമ്പർ 3(9)]**

വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത പദ്ധതിക്ക് കോട്ടയം ഡി. ആർ. ഡി. എ.-യിൽ നിന്നും അനുവദിക്കപ്പെട്ട 10 ലക്ഷം രൂപയിൽ 50,000 രൂപ നിർമ്മിതി കേന്ദ്രത്തിന് മുൻകൂറായി നൽകുകയുണ്ടായി. ബാക്കി 9,50,000 രൂപ ആദ്യം കാനറാ ബാങ്കിന്റെ തലയോലപ്പറമ്പ് ശാഖയിലും പിന്നീട് ടി അക്കൗണ്ട് ക്ലോസ് ചെയ്ത് പലിശ സഹിതമുള്ള 10,97,191 രൂപ നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ ശാഖയിലും നിക്ഷേപിച്ചിരുന്നു. 10-7-2007-ൽ ടി അക്കൗണ്ടിൽ 12,53,200 രൂപ നീക്കിയിരിപ്പുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, തലയോലപ്പറമ്പ് നിർമ്മിതി കേന്ദ്രം റീജിയണൽ എഞ്ചിനീയർ എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ടിൽ പണം നിക്ഷേപിക്കണമെന്ന ഡി. ആർ. ഡി. എ. പ്രോജക്ട്

ഓഫീസറുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സെക്രട്ടറിയുടെ പേരിലാണ് ടി നിക്ഷേപങ്ങൾ നടത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കമ്മിറ്റി തീരുമാനിച്ചെങ്കിലും ഏഴ് വർഷത്തിനുശേഷവും നാളിതുവരെയായി പദ്ധതി നടപ്പാക്കി ലക്ഷ്യം കൈവരിക്കുകയോ നിർമ്മിതി കേന്ദ്രത്തിന് മുൻകൂർ നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2007-08, ഓഡിറ്റ് ഖണ്ഡിക 3.32.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

16. ഗ്രാമപഞ്ചായത്തിൽ വസ്ത്രനിർമ്മാണ യൂണിറ്റ് തുടങ്ങാൻ അനുവദിച്ച കേന്ദ്ര ധനസഹായമായ പത്തുലക്ഷം രൂപ വിനിയോഗിക്കാതെ നിക്ഷേപമായി തുടരുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വസ്ത്രനിർമ്മാണ യൂണിറ്റിനായി ആദ്യം കണ്ടെത്തിയ സ്ഥലം ചതുപ്പ് നിലമായിരുന്നുവെന്നും നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രം എസ്കവേഷൻ പണി തുടങ്ങിയപ്പോഴാണ് മണ്ണിനടിയിൽ തടി നിക്ഷേപമുണ്ടായിരുന്നുവെന്ന് കണ്ടെത്തിയതെന്നും അതിനാലാണ് അവിടെ കെട്ടിടനിർമ്മാണം നടത്താൻ കഴിയാതിരുന്നതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി. നിർമ്മിതികേന്ദ്രത്തിന് മുൻകൂർ നൽകിയ 50,000 രൂപയ്ക്ക് എന്തുപ്രവൃത്തിയാണ് ചെയ്തതെന്ന ചോദ്യത്തിന് എർത്ത് വർക്കാണ് അവർ ചെയ്തതെന്നും 75,000 രൂപയുള്ള വർക്ക് അവർ നടത്തിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് വസ്ത്രനിർമ്മാണ യൂണിറ്റിനായി തീരുമാനിച്ച സ്ഥലത്തെ തടി നിക്ഷേപം എന്തു ചെയ്തുവെന്ന ചോദ്യത്തിന് തടി നിക്ഷേപം കണ്ടെത്തിയ വിവരം റവന്യൂ, പോലീസ് എന്നീ വകുപ്പുകളെ അറിയിച്ചിട്ടുണ്ടെന്നും പിടിച്ചെടുക്കുന്ന വാഹനങ്ങൾ ആ സ്ഥലത്ത് നിരത്തിയിട്ട് പോലീസ് പ്രസ്തുത സ്ഥലം കൈവശം വച്ചിരിക്കുകയാണെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പഞ്ചായത്തിന്റെ പ്രസ്തുത സ്ഥലത്ത് പോലീസ് നിൽക്കേണ്ട ആവശ്യമില്ലെന്നും തടി നിക്ഷേപം പഞ്ചായത്തിന് അവകാശപ്പെട്ടതാണെന്നും അക്കാര്യം വകുപ്പ് ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. നിർമ്മിതികേന്ദ്രം കൈപ്പറ്റിയ 50,000 രൂപയ്ക്ക് വിനിയോഗ സാക്ഷ്യപത്രം നിർമ്മിതികേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും ഇപ്പോൾ വേറൊരു സ്ഥലം കണ്ടെത്തി നിർമ്മിതികേന്ദ്രത്തിന് നിക്ഷേപ വേലയായി നൽകി, കരാർവച്ച് 2,40,000 രൂപ മുൻകൂർ നൽകിയിട്ടുണ്ടെന്നും ഉടൻ തന്നെ പ്രവൃത്തി തുടങ്ങുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

17. വസ്ത്രനിർമ്മാണ യൂണിറ്റിനുള്ള കെട്ടിടനിർമ്മാണത്തിന് പുതിയ സ്ഥലം കണ്ടെത്തി പദ്ധതിക്കായി 12 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി 2002-03-ൽ തയ്യാറാക്കിയ 10 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് 2014-ൽ 12 ലക്ഷം രൂപ വകയിരുത്തിയാൽ പദ്ധതി എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയുമെന്നാരാഞ്ഞതിന് വ്യക്തമായ ഉത്തരം നൽകുവാൻ ഹാജരായ ഉദ്യോഗസ്ഥർക്കായില്ല.

18. പദ്ധതിക്കായി അനുവദിച്ച തുക പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, എഞ്ചിനീയർ എന്നിവരുടെ സംയുക്ത അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുപകരം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ മാത്രം നിക്ഷേപിച്ചതിനുള്ള കാരണം സമിതി ആരാഞ്ഞു. പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പണം നിക്ഷേപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും അങ്ങനെ ചെയ്യാൻ പാടില്ലാത്തതാണെന്നും പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയപ്പോൾ അക്കാര്യം ഡയറക്ടർ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

19. തുടർന്ന് താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെട്ടു:

(1) പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, എഞ്ചിനീയർ എന്നിവരുടെ പേരിൽ പണം നിക്ഷേപിക്കണമെന്ന ചട്ടം നിലനിൽക്കെ ഗ്രാമപഞ്ചായത്തിന്റെ വസ്ത്രനിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ അനുവദിച്ച ധനസഹായമായ 10 ലക്ഷം രൂപ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ മാത്രം നിക്ഷേപമാക്കിയെന്ന ഓഡിറ്റ് പരാമർശത്തിന്റെ നിജസ്ഥിതി പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുക.

(2) വസ്ത്രനിർമ്മാണ യൂണിറ്റിന് കെട്ടിടം നിർമ്മിക്കുവാൻ തെരഞ്ഞെടുത്ത സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ മണ്ണിനടിയിൽ നിക്ഷേപമായികണ്ട തടി പഞ്ചായത്തിന് അവകാശപ്പെട്ടതാണെന്നും അവ പോലീസിന്റെ അധീനതയിലാക്കേണ്ട തില്ലാത്തതിനാൽ ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുക.

(3) (1) വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന പദ്ധതി ഇനി പ്രായോഗികമാണോ യെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുക;

(2) പ്രായോഗികമാണെങ്കിൽ 2002-03-ൽ 10 ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ച പ്രസ്തുത പദ്ധതിയുടെ 2014-ലെ അടങ്കൽ തുക 12 ലക്ഷം രൂപയായി നിശ്ചയിച്ചാൽ പദ്ധതി പൂർത്തീകരിക്കുന്നതെങ്ങനെയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുക.

(4) വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കുവാൻ ഏതു പദ്ധതിയിലുൾപ്പെടുത്തിയാണ് കേന്ദ്രസർക്കാർ തുക അനുവദിച്ചതെന്നും ഈ തുകയുടെ വിനിയോഗം എങ്ങനെയെന്നതും സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുക.

20. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു.

"1. വസ്ത്രനിർമ്മാണ യൂണിറ്റിന് അനുവദിച്ച തുക പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ മാത്രം നിക്ഷേപിച്ചിരുന്നത് പഞ്ചായത്ത് കമ്മിറ്റിയുടെ 17-1-2014-ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് പ്രസിഡന്റിന്റെയുംകൂടെ പേരിലുള്ള സംയുക്ത അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളതാണ്. നിർമ്മിതികേന്ദ്രത്തിന്റെ പ്രാദേശിക ഓഫീസ് നിർത്തലാക്കിയതിനാൽ നിർമ്മിതിയുടെ എ.ഇ.യെ സംയുക്ത അക്കൗണ്ടിൽ ഉൾപ്പെടുത്താൻ കഴിയില്ല എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

2. വസ്ത്രനിർമ്മാണ യൂണിറ്റിന് കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിച്ച സ്ഥലം പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതാണ്. മണ്ണിനടിയിൽ നിക്ഷേപമായി കണ്ട തടിക്ക് മറ്റ് വകുപ്പുകൾ ഒന്നുംതന്നെ അവകാശവാദം ഉന്നയിച്ചിട്ടില്ല. എന്നാൽ ടി സ്ഥലത്ത് പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ സൂക്ഷിച്ചിരിക്കുന്നതിനാൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

3. വസ്ത്രനിർമ്മാണ യൂണിറ്റ് പദ്ധതിക്കായി 2002-03-ൽ 10 ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ചിരുന്നു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം കുറവുചെയ്തിട്ടുണ്ടെങ്കിലും യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വലിപ്പമുള്ള ഹാൾ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓഫീസ് മുറി, വരാന്ത, ടോയ്‌ലെറ്റ് എന്നിവയും 65.15 ചതുരശ്ര മീറ്റർ കെട്ടിടത്തിലുണ്ട്. നാല് തയ്യൽ മെഷീനുകൾ, എംബ്രോയിഡറി, ലോക്കിംഗ് മെഷീനുകൾ, കട്ടിംഗ് ടേബിൾ എന്നിവ സ്ഥാപിക്കുന്നതിനായി ടി ഹാളിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ടി കെട്ടിടത്തിന്റെ നിർമ്മാണം 90% പണി പൂർത്തീകരിച്ചിട്ടുണ്ട് എന്നുള്ള വിവരം ബോധിപ്പിക്കുന്നു.

4. വസ്ത്രനിർമ്മാണ യൂണിറ്റിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ DWCRA-യിൽ ഉൾപ്പെടുത്തിയാണ് തുക നൽകിയിരിക്കുന്നത് എന്നാണ് കോട്ടയം ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിൽ നിന്നും അറിയുവാൻ കഴിഞ്ഞിട്ടുള്ളത്.

നിലവിൽ വസ്ത്രനിർമ്മാണ യൂണിറ്റിന് അനുവദിച്ച തുക നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് (കേരള ഗ്രാമീൺ ബാങ്ക്)-ന്റെ തലയോലപ്പറമ്പ് ശാഖയിൽ 866 അക്കൗണ്ട് നമ്പരായി സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 17-1-2014-ലെ 3-ാം നമ്പർ തീരുമാനപ്രകാരം നിക്ഷേപിച്ചിട്ടുള്ളതാണ്.

തലയോലപ്പറമ്പ് പഞ്ചായത്തിന് അനുവദിച്ചിരുന്ന ധനസഹായം പ്രസിഡന്റ്, സെക്രട്ടറി, തലയോലപ്പറമ്പിൽ പ്രവർത്തിച്ചിരുന്ന നിർമ്മിതി കേന്ദ്രത്തിന്റെ ചുമതലയുണ്ടായിരുന്ന റീജിയണൽ എഞ്ചിനീയർ എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. തലയോലപ്പറമ്പിലുള്ള നിർമ്മിതി കേന്ദ്രത്തിന്റെ പ്രാദേശിക ഓഫീസ് നിർത്തലാക്കിയതിനെ തുടർന്നാണ് ടി ഫണ്ട് സെക്രട്ടറിയുടെമാത്രം പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നത്.

പഞ്ചായത്ത് വസ്ത്രനിർമ്മാണ യൂണിറ്റിനായി പണിതിട്ടുള്ള കെട്ടിടം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വടയാർ വില്ലേജ് 303/11 സർവ്വേ നമ്പരിൽപ്പെട്ട 7 സെന്റ് 950 ലിങ്ക്സ് വിസ്തീർണ്ണമുള്ള സ്ഥലമാണെന്നും ടി സ്ഥലത്ത് തടി നിക്ഷേപമൊന്നും കണ്ടെത്തിയിട്ടുള്ളതുമല്ല. പഞ്ചായത്ത് ആദ്യം നിശ്ചയിച്ചിരുന്ന സ്ഥലത്താണ് തടി നിക്ഷേപം കണ്ടെത്തിയിട്ടുള്ളത്. ടി സ്ഥലത്ത് പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ സൂക്ഷിച്ചിരിക്കുന്നു. വാഹനങ്ങൾ മാറ്റുന്നതിനായി പോലീസ് അധികാരികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി 2012-13 വാർഷിക പദ്ധതിയിൽപ്പെടുത്തി വനിതാ വസ്ത്രനിർമ്മാണ യൂണിറ്റ് കെട്ടിടനിർമ്മാണം എന്ന പേരിൽ പ്രോജക്ട് നമ്പർ 43/14 നമ്പരായി 12 ലക്ഷം രൂപ അടങ്കൽ തുകയായി പദ്ധതി നടപ്പാക്കി. 2013-14 സാമ്പത്തിക വർഷത്തിൽ 7,20,000 രൂപയും 2014 ഏപ്രിൽ മാസത്തിൽ 4,80,000 രൂപയും ഉൾപ്പെടെ 12,00,000 രൂപയും ചെലവഴിച്ചിട്ടുള്ളതുമാണ്. ടി അക്കൗണ്ടിൽ പലിശയിനത്തിൽ നിലനിൽക്കുന്ന 3,74,996 രൂപ ഉപയോഗിച്ച് പ്രോജക്ട് ഭേദഗതി ചെയ്യുന്ന വേളയിൽ യൂണിറ്റ് നടത്തിപ്പിലേക്ക് പ്രോജക്ട് തയ്യാറാക്കുന്നതിന് പഞ്ചായത്ത് ആലോചിച്ചുവരുന്നു.

തൊഴിൽരഹിതരായ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വനിതകളുടെ ഗ്രൂപ്പ് സംരംഭം എന്ന നിലയിൽ തയ്യൽ മെഷീനുകൾ സ്ഥാപിച്ച് റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം എന്നുള്ള വിവരവും ബോധിപ്പിച്ചുകൊള്ളുന്നു".

ആയതിന് ഓഡിറ്റ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ് താഴെ ചേർക്കുന്നു:

21."ഇതു സംബന്ധിച്ച് സെക്രട്ടറി 8-7-2015-ൽ എ.8-2988/14 നമ്പർ കത്ത് പ്രകാരം വിശദീകരണം സമർപ്പിച്ചിരുന്നു. അതുകൂടി പരിഗണിച്ച് തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

(1) സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന, വസ്ത്രനിർമ്മാണ യൂണിറ്റിന് അനുവദിച്ച പണം പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള സംയുക്ത

അക്കൗണ്ടിലേക്ക് (കേരള ഗ്രാമീൺ ബാങ്ക്, തലയോലപ്പറമ്പ് ശാഖയിലെ 866-ാം നമ്പർ അക്കൗണ്ട്) മാറ്റിയതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

(2) വസ്ത്രനിർമ്മാണ യൂണിറ്റ് നിർമ്മിക്കുവാൻ തെരഞ്ഞെടുത്ത സ്ഥലം, അതിൽ കണ്ടെത്തിയ തടി എന്നിവയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കങ്ങളൊന്നുമില്ല. എന്നാൽ പ്രസ്തുത സ്ഥലത്ത് നിലവിൽ പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ സൂക്ഷിച്ചിരിക്കുന്നതിനാൽ വീണ്ടെടുത്ത് ലേലം നടത്താൻ കഴിഞ്ഞിട്ടില്ല.

(3) (1) (2) 12 ലക്ഷം രൂപ വിനിയോഗിച്ച് വസ്ത്രനിർമ്മാണ യൂണിറ്റിനുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് 29-6-2015-ൽ ഉദ്ഘാടനം നടത്തി. എന്നിരുന്നാലും അവസാനഘട്ടപണികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്. കുടുംബശ്രീ ജില്ലാമിഷനുമായി ചേർന്ന് തയ്യൽ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ചർച്ചകൾ പുരോഗമിക്കുന്നതായി അധികൃതർ അറിയിച്ചിട്ടുണ്ട്. തയ്യൽ യൂണിറ്റ് തുടങ്ങാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചതിനാൽ പ്രോജക്ടുകൾ പ്രായോഗികമാവുമെന്ന് കരുതാവുന്നതാണ്.

(4) വസ്ത്രനിർമ്മാണ യൂണിറ്റ് നിർമ്മിക്കുന്നതിന് അനുവദിച്ച 12 ലക്ഷം രൂപയുടെ സ്രോതസ് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി. ഡബ്ല്യൂ. സി. ആർ. എ.-ൽ ഉൾപ്പെടുത്തി ലഭിച്ച ദാരിദ്ര്യ ലഘൂകരണ വിഭാഗം കോട്ടയം ഘടകത്തിൽനിന്ന് അറിയുവാൻ കഴിഞ്ഞുവെന്നാണ് അധികൃതർ വിശദീകരിച്ചിട്ടുള്ളത്. പ്രസ്തുത തുക പ്രാരംഭവേളയിൽ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നതെങ്കിലും പിന്നീട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെകൂടി പേരിലുള്ള സംയുക്ത അക്കൗണ്ടിലാണ് സൂക്ഷിച്ചത്. തുടർന്ന് 2012-13, 2013-14 വാർഷിക പദ്ധതികളിൽപ്പെടുത്തി യഥാക്രമം 7,20,000 രൂപയും 4,80,000 രൂപയും ഉൾപ്പെടെ 12 ലക്ഷം രൂപ വിനിയോഗിച്ച് കെട്ടിടനിർമ്മാണം പൂർത്തിയാക്കി. അവസാനഘട്ട പണികൾ ശേഷിക്കുന്നു. ടി അക്കൗണ്ടിൽ ശേഷിക്കുന്ന പലിശ 3,74,996 രൂപ വിനിയോഗിച്ച് തുടർപ്രവർത്തനങ്ങൾ (റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ്) ആരംഭിക്കുവാൻ ആലോചനകൾ നടക്കുന്നതായി അധികൃതർ അറിയിച്ചു. പ്രോജക്ട് കർമ്മപഥത്തിലെത്തിയ വിവരം അറിയിക്കുന്നമുറയ്ക്ക് പരാമർശം ഒഴിവാക്കാവുന്നതാണ്".

**നിഗമനങ്ങൾ/ശിപാർശകൾ**

22. **വനിതാ വസ്ത്രനിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനായി അനുവദിച്ച തുക പഞ്ചായത്ത് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും റീജിയണൽ എഞ്ചിനീയറുടേയും സംയുക്ത അക്കൗണ്ടിലായിരുന്നു നിക്ഷേപിച്ചിരുന്നതെന്നും പഞ്ചായത്തിലുള്ള നിർമ്മിതികേന്ദ്രത്തിന്റെ ഓഫീസ് നിർത്തലാക്കിയതിനെത്തുടർന്നാണ് ടി തുക**

സെക്രട്ടറിയുടെ മാത്രം അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നതെന്നും നിലവിൽ പ്രസ്തുത തുക പഞ്ചായത്ത് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും പേരിലുള്ള സംയുക്ത അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്നും നിർമ്മിതികേന്ദ്രത്തിന്റെ പ്രാദേശിക ഓഫീസ് നിർത്തലാക്കിയതിനാൽ എ.ഇ.യെ സംയുക്ത അക്കൗണ്ടിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല എന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിപ്രകാരമുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

23. വസ്ത്രനിർമ്മാണ യൂണിറ്റിന് കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്ന സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തന്നെയുള്ളതാണെന്നും എങ്കിലും ടി സ്ഥലത്ത് പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ സൂക്ഷിച്ചിരിക്കുകയാണെന്നും സർക്കാർ റിപ്പോർട്ടിൽ അറിയിച്ചിരിക്കുന്നു. പോലീസ് പ്രസ്തുത സ്ഥലം അനധികൃതമായി കൈവശം വച്ചിരിക്കുകയാണെന്ന് സമിതി കരുതുന്നു. പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ പ്രസ്തുത സ്ഥലത്തുനിന്നും മാറ്റുന്നതിനും ടി ഭൂമി പഞ്ചായത്തിന് വിട്ടുനൽകുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിന് ആഭ്യന്തര വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

24. പ്രസ്തുത സ്ഥലത്ത് കണ്ടെത്തിയിട്ടുള്ള തടിനിക്ഷേപം ലേലംചെയ്ത് പഞ്ചായത്ത് ഫണ്ടിൽ വരവുവെയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. വസ്ത്രനിർമ്മാണ യൂണിറ്റിന്റെ കെട്ടിടനിർമ്മാണത്തിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം കുറവുചെയ്തിട്ടുണ്ടെങ്കിലും യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വലിപ്പമുള്ള ഹാൾ, മറ്റ് സൗകര്യങ്ങൾ എന്നിവ 65.15 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള പ്രസ്തുത കെട്ടിടത്തിലുണ്ടെന്നും നാല് തയ്യൽ മെഷീനുകൾ, എംബ്രോയിഡറി, ലോക്കിംഗ് മെഷീനുകൾ, കട്ടിംഗ് ടേബിൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് ടി ഹാളിൽ സൗകര്യം ഉണ്ടെന്നും കെട്ടിടത്തിന്റെ നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ എത്രയുംവേഗം കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

# മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ അനധികൃതമായി കൈമാറ്റം നടത്തി (2002-03 ഓഡിറ്റ് റിപ്പോർട്ട് ; ചെലവ് ഖണ്ഡിക 2-4)**

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ അനധികൃതമായി കൈമാറ്റം ചെയ്യപ്പെടുകയും നിയമാനുസൃതം കുത്തകക്കാരല്ലാത്ത വ്യക്തികളിൽ നിന്നും വാടക ഈടാക്കിയിട്ടുള്ളതായും രസീത് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

| കടമുറിയുടെ നമ്പർ | വാടക തുക | വാടകയിനത്തിൽ തുക അടച്ച വ്യക്തിയുടെ പേര് | കരാർ/ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വാടകക്കാരന്റെ പേര് |
|---|---|---|---|
| 2(2) | 6,116 | കെ. പി. എം. അഷ്കർ | സി. ജി. സജീവ് |
| 2(3) | 4,360 | സി. കെ. ജലീൽ | കെ. വി. മോഹനൻ |
| 2(4) | 6,116 | സി.ജി. സജീവ് | ജോയി പോത്തൻ |
| 2(21) | 5,418 | ഷീബാ രാജു | ജഗതി രാജൻ നായർ |
| മിനി സ്റ്റാൾ 7&8 | 156 | സി. എച്ച്. അബ്ദുൾ സലാം | പി. എം. മുഹമ്മദ് ഹുസൈൻ |
| മിനി സ്റ്റാൾ 7&8 | 156 | സി. എച്ച്. അബ്ദുൾ സലാം | പി. എം. മുഹമ്മദ് ഹുസൈൻ |

ഡിമാന്റ് രജിസ്റ്റർ പ്രകാരം നിയമാനുസൃത കുത്തകക്കാരിൽ നിന്നും ഈടാക്കുന്നതിന് പകരം അന്യവ്യക്തികളിൽനിന്ന് വാടക ഈടാക്കിയ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകളിൽ തിരുത്തലുകളോ കൂട്ടിച്ചേർക്കലോ ഇല്ലാത്ത സാഹചര്യത്തിൽ കുത്തകക്കാരല്ലാത്ത വ്യക്തികളിൽ നിന്നും വാടക ഈടാക്കിയത് ക്ലറിക്കൽ പിഴവാണെന്ന വിശദീകരണം തൃപ്തികരമല്ല. സെക്രട്ടറിയുടെ അറിവോ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമോ ഇല്ലാതെ നടത്തിയ ക്രമക്കേട് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കാം എന്ന് പറയുന്നത്

യുക്തിരഹിതമാണ്. സ്വന്തംപേരിൽ രസീത് ലഭിക്കാതിരുന്നിട്ടും യഥാർത്ഥ കുത്തകക്കാരൻ പരാതികളൊന്നും ഉന്നയിക്കാതിരുന്നത് സംശയാസ്പദമാണ്. ബന്ധപ്പെട്ട രസീതുകളിലെ പേരുകൾ യഥാർത്ഥ കുത്തകക്കാരുടെ പേരുകളല്ലാതിരുന്നിട്ടും ആയത് മേലധികാരികളെ അറിയിക്കാതെ ഡിമാന്റ് രജിസ്റ്ററിൽ ചേർത്തതിന്റെ കാരണവും ദുരൂഹമായിരിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06; ഓഡിറ്റ് ഖണ്ഡിക 2.28.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

26. ഓഡിറ്റ് പരാമർശത്തിൻമേൽ വിജിലൻസ് അന്വേഷണം നടത്തി സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചതായും അനധികൃത കൈമാറ്റക്കാരെ ഒഴിപ്പിച്ച് യഥാർത്ഥ വാടകക്കാരുടെ പേരിൽ പുതുക്കിയ കരാർവച്ച് ആയതിൻപ്രകാരം നടപടി തുടർന്നുവരുന്നതായുമുള്ള സർക്കാർ മറുപടി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുന്നതിന് ശിപാർശ നൽകുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

27. **പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ അനധികൃതമായി കൈമാറ്റം നടത്തിയതിന്മേൽ വിജിലൻസ് അന്വേഷണം നടത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചതായും അനധികൃത കൈമാറ്റക്കാരെ ഒഴിപ്പിച്ച് യഥാർത്ഥ വാടകക്കാരുടെ പേരിൽ പുതുക്കിയ കരാർവച്ച് നടപടി തുടർന്നുവരുന്നതായുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കേന്ദ്രാവിഷ്കൃത പദ്ധതി—ദുർവിനിയോഗം—18.81 ലക്ഷം രൂപയുടെ നഷ്ടം (ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 2-12)**

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ 2003-04, 2004-05 വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ എസ്. ജി. ആർ. വൈ. സ്കീം II, എസ്. ജി. ആർ. വൈ. (എസ്. സി. പി.), എസ്. ജി. ആർ. വൈ. സ്പെഷ്യൽ സ്കീമുകൾ പ്രകാരം ലഭ്യമായതും ഗ്രാമപഞ്ചായത്ത് നേരിട്ട് ഏറ്റുവാങ്ങി സൂക്ഷിച്ചതുമായ ഗണ്യമായ അളവിലുള്ള ഭക്ഷ്യധാന്യം ദുർവിനിയോഗം

ചെയ്യപ്പെട്ടുവെന്ന് വ്യക്തമായിട്ടുണ്ട്. ഭക്ഷ്യധാന്യം ദുർവിനിയോഗം ചെയ്തതിന്റെ ഉപോൽബലകമായ തെളിവുകൾ സഹിതം പ്രത്യേകം റിപ്പോർട്ടുകൾ കോട്ടയം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യം ദുർവിനിയോഗം ചെയ്യപ്പെട്ടതിന്റെ സംക്ഷിപ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) എസ്. ജി. ആർ. വൈ. (എസ്. സി. പി.) സ്കീം പ്രകാരം 8 പ്രവൃത്തികൾക്കായി അനുവദിക്കപ്പെട്ടതും ഗ്രാമപഞ്ചായത്ത് നേരിട്ട് ഏറ്റുവാങ്ങി സൂക്ഷിച്ചിരുന്നതുമായ (സ്റ്റോക്ക് ചെയ്തിരുന്നത് എവിടെയെന്നും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും സ്റ്റോറേജ് ചാർജ്ജും വഹിച്ചതാരാണെന്നും വ്യക്തമല്ല) 119.38 മെട്രിക് ടൺ അരി തൊഴിലാളികൾക്ക് വേതനത്തിന്റെ ഭാഗമായി വിതരണം ചെയ്തിരിക്കാനുള്ള സാധ്യത സംശയാസ്പദമാണ്. വർക്ക് രജിസ്റ്റർ പ്രകാരം 99846 കി. ഗ്രാം ഭക്ഷ്യധാന്യത്തിന്റെ സബ്സിഡി നിരക്കിലുള്ള (കി. ഗ്രാം 6.20 രൂപ നിരക്കിൽ) തുക 8 പ്രവൃത്തികളുടെ ബില്ലിൽ (കണക്കാക്കപ്പെട്ടിട്ടുള്ള പാർട്ട്/ഫൈനൽ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ) ക്രമീകരിച്ചിട്ടുണ്ട്. ടി അളവിലുള്ള ഭക്ഷ്യധാന്യം തൊഴിലാളികൾക്ക് വേതനത്തിന്റെ ഭാഗമായി വിതരണം ചെയ്തതായി തത്വത്തിൽ അംഗീകരിച്ചാൽത്തന്നെ 19534 കി. ഗ്രാം അരി സ്റ്റോക്കിൽ കാണപ്പെടാത്തതിനാൽ ദുർവിനിയോഗം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാണ്.

(2) എസ്. ജി. ആർ. വൈ. (എസ്. സി. പി.)—വരൾച്ചാ ദുരിതാശ്വാസ പദ്ധതി (ഡിസ്കസ് ഫണ്ട്) പ്രകാരം അനുവദിക്കപ്പെട്ടതും നേരിട്ട് ഏറ്റുവാങ്ങി പൊൻകുന്നം വെയർഹൗസ് കോർപ്പറേഷനിൽ സംഭരിച്ചതുമായ 51,74 ടൺ അരി പൂർണ്ണമായും ഗ്രാമപഞ്ചായത്ത് അധികൃതർ തിരികെ ഏറ്റെടുത്തതായി ഓഡിറ്റിന് തെളിവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതി പ്രകാരം ഏറ്റെടുത്തതും ഭാഗികമായി പൂർത്തീകരിച്ചതുമായ 4 പ്രവൃത്തികളുടെ ബില്ലിൽ കേവലം 14376 കി. ഗ്രാം അരിയുടെ സബ്സിഡി നിരക്കിലുള്ള തുക മാത്രമാണ് ക്രമീകരിച്ചിട്ടുള്ളത്. ടി അളവിലുള്ള ഭക്ഷ്യധാന്യം വേതനത്തിന്റെ ഭാഗമായി വിതരണം ചെയ്തുവെന്ന് തത്വത്തിൽ അംഗീകരിച്ചാൽത്തന്നെ 37364 കി. ഗ്രാം അരി ദുർവിനിയോഗം ചെയ്യപ്പെട്ടുവെന്ന് വ്യക്തമാണ്.

(3) മുണ്ടക്കയം ബൈപാസ് നിർമ്മാണത്തിനായി എസ്. ജി. ആർ. വൈ. (എസ്. സി. പി.) സ്പെഷ്യൽ സ്കീം പ്രകാരം അനുവദിച്ചതും സംശയകരമായ സാഹചര്യത്തിൽ കോട്ടയത്തുള്ള സ്വകാര്യ ഗോഡൗണിൽ 11/04 മുതൽ സൂക്ഷിച്ചിരിക്കുന്നതുമായ 99.9 മെട്രിക് ടൺ (99900 കി. ഗ്രാം) അരി പ്രവൃത്തിയുടെ ഭാഗമായി തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ നാളിതുവരെ സാധിച്ചിട്ടില്ല. ഭക്ഷ്യധാന്യം നേരിട്ട് ഏറ്റുവാങ്ങുമ്പോഴോ തുടർന്നോ തൊഴിലാളികളെ ടി പ്രവൃത്തിക്കായി നിയോഗിക്കുന്നതിനുള്ള സാഹചര്യം സംജാതമായിരുന്നില്ല. അനന്തമായ കാലയളവിലേക്ക് സൂക്ഷിക്കാൻ കഴിയാത്തതും നശിച്ചുപോകാൻ സാധ്യതയുള്ളതുമായ അരി തിരികെ നൽകുന്നതിനുള്ള യാതൊരു ശ്രമവും ബന്ധപ്പെട്ട അധികൃതർ സ്വീകരിച്ചില്ല.

11/04 മുതൽ സ്വകാര്യ ഗോഡൗണിൽ സൂക്ഷിക്കപ്പെട്ടതായി പറയപ്പെടുന്ന ഭക്ഷ്യധാന്യം ബൈപാസ് നിർമ്മാണം എന്ന പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ പോലും ആരംഭിക്കപ്പെട്ടിട്ടില്ലാത്തതിനാൽ നിലവിൽ ഉപയോഗശൂന്യമായിട്ടുണ്ടെന്ന് വ്യക്തമാണ്. എഫ്. സി. ഐ. ഗോഡൗണിൽ നിന്നും സംഭരിക്കപ്പെട്ട അരി അനധികൃതമായി കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതായി ഓഡിറ്റിന് പരാതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിജസ്ഥിതി അന്വേഷിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ ഖണ്ഡിക (1) (2) (3) പ്രകാരം സ്റ്റോക്കിൽ കുറവുവന്ന 156798 കി. ഗ്രാം അരിക്ക് (19534+37364+99900 = 156798 കി. ഗ്രാം) കി. ഗ്രാമിന് 12 രൂപ എന്ന നിരക്കിൽ കണക്കാക്കിയാൽതന്നെ കേന്ദ്രസർക്കാരിന് 18,81,576 രൂപ നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07; ഓഡിറ്റ് ഖണ്ഡിക 3.32.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

28. കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്. ജി. ആർ. വൈ. പ്രകാരം മൂന്ന് സ്കീമുകളിലുമായി നടപ്പിലാക്കിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഭക്ഷ്യധാന്യം സംഭരിച്ചതിലും വിതരണം നടത്തിയതിലും 18,81,576 രൂപയുടെ നഷ്ടം കേന്ദ്രസർക്കാരിനുണ്ടായെന്നും 2003-04, 2004-05 വർഷങ്ങളിൽ സംഭവിച്ച ഗുരുതരമായ ക്രമക്കേടിന്മേൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് ഉത്തരവാദികളായി ആരോപിക്കപ്പെട്ടവരിൽ ഒരുദ്യോഗസ്ഥൻ വിരമിച്ചുകഴിഞ്ഞെന്നും ഒരുദ്യോഗസ്ഥനെ 10-3-2010-ൽ സസ്പെൻഡ് ചെയ്തശേഷം 30-6-2011-ൽ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തെന്നും ടിയാൻ 31-8-2013-ൽ വിരമിച്ചെന്നും സമിതി നിരീക്ഷിച്ചു. വിജിലൻസ് കോടതി 10-4-2013-ൽ പരിഗണനയ്ക്കെടുത്ത കേസിന്റെ നിലവിലെ സ്ഥിതിയെപ്പറ്റി സമിതി ആരാഞ്ഞതിന് കേസ് ഡിസംബറിലേക്ക് മാറ്റിവച്ചിരിക്കുകയാണെന്ന് സെക്രട്ടറി അറിയിച്ചു. വളരെ വലിയൊരു ക്രമക്കേടാണ് നടന്നിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി ക്രമക്കേട് നടത്തിയതിന്റെ പേരിൽ വിജിലൻസ് കേസ് നിലവിലിരിക്കെ നഷ്ടത്തിന് ഉത്തരവാദിയാണെന്ന് കണ്ടെത്തി സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥനെ സർവ്വീസിൽ തിരിച്ചെടുത്തത് സംബന്ധിച്ച് വിശദീകരണവും കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

29. കേന്ദ്രാവിഷ്കൃത എസ്. ജി. ആർ. വൈ. പദ്ധതി പ്രകാരമുള്ള 3 പദ്ധതികളുമായി ബന്ധപ്പെട്ട് 2003-04, 2004-05 വർഷങ്ങളിൽ നടന്ന 18,81,576 രൂപയുടെ ഗുരുതരമായ ക്രമക്കേടിന്മേൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതായും ആരോപണ വിധേയരായ ഉദ്യോഗസ്ഥരിൽ ഒരാൾ സർവ്വീസിൽ നിന്നും വിരമിച്ചതായും മറ്റൊരാളെ സസ്പെൻഡ് ചെയ്തശേഷം കേസ് നിലനിൽക്കെത്തന്നെ സർവ്വീസിൽ തിരിച്ചെടുത്തതായും ടിയാൻ 31-8-2013-ൽ സർവ്വീസിൽ നിന്നും വിരമിച്ചതായും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടിരുന്നു. കേന്ദ്രസർക്കാരിന് വൻ സാമ്പത്തിക നഷ്ടമുണ്ടാക്കിയ പ്രസ്തുത സംഭവത്തിൽ, വിജിലൻസ് കേസ് നിലനിൽക്കെത്തന്നെ, സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥനെ സർവ്വീസിൽ തിരിച്ചെടുത്തത് സംബന്ധിച്ച വിശദീകരണവും കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും അടിയന്തരമായി ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിക്കാത്തത് സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാണെന്നു മാത്രമല്ല സമിതിയോടുള്ള അനാദരവുമാണെന്ന് സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഇത്തരത്തിൽ, വിവരങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കേസ്സിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും സമിതി ആവശ്യപ്പെട്ട വിശദീകരണവും അടിയന്തരമായി ലഭ്യമാക്കുന്നതോടൊപ്പം കേസ്സ് എത്രയും വേഗം തീർപ്പാക്കുന്നതിനും കോടതിവിധി പ്രകാരം മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## കറിച്ചി ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**നാളികേരം അടിസ്ഥാനമാക്കി ചെറുകിട വ്യവസായം—തുക വകമാറ്റി ചെലവഴിച്ചു—1.20 ലക്ഷം രൂപ പാഴായി**

**[റിപ്പോർട്ട് 2003-04 (ചെലവ്); ഖണ്ഡിക 2-5]**

കറിച്ചി ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയുടെ വികസനത്തിന് നീക്കിവച്ച തുക വകമാറ്റി വ്യവസായ വികസനവും അതുവഴി തൊഴിലവസരവും സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതി ആരംഭിച്ചത് ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. വ്യവസായ വകുപ്പിന്റെ അംഗീകാരം നേടിയ പദ്ധതി വേണ്ടത്ര തയ്യാറെടുപ്പോടെയല്ല ഈ വിഷയത്തിൽ പ്രാവീണ്യമില്ലാത്ത കൃഷി ഓഫീസർ ഏറ്റെടുത്തത്.

പദ്ധതി പ്രകാരം ഓയിൽ മിൽ ആരംഭിക്കുന്നതിനാവശ്യമായ മെഷിനറിയും മോട്ടോറും കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 1.20 ലക്ഷം രൂപയ്ക്ക് വാങ്ങിയത്, കമ്പനി നൽകുന്ന ഗ്യാരന്റി കാലാവധി കഴിഞ്ഞിട്ടും ഉപയോഗിക്കാതെ സ്വകാര്യവ്യക്തിയുടെ കെട്ടിടത്തിൽക്കിടന്ന് നശിക്കുന്ന നിലയിലാണ്. പദ്ധതിക്കാവശ്യമായ 3 ഫേസ് വൈദ്യുത കണക്ഷൻ പോലും ലഭിച്ചിട്ടില്ല. വേണ്ടത്ര പശ്ചാത്തല സൗകര്യങ്ങളും പഠനങ്ങളും മുന്നൊരുക്കങ്ങളും ഇല്ലാതെ പദ്ധതിപ്പണം വകമാറ്റി ചെലവഴിച്ച് മെഷിനറികൾ വാങ്ങുകയും ആയവ ഉപയോഗിക്കാതെ നശിക്കാൻ ഇടയാക്കിയതും സാമ്പത്തിക ദുർവിനിയോഗമായി ഓഡിറ്റിൽ വിലയിരുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07; ഓഡിറ്റ് ഖണ്ഡിക 3.33.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

30. കാർഷിക മേഖലയുടെ വികസനത്തിന് നീക്കിവച്ച തുക വകമാറ്റി, വ്യവസായം തുടങ്ങാൻ ലക്ഷ്യമിട്ട പദ്ധതി ഫലംകാണാതെ തുക പാഴായത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് 3 ഫേസ് വൈദ്യുതി കണക്ഷനുള്ള കെട്ടിടമാണ് ആദ്യം ലഭിച്ചതെന്നും എന്നാൽ ഉപകരണങ്ങൾ ലഭിക്കാൻ കാലതാമസം ഉണ്ടായെന്നും തുടർന്ന് പ്രസ്തുത കെട്ടിടത്തിൽ അവ സ്ഥാപിക്കുന്നതിന് അസൗകര്യമുണ്ടെന്ന കാരണത്താൽ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുകയാണുണ്ടായതെന്നും അവിടെ വൈദ്യുതി കണക്ഷൻ ഇല്ലായിരുന്നുവെന്നും പദ്ധതി തുടങ്ങിയ സമയത്തെ നിർവ്വഹണോദ്യോഗസ്ഥയായ മുൻ കൃഷി ഓഫീസർ വിശദീകരിച്ചു.

31. നിലവിൽ മെഷിനറി സ്ഥാപിച്ചിട്ടുള്ള കെട്ടിടത്തിൽനിന്ന് പുതിയ കെട്ടിടത്തിലേക്ക് മെഷിനറി മാറ്റിസ്ഥാപിക്കുന്നതിന് ഭാരിച്ച ചെലവ് വരുമെന്നതിനാൽ പ്രസ്തുത കെട്ടിടത്തിൽതന്നെ പദ്ധതി തുടങ്ങുന്നതിന് ഉടമയുമായി കരാർ പുതുക്കിയിട്ടുണ്ടെന്ന പഞ്ചായത്തിന്റെ മറുപടിയെപ്പറ്റി സമിതി വിശദീകരണം ആരാഞ്ഞതിന് മെഷിനറി സ്ഥാപിച്ചിട്ടുള്ള കെട്ടിടത്തിന്റെ ഉടമസ്ഥൻ അവിടെ വീട് വയ്ക്കുകയാണെന്നും അതിനാൽ സംഘം സെക്രട്ടറിയുടെ സ്വന്തം സ്ഥലത്ത് കെട്ടിടം നിർമ്മിച്ചതിനുശേഷം മെഷിനറി മാറ്റി സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അതിന് 8 മാസത്തെ സമയം വേണമെന്നും നിലവിലെ കൃഷി ഓഫീസർ സമിതി മുമ്പാകെ മറുപടി നൽകി.

32. സ്വന്തം സ്ഥലമില്ലാതെ വാടകക്കെട്ടിടത്തിൽ പദ്ധതി തുടങ്ങിയതാണ് പ്രധാന പ്രശ്നമെന്നും പത്ത് വർഷം പാഴാക്കിയെന്നും നിരീക്ഷിച്ച സമിതി മെഷിനറി

ഉപയോഗയോഗ്യമാക്കാമോയെന്ന് ആരാഞ്ഞതിന് ചെറിയ അറ്റകുറ്റപ്പണികൾ നടത്തിയാൽ പ്രവർത്തനക്ഷമമാക്കാമെന്ന് കൃഷി ഓഫീസർ അറിയിക്കുകയും കെട്ടിടം നിർമ്മിച്ച് പ്രോജക്ട് നടപ്പിലാക്കാൻ 8 മാസത്തെ സമയം വേണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

33. പദ്ധതി നടപ്പിലാക്കുവാൻ ഒരു സെമി പെർമനന്റ് ബിൽഡിംഗ് മതിയാകുമെന്ന് അഭിപ്രായപ്പെട്ട സമിതി, വ്യവസായം ആരംഭിക്കുവാൻ നടപടി സ്വീകരിച്ച് 8 മാസത്തിനുള്ളിൽ പദ്ധതി ആരംഭിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.

34. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ഇപ്രകാരമാണ്:

"വ്യവസായം ആരംഭിക്കുവാൻ നടപടികളൊന്നും ആരംഭിച്ചിട്ടില്ല എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു".

ഓഡിറ്റ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്:

35. "നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസർക്ക് പ്രോജക്ട് നടപ്പാക്കുന്നതിന് അറിയിപ്പുകൾ നൽകിയെങ്കിലും താൽപ്പര്യം പ്രകടിപ്പിക്കാത്തതിനാൽ ഇനിയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല".

## നിഗമനങ്ങൾ/ശിപാർശകൾ

36. **നാളികേരം അടിസ്ഥാനമാക്കി ചെറുകിട വ്യവസായം തുടങ്ങുന്നതിനുള്ള പദ്ധതിക്ക് 2003-04-ൽ അംഗീകാരം ലഭിച്ചിരുന്നെങ്കിലും സമിതിയോഗം ചേർന്ന 30-9-2013 വരെയും പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും തയ്യാറാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പദ്ധതിക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ഗ്യാരന്റി കാലാവധി കഴിഞ്ഞിട്ടും മെഷിനറിയും മോട്ടോറും ഉപയോഗിക്കാതെ സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ തുരുമ്പെടുത്ത് നശിക്കുന്ന നിലയിലാണ് എന്നതും ബന്ധപ്പെട്ട കൃഷി ഓഫീസറുടെ അനാസ്ഥയെയും നിരുത്തരവാദപരമായ സമീപനത്തെയും വെളിവാക്കുന്നതായി സമിതി വിലയിരുത്തുന്നു. 8 മാസത്തിനകം കെട്ടിടം നിർമ്മിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കാമെന്ന് കൃഷി ഓഫീസർ സമിതി മുമ്പാകെ ഉറപ്പ് നൽകിയതിനെത്തുടർന്ന് അപ്രകാരം 8 മാസത്തിനകം പദ്ധതി ആരംഭിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും വ്യവസായം ആരംഭിക്കാൻ നാളിതുവരെ നടപടികളൊന്നും ആരംഭിച്ചിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിരിക്കുന്നു. സമിതി നിർദ്ദേശം**

**പാലിക്കുന്നതിൽ കടുത്ത അലംഭാവം കാണിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ സമിതിക്കുള്ള കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി നിർദ്ദേശപ്രകാരമുള്ള മേൽപ്പറഞ്ഞ നടപടി സ്വീകരിച്ച് റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനും അല്ലാത്തപക്ഷം പദ്ധതിപ്പണം വകമാറ്റി ചെലവഴിച്ച് ദുർവിനിയോഗം ചെയ്തതിന് ബന്ധപ്പെട്ട കൃഷി ഓഫീസർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## കറുകച്ചാൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ജെ. ജി. എസ്. വൈ. മാലം-മാത്തുരുത്തി റോഡ് റീ-ടാറിംഗ് വേല നടപ്പാക്കിയില്ല**

**(ഓഡിറ്റ് ഖണ്ഡിക 2000-01; ഖണ്ഡിക 3-6)**

ജെ. ജി. എസ്. വൈ. പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള മാലം-മാത്തുരുത്തി റോഡ് റീ-ടാറിംഗ് വേലയ്ക്കായി കൺവീനർക്ക് മുൻകൂറിനത്തിൽ 18,750 രൂപയും സെക്യേർഡ് അഡ്വാൻസായി 7,106 രൂപയും നൽകിയിട്ടുള്ളതിനു പുറമെ 14,117 രൂപ മൂല്യമുള്ള 6 ബാരൽ ബിറ്റുമിനും മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ധാന്യവിഹിതം നൽകിയിട്ടില്ല. 24-1-2005-ലും 23-8-2005-ലും റവന്യൂ റിക്കവറി നടപടികൾക്കായി വിശദാംശങ്ങൾ ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതായി വ്യക്തമാകുന്നു. ഇപ്രകാരം ആരംഭിച്ചിട്ടില്ലാത്ത വേലയ്ക്ക് മുൻകൂർ തുകയ്ക്ക് പുറമെ സെക്യേർഡ് അഡ്വാൻസും ബിറ്റുമിനും നൽകിയ നടപടി സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07; ഓഡിറ്റ് ഖണ്ഡിക 3.34.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

37. ജെ. ജി. എസ്. വൈ. പദ്ധതി നടപ്പാക്കലുമായി ബന്ധപ്പെട്ട് മുൻകൂർ, സെക്യേർഡ് അഡ്വാൻസ്, 6 ബാരൽ ബിറ്റുമിൻ എന്നിവ കൈപ്പറ്റിയിട്ടും പണി ആരംഭിക്കാതെ വീഴ്ചവരുത്തിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നഷ്ടത്തുക ഈടാക്കുന്നതിൽ ഇതുവരെയും നടപടി സ്വീകരിക്കാത്തത് ബോധപൂർവ്വമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി ആർ. ആർ. നടപടി സ്വീകരിക്കാൻ കാലതാമസം ഉണ്ടായതിനുള്ള വിശദീകരണം ആരാഞ്ഞു.

38. മെറ്റൽ ആവറേജ് സ്റ്റോക്ക് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്യേർഡ് അഡ്വാൻസ് കൂടി നൽകിയതായി കാണുന്നെന്നും പിന്നീട് 6 ബാരൽ ബിറ്റുമിൻ കൂടി നൽകിയെന്നും പ്രവൃത്തി ചെയ്യാത്തതിനാൽ പഞ്ചായത്ത് നോട്ടീസ് നൽകിയപ്പോൾ

സാമ്പത്തിക ബുദ്ധിമുട്ടിലായതിനാൽ പണി തുടങ്ങാൻ കഴിഞ്ഞില്ലെന്നും തുക തിരിച്ചടയ്ക്കാൻ സാവകാശം വേണമെന്നും കൺവീനർ അറിയിച്ചെന്നും പ്രസ്തുത ആവശ്യം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൺവീനർക്ക് നോട്ടീസ് നൽകിയിട്ടും തുക അടയ്ക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ ഡെപ്യൂട്ടി കളക്ടർക്ക് ആദ്യം കത്ത് നൽകിയെന്നും പിന്നീട് ചങ്ങനാശ്ശേരി തഹസിൽദാർക്ക് കത്തയയ്ക്കുകയും അതിനുശേഷം 28-4-2010, 7-5-2010, 19-1-2011, 28-2-2011 തീയതികളിലായി തഹസിൽദാർക്ക് വീണ്ടും കത്തുകൾ നല്കുകയും തുടർന്ന് നേരിട്ടുപോവുകയും ചെയ്തതായും ഫയലിൽ കാണുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതു സംബന്ധിച്ച മറുപടി സമിതി മുമ്പാകെ നൽകേണ്ടതിനാൽ താൻ സെക്രട്ടറിയായി ചുമതലയേറ്റതിനുശേഷം ചങ്ങനാശ്ശേരി തഹസിൽദാർക്ക് അറിയിപ്പ് കൊടുത്തതിലും നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്നും എത്രയുംവേഗം ആർ. ആർ. നടപടി സ്വീകരിച്ച് റിപ്പോർട്ട് കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡെപ്യൂട്ടി കളക്ടർക്ക് കത്ത് കൊടുത്തിരിക്കുകയാണെന്നും പഞ്ചായത്ത് വീണ്ടും പ്രസ്തുത ഓഫീസുമായി ബന്ധപ്പെട്ടിട്ടും യാതൊരു തുടർനടപടിയും സ്വീകരിക്കുന്നതായി കാണുന്നില്ലെന്നുമുള്ള വിവരം പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

39. ജെ. ജി. എസ്. വൈ. പദ്ധതി പ്രകാരം കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ മാലം-മാന്തുരുത്തി റോഡ് റീ-ടാറിംഗ് പ്രവൃത്തിക്ക് മുൻകൂർ തുകയ്ക്ക് പുറമേ സെക്യേർഡ് അഡ്വാൻസും ബിറ്റുമിനുംകൂടി കൈപ്പറ്റിയശേഷം വേല ആരംഭിക്കാത്ത കൺവീനർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കണമെന്ന പഞ്ചായത്തിന്റെ 24-4-2005-ലെ അപേക്ഷയിന്മേൽ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടും 2013 വരെയും ചങ്ങനാശ്ശേരി തഹസിൽദാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുകയും ആയതിന്മേൽ ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ എന്നിവരുടെ പേരിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തു.

40. റവന്യൂ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

"ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ പരാമർശിക്കുന്ന കുടിശ്ശികക്കാരനിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന്റെ ഭാഗമായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും കുടിശ്ശികക്കാരന്റെ പേരിൽ സ്ഥാവരജംഗമ സ്വത്തുക്കളൊന്നുമില്ലാത്തതിനാൽ ആയതിന് സാധിച്ചില്ലെന്നും എന്നാൽ കുടിശ്ശികക്കാരന്റെ ഭാര്യയുടെ പേരിലുണ്ടായിരുന്ന സ്ഥലം ജപ്തി ചെയ്യാൻ നടപടി സ്വീകരിച്ചപ്പോൾ ടിയാന്റെ ഭാര്യ ചങ്ങനാശ്ശേരി മുൻസിഫ് കോടതിയിൽ ഫയൽ

ചെയ്തിരുന്ന ഒ. എസ്. 270/10 നമ്പർ കേസിൽ ജപ്തി നടപടികൾക്കെതിരെ സ്റ്റേ സമ്പാദിക്കുകയും ചെയ്തിരുന്നുവെന്നും തുടർന്ന് പ്രസ്തുത തുക ഈടാക്കുന്നതിന് നടത്തിയ ശ്രമങ്ങൾക്കെതിരെ കുടിശ്ശിക കക്ഷി മാലം-മാഞ്ഞൂരുത്തി റോഡ് റീ-ടാറിംഗ് WP(C) 32053/13(F) നമ്പരായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അടുത്ത വിചാരണ വരെ statusquo ഉത്തരവ് നേടിയിട്ടുണ്ടെന്നും പ്രസ്തുത കുടിശ്ശിക തുക ഈടാക്കുന്നതിന് ചങ്ങനാശ്ശേരി തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ എന്നിവരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമോ അല്ലാത്തതോ ആയ വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നും അറിയിക്കുന്നു".

41. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം സംബന്ധിച്ച റിപ്പോർട്ട് ഇപ്രകാരമാണ്:

"സമിതി ആവശ്യപ്പെട്ട അധികവിവരവുമായി ബന്ധപ്പെട്ട് 23-1-2014-ലെ ബി10(2)-47170/08-ാം നമ്പർ കത്ത് പ്രകാരം കോട്ടയം ഡെപ്യൂട്ടി കളക്ടർ (റവന്യൂ റിക്കവറി) ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കറുകച്ചാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അഭ്യർത്ഥന പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് കുടിശ്ശിക ഇനത്തിൽ ചങ്ങനാശ്ശേരി താലൂക്കിൽ കറുകച്ചാൽ വില്ലേജിൽ ചമ്പക്കര, ഇലഞ്ഞിത്തറ വീട്ടിൽ ശ്രീ. ചന്ദ്രശേഖരക്കുറുപ്പ് എന്ന കക്ഷിയിൽ നിന്നും 71,358 രൂപ ഈടാക്കുന്നതിന് 2006 മുതൽ നടപടിയിലിരിക്കുന്നതാണ്. ബന്ധപ്പെട്ട തഹസിൽദാർ കെ. ആർ. ആർ. ആക്ട് 7, 34 എന്നീ വകുപ്പുപ്രകാരമുള്ള നോട്ടീസുകൾ തയ്യാറാക്കി ബന്ധപ്പെട്ട വില്ലേജാഫീസർ വഴി കുടിശ്ശിക കക്ഷിക്ക് 2006-ൽ നൽകിയിട്ടുണ്ട്. കുടിശ്ശിക കക്ഷിക്ക് 70-ഓളം വയസ്സ് പ്രായം ഇപ്പോൾ ഉള്ളതാണ്. ടിയാന് 63 വയസ്സുള്ള ഗൃഹസ്ഥയായ ഭാര്യയും 2 ആൺമക്കളും ഉള്ളതാണ്. ആൺമക്കൾ വിവാഹിതരും സ്വന്തം കുടുംബം പോറ്റുന്നവരുമാണ്. കുടിശ്ശികക്കാരനായ ശ്രീ. ചന്ദ്രശേഖരക്കുറുപ്പിന്റെ പേരിൽ സ്ഥാവര സ്വത്തുക്കളോ ജംഗമസ്വത്തുക്കളോ ഇല്ലാത്തതാണ്. ടിയാന്റെ ഭാര്യ ശാന്തമ്മയുടെ കുടുംബ വിഹിതമായി ലഭിച്ചിട്ടുള്ള കറുകച്ചാൽ വില്ലേജിലെ ബ്ലോക്ക് 15-ൽ സർവ്വേ 60/13-ൽപ്പെട്ട 09.52 ആർ. വസ്തുവിലുള്ള പഴകിയതും ഓടും ഷീറ്റും മേഞ്ഞതുമായ 11/194-ാം നമ്പർ വീട്ടിലാണ് കുടിശ്ശിക കക്ഷി താമസിച്ചുവരുന്നത്. 2006 മുതൽ കുടിശ്ശിക തുക ഈടാക്കുന്നതിനായി നിരന്തരം കക്ഷിയെ സമീപിച്ചിട്ടും കുടിശ്ശിക കക്ഷിയോ ടിയാന്റെ കുടുംബമോ ടി തുക അടയ്ക്കുന്നതിന് കൂട്ടാക്കിയിട്ടില്ലാത്തതാണ്. കുടിശ്ശികക്കാരൻ താമസിക്കുന്ന വീട്ടിലെ ജംഗമങ്ങൾ ജപ്തിചെയ്ത് തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചപ്പോൾ, കുടിശ്ശികക്കാരന്റെ ഭാര്യ ചങ്ങനാശ്ശേരി മുൻസിഫ് കോടതിയെ സമീപിച്ച് ഒ. എസ്. 270/10-ൽ ജപ്തി നടപടികൾക്കെതിരെ സ്റ്റേ ഉത്തരവ്

സമ്പാദിച്ചിട്ടുള്ളതാണ്. തുടർന്ന് തുക ഈടാക്കുന്നതിന് നടത്തിയ ശ്രമങ്ങൾക്കെതിരെ കുടിശ്ശിക കക്ഷി WP(C) 32053/13(F) ആയി ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, അടുത്ത വിചാരണ തീയതി വരെ Statusquo ഉത്തരവ് നേടിയിട്ടുള്ളതുമാണ്. കുടിശ്ശിക കക്ഷിയോ കുടുംബാംഗങ്ങളോ സ്വമേധയാ കുടിശ്ശിക തുക അടയ്ക്കാത്തപക്ഷം ജപ്തി നടപടികൾ സ്വീകരിക്കുകയേ നിർവ്വാഹമുള്ളൂ. ഈ കേസിൽ ജപ്തി നടപടികൾ സ്വീകരിക്കാൻ പാകത്തിന് കുടിശ്ശിക കക്ഷി പേരിൽ സ്ഥാവര ജംഗമസ്വത്തുക്കൾ ഇല്ലാത്തതാണ്. കൂടാതെ ജപ്തി നടപടികൾക്കെതിരെ കോടതി ഉത്തരവുകളും കക്ഷി സമ്പാദിച്ചിട്ടുണ്ട്. WP(C) 32053/13(F) അടുത്ത വിചാരണയ്ക്കുശേഷം ഇക്കാര്യത്തിലുള്ള അന്തിമ ഉത്തരവ് കോടതിയിൽ നിന്നും ഉണ്ടാകുന്നതാണ്.

മേൽ വിവരിച്ച സാഹചര്യത്തിലാണ് കുടിശ്ശിക കക്ഷിയിൽ നിന്നും തുക ഈടാക്കാൻ നാളിതുവരെ സാധിക്കാതെ വന്നിട്ടുള്ളതെന്ന് കോട്ടയം ഡെപ്യൂട്ടി കളക്ടർ (ആർ. ആർ.) റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടാതെ ഡെപ്യൂട്ടി കളക്ടർ, ചങ്ങനാശ്ശേരി തഹസിൽദാർ എന്നിവർ ഉൾപ്പെടെയുള്ളവരിൽ നിന്നുണ്ടായിട്ടുള്ള മനഃപൂർവ്വമോ അല്ലാത്തതോ ആയ വീഴ്ചകൾ മൂലമല്ല എന്നും കോട്ടയം ഡെപ്യൂട്ടി കളക്ടർ (ആർ. ആർ.) റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരവും ബോധിപ്പിക്കുന്നു".

42. ആയതിന് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ് താഴെ ചേർക്കുന്നു:

"റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിച്ചു. കറുകച്ചാൽ ഗ്രാമപഞ്ചായത്തിന് സംഭവിച്ച നഷ്ടം ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും തുടർന്നുണ്ടായ കോടതി വ്യവഹാരങ്ങൾ മൂലമാണ് തുക ഈടാക്കാൻ കഴിയാതിരുന്നതെന്നും റവന്യൂ വകുപ്പ് ജീവനക്കാരുടെ ഭാഗത്തു നിന്നും യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലായെന്നും റവന്യൂ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ജെ. ജി. എസ്. വൈ. പദ്ധതി പ്രകാരം കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ മാലം-മാന്തുരുത്തി റോഡ് റീ-ടാറിംഗ് പ്രവൃത്തിക്ക് മുൻകൂർ തുകയ്ക്കു പുറമെ സെക്വേർഡ് അഡ്വാൻസും ബിറ്റുമിനും വാങ്ങിയതിനുശേഷം പ്രവൃത്തി ആരംഭിക്കാത്ത കൺവീനർ ശ്രീ. ചന്ദ്രശേഖരക്കുറുപ്പ് (ഇലഞ്ഞിക്കൽത്താഴെ, ചമ്പക്കര പി. ഒ., കോട്ടയം 686540) എന്നയാളുടെ പേരിലുള്ള സ്ഥാവരജംഗമ സ്വത്തുക്കളെക്കുറിച്ചുള്ള വിവരങ്ങളൊന്നും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 24-5-2005-ൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ റവന്യൂ അധികാരികളോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതിനുശേഷം അപേക്ഷയിൽ റവന്യൂ റിക്കവറി നടപടികളെടുക്കാനും കുടിശ്ശികക്കാരന്റെ പേരിൽ സ്ഥാവരജംഗമ സ്വത്തുക്കളില്ലെന്ന് തിട്ടപ്പെടുത്താനും ടിയാന്റെ ഭാര്യയുടെ സ്വത്തിന്മേൽ ജപ്തി നടപടി സ്വീകരിക്കാനുമുള്ള യാതൊരു ശ്രമങ്ങളും നടന്നിട്ടില്ല. എന്നാൽ സിവിൽ കേസ് ഫയൽ ചെയ്തിരിക്കുന്നത് 2010-ൽ മാത്രമാണ്. (ചങ്ങനാശ്ശേരി മുൻസിഫ്

കോടതിയിൽ ഫയൽ ചെയ്തിരുന്ന ഒ. എസ്. 270/10 എന്ന കേസ്) 2013-ൽ കുടിശ്ശിക കക്ഷി ബഹു. കേരള ഹൈക്കോടതി [WP(C) 32053/13(F)] മുൻപാകെ ഫയൽ ചെയ്തിട്ടുണ്ട്. കേസിന്റെ നടത്തിപ്പുകളെ സംബന്ധിച്ച് വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ബഹു. കേരള ഹൈക്കോടതി നിശ്ചയിച്ച വ്യവസ്ഥയനുസരിച്ച് ടിയാൻ ഡിമാന്റ് തുകയുടെ മൂന്നിലൊന്നായ 23,786 രൂപ വില്ലേജ് ഓഫീസർ കറുകച്ചാൽ മുഖേന പഞ്ചായത്തിൽ ഒടുക്കിയതിന്റെ (രസീത് നമ്പർ 11402400002/തീയതി 15-5-2014) അടിസ്ഥാനത്തിൽ 2 മാസത്തെ ഇടക്കാല സ്റ്റേ അനുവദിച്ചിരുന്നു. ബാക്കി തുക കൂടി ഈടാക്കുന്നതിന് ഭരണസമിതി (viii/12-3-2014) തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് ബഹു. കേരള ഹൈക്കോടതിയിൽ എതിർ ഹർജി നൽകിയിട്ടുണ്ട്. എന്നാൽ ടി കേസിന്റെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല".

ഓഡിറ്റ് 5-8-2015-ന് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിൽ താഴെ പറയും പ്രകാരം ചേർത്തിരിക്കുന്നു:

43. "റവന്യൂ വകുപ്പിൽനിന്ന് വിശദമായ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ യഥാസമയം കൈക്കൊണ്ടിരുന്നു. കുടിശ്ശികക്കാരന് സ്ഥാവരജംഗമ സ്വത്തുക്കളില്ലാതിരുന്നതിനാൽ ഭാര്യയുടെ പേരിലുള്ള സ്വത്തുക്കളിന്മേൽ നടപടികൾ ആരംഭിച്ചുവെങ്കിലും അവർ ചങ്ങനാശ്ശേരി മുൻസിഫ് കോടതിയെയും തുടർന്ന് ബഹു. കേരള ഹൈക്കോടതിയേയും സമീപിക്കുകയുണ്ടായി. ബഹു. കോടതിയിൽനിന്ന് സ്റ്റേ സ്റ്റാറ്റസ്കോ ഉത്തരവുകൾ സമ്പാദിച്ചതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത കാര്യങ്ങളാണ് മറുപടിയിൽ വിശദീകരിക്കുന്നത്. റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമായി അറിയിച്ചതിൽ നിന്നും, നടപടിക്രമങ്ങളിലെ സ്വാഭാവിക കാലതാമസം മാത്രമാണുണ്ടായിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ആകയാൽ സമർപ്പിക്കപ്പെട്ട മറുപടി അംഗീകരിച്ച് തുടർ നടപടികൾ ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു".

## നിഗമനങ്ങൾ/ശിപാർശകൾ

44. **പരാമർശവിധേയനായ കൺവീനറുടെ പേരിൽ ജപ്തിനടപടികൾ സ്വീകരിക്കാൻ പാകത്തിന് സ്ഥാവരജംഗമ സ്വത്തുക്കൾ ഇല്ലെന്നും ടിയാന്റെ ഭാര്യയുടെ പേരിലുള്ള സ്ഥലം ജപ്തി ചെയ്യാൻ സ്വീകരിച്ച നടപടിക്കെതിരെ സ്റ്റേ സമ്പാദിച്ചിട്ടുണ്ട് എന്നും ജപ്തി നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും റവന്യൂ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ അറിയിച്ചിരിക്കുന്നു. എന്നാൽ, കൺവീനർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ 2005-ൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2010-ൽ മാത്രമാണ് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ബഹു. ഹൈക്കോടതി നിശ്ചയിച്ച വ്യവസ്ഥയനുസരിച്ച് ടിയാൻ ഡിമാന്റ് തുകയുടെ മൂന്നിലൊന്നായ**

**23,786 രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് എന്നും ബാക്കി തുക കൂടി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബഹു. ഹൈക്കോടതിയിൽ എതിർ ഹർജി നൽകിയിട്ടുണ്ടെന്നും ഓഡിറ്റിന്റെ കുറിപ്പിൽ വ്യക്തമാക്കിയിരിക്കുന്നു. ഈ സാഹചര്യത്തിൽ, ബഹു. ഹൈക്കോടതിയുടെ വിധിപ്രകാരം നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## പൊതു പരാമർശങ്ങൾ

ഓഡിറ്റ് ഖണ്ഡിക

12-6-2003-ലെ സർക്കാർ ഉത്തരവ് (കൈ.) 319/03 ധന. പ്രകാരം ആവിഷ്കരിച്ച 1-4-2003-ൽ പ്രാബല്യത്തിൽ വന്ന നൂതനമായ അക്കൗണ്ടിംഗ് സമ്പ്രദായം അതിന്റെ ഉദ്ദേശലക്ഷ്യം പൂർത്തീകരിക്കുംവിധം അനുവർത്തിക്കുന്നതിൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും വളരെ പിന്നിലാണ്. ശരിയായ രീതിയിലുള്ള പരിശീലനം സിദ്ധിച്ച ജീവനക്കാരുടെ അഭാവമാണ് ഇതിന് കാരണം. തയ്യാറാക്കപ്പെടുന്ന ധനകാര്യ പത്രികകൾ പഞ്ചായത്തിന്റെ ശരിയായ സാമ്പത്തികനിലയെ പ്രതിഫലിപ്പിക്കുവാൻ പര്യാപ്തമല്ല. ആരോഗ്യകരവും പഴുതറ്റതുമായ അക്കൗണ്ടിംഗ് സമ്പ്രദായം സാമ്പത്തിക നിയന്ത്രണ സംവിധാനത്തിൽ അനിവാര്യതയായതിനാൽ ക്രിയാത്മക പരിപാടികളായ തുടർ പരിശീലനം, ശിൽപ്പശാല എന്നിവയിലൂടെ അക്കൗണ്ടിംഗ് സംവിധാനം കരുത്തുറ്റതാക്കാൻ ശ്രദ്ധിക്കാവുന്നതാണ്.

കോടികൾ മതിക്കുന്ന പദ്ധതിപ്പണം നിക്ഷേപപ്രവൃത്തികൾക്കായി വിവിധ ഏജൻസികളുടെ അക്കൗണ്ടിൽ മുതനിക്ഷേപമായി അവശേഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുണ്ട്. കാലികമായുള്ള ഇടപെടലുകളും തുടർ അന്വേഷണങ്ങളും മുഖേന നിർവ്വഹണ ഏജൻസികളുമായി സജീവ സമ്പർക്കം പുലർത്തി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സജീവശ്രദ്ധ പുലർത്തേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2007-2008; ഓഡിറ്റ് ഖണ്ഡിക 3.31)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

45. നൂതനമായ അക്കൗണ്ടിംഗ് സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നില്ല, കോടികളുടെ പദ്ധതിപ്പണം വിവിധ ഏജൻസികളുടെ അക്കൗണ്ടിൽ മുതനിക്ഷേപമായി അവശേഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു എന്നീ പൊതുപരാമർശങ്ങളുമായി ബന്ധപ്പെട്ട്

ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കുകയും ആവശ്യമായ പരിശീലനം നല്കി കണക്കുകൾ ചിട്ടയായി സൂക്ഷിക്കുന്നതിന് അക്കൗണ്ടന്റിനെ നിയമിച്ച് ഉത്തരവായിട്ടുള്ളതായും എല്ലാ ഗ്രാമപഞ്ചായത്തുകളിലും സാംഖ്യ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് ആരംഭിച്ചിട്ടുള്ളതായും അറിയിച്ചുകൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ രേഖാമൂലമുള്ള മറുപടിയും ഓഡിറ്റിന്റെ കുറിപ്പും പരിഗണിച്ച് അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യു.

## നിഗമനങ്ങൾ/ശിപാർശകൾ

46. **എല്ലാ ഗ്രാമപഞ്ചായത്തുകളിലും സാംഖ്യ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് നടപ്പിലാക്കി കണക്കുകൾ ചിട്ടയായി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഓഡിറ്റിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അനന്തര നടപടി അവസാനിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## പൊതു അവലോകനം

ഓഡിറ്റ് ഖണ്ഡിക

**ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററും സൂക്ഷിക്കുന്നതിൽ വീഴ്ച**

1-4-2004 മുതൽ പ്രാബല്യത്തിൽ വന്ന 12-6-2003-ലെ ജി.ഒ.(പി) 319/03 ധന. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചുവരുന്നില്ല. ക്യാഷ് ബുക്ക് ദിനംപ്രതി ക്ലോസ് ചെയ്യാതെയും മാസാന്ത്യത്തിലും വർഷാന്ത്യത്തിലും ക്ലോസ് ചെയ്ത് റീകൺസിലിയേഷൻ നടത്താതെയുമാണ് സൂക്ഷിച്ചുവരുന്നത്. പുതിയ അക്കൗണ്ടിംഗ് സമ്പ്രദായ പ്രകാരം നിയമപരമായി എഴുതേണ്ടതായ രജിസ്റ്ററുകൾ എഴുതാത്തത് വ്യാപകമാണ്. ആയതുകൊണ്ട് സ്ഥാപനങ്ങളിലെ ധനവിനിയോഗത്തിന്റെ കൃത്യത അറിയാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. കൂടാതെ, പല സ്ഥാപനങ്ങളും വരവ്-ചെലവ് രജിസ്റ്ററുകൾ, മുൻകൂർ രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ ക്രമപ്രകാരം എഴുതുന്നതായി കാണുന്നില്ല. ഓരോ വർഷത്തേയും ഫയലുകളും രജിസ്റ്ററുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുവാനുള്ള അടിസ്ഥാന സാഹചര്യങ്ങൾ ഇല്ല എന്നതാണ് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ആവശ്യമായ അടിസ്ഥാന സാഹചര്യങ്ങൾ തയ്യാറാക്കി രജിസ്റ്ററുകളും രേഖകളും വർഷംതിരിച്ച് കൃത്യമായി സൂക്ഷിക്കുവാൻ നിർദ്ദേശം ഉണ്ടാകേണ്ടതാണ്. രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കാത്ത പഞ്ചായത്തുകൾക്ക് ഉദാഹരണം താഴെ കൊടുക്കുന്നു:

| കോട്ടയം ജില്ല | | |
|---|---|---|
| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം |
| 1 | ഞീഴൂർ ഗ്രാമപഞ്ചായത്ത് | 2006-07 |
| 2 | ഞീഴൂർ ഗ്രാമപഞ്ചായത്ത് | 2005-06 |
| 3 | രാമപുരം ഗ്രാമപഞ്ചായത്ത് | 2004-05 |
| 4 | കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് | 2005-06 |
| 5 | കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് | 2006-07 |
| 6 | വെളിയന്നൂർ ഗ്രാമപഞ്ചായത്ത് | 2004-05 |
| 7 | ളൂരോപ്പട ഗ്രാമപഞ്ചായത്ത് | 2005-06 |
| 8 | അതിരമ്പുഴ ഗ്രാമപഞ്ചായത്ത് | 2005-06 |
| 9 | പാമ്പാടി ഗ്രാമപഞ്ചായത്ത് | 2005-06 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009-2010; ഓഡിറ്റ് ഖണ്ഡിക 2.1)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

47. ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ചവരുത്തിയതായി ഓഡിറ്റ് കണ്ടെത്തിയ കോട്ടയം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ പരിഹാര നടപടി സ്വീകരിച്ചതായി സർക്കാരും ഓഡിറ്റ് വകുപ്പും അറിയിച്ച സാഹചര്യത്തിൽ അനന്തര നടപടി അവസാനിപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

48. **അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകളും രേഖകളും എഴുതി പൂർത്തിയാക്കിയതായുള്ള സർക്കാരിന്റെയും ഓഡിറ്റിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## പൊതു അവലോകനം

ഓഡിറ്റ് ഖണ്ഡിക

### നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത്

വിവിധ വൈദ്യുതി/കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൻതുകകൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചിട്ടുണ്ട്.

നിക്ഷേപവേലകൾക്കുള്ള ഫണ്ട് കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ. തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പ് വച്ചതിനുശേഷം ചെക്കുകൾവഴി ആയിരിക്കണമെന്നും കൂടാതെ, കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽനിന്നുള്ള ചെലവുകളുടേയും കൃത്യമായ കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതുമാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പ് വയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. മിക്ക തദ്ദേശഭരണ സ്ഥാപനവും നിക്ഷേപപ്രവൃത്തികളുടെ പൂർണ്ണമായ വിവരം രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ നൽകിയ തുകകളുടെ വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ. എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി തുകയിൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല. ആയതിനാൽ പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ കഴിയുന്നില്ല. ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങളിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു: പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്നുറപ്പുവരുത്തുവാൻവേണ്ട നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

| കോട്ടയം ജില്ല | | | | |
|---|---|---|---|---|
| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക നമ്പർ | തുക നിക്ഷേപിച്ച സ്ഥാപനം | തുക |
| 1 | 2 | 3 | 4 | 5 |
| 1 | ഞീഴൂർ | 2006-07/3.4<br>3.2 | കെ.എസ്.ഇ.ബി. | 1,06,530<br>5,050 |
| 2 | കാണക്കാരി | 2006-07/3.3<br>3.5 | കെ.എസ്.ഇ.ബി. | 74,430<br>99,984 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 3 | കുരോപ്പട | 2005-06/3.8 | കെ.എസ്.ഇ.ബി. | 54,820 |
| 4 | പള്ളിക്കത്തോട് | 2006-07/3.3<br>2005-06/3.3 | കെ.എസ്.ഇ.ബി. | 20,901<br>1,05,029 |
| 5 | നീണ്ടൂർ | 2006-07/3.5 | കെ.എസ്.ഇ.ബി. | 1,63,161 |
| 6 | മീനടം | 2004-05 ചെലവ് 2.11(1,2) | കെ.ഡബ്ല്യൂ.എ. | 1,50,000<br>1,55,945 |
| 7 | പാമ്പാടി | 2005-06 3.4(എ) | കെ.എസ്.ഇ.ബി. | 1,06,600 |
| 8 | പാമ്പാടി | 2005-06/ 3.4(ബി) | കെ.ഡബ്ല്യൂ.എ. | 1,35,806 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009-10, ഓഡിറ്റ് ഖണ്ഡിക 2.8)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

49. കോട്ടയം ജില്ലയിലെ ഏഴ് ഗ്രാമപഞ്ചായത്തുകൾ കെ.എസ്.ഇ.ബി., കേരളാ വാട്ടർ അതോറിറ്റി എന്നിവയിൽ വിവിധ പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ചിട്ട് പ്രവൃത്തി പൂർത്തീകരിക്കാത്തതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സമിതി പരിഗണിച്ചു. പാമ്പാടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രവൃത്തികളൊഴികെ ബാക്കിയെല്ലാം പൂർത്തീകരിച്ചതായി സർക്കാരും ഓഡിറ്റ് വകുപ്പും റിപ്പോർട്ട് ചെയ്തതിന്റെ വെളിച്ചത്തിൽ അവ സംബന്ധിച്ച ഓഡിറ്റ് തടസ്സം നീക്കാനും പാമ്പാടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രവൃത്തി പൂർത്തിയാക്കിയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

50. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹണ ഏജൻസികളെ നിക്ഷേപവേലകൾ ഏൽപ്പിക്കുമ്പോൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് കരാർ വയ്ക്കണമെന്നും മതിയായ രജിസ്റ്ററുകൾ നിർദ്ദിഷ്ടമാതൃകയിൽ സൂക്ഷിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

51. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

"പാമ്പാടി ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ലൈൻ എക്സ്റ്റൻഷൻ കാട്ടാംകുന്ന് കോളനി, പട്ടികവർഗ്ഗ വീടുകളുടെ വൈദ്യുതീകരണം, പുറകുളം ജലസേചന പദ്ധതി എന്നിവ പൂർത്തീകരിച്ചിട്ടുള്ളതും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രങ്ങൾ

19-9-2013-ലെ PB No. 13-14/47 നമ്പരായി പാമ്പാടി കെ. എസ്. ഇ. ബി. അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും 26-9-2013-ലെ ESA-33/2013-14/225 നമ്പരായി അയർക്കുന്നം കെ. എസ്. ഇ. ബി. അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭിച്ചിട്ടുണ്ട്. പുറകളം ജലസേചന പദ്ധതി, ലക്ഷംവീട് ചേലക്കുന്ന് ജലസേചന പദ്ധതി, നൊങ്ങൽ തകിടിമറ്റം ഭാഗം ജലസേചന പദ്ധതി, മുളേക്കുന്ന് ജലസേചന പദ്ധതി, അണ്ണായി ജലസേചന പദ്ധതി എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം 26-9-2013 തീയതിയിൽ JS437/2008 നമ്പരായി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം-ൽ നിന്നും ലഭിച്ചിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. രേഖകൾ പരിശോധിക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റിന് 17-1-2015 തീയതിയിൽ എ 1-10465/12 നമ്പരായി കത്ത് നൽകിയിട്ടുണ്ട് എന്നുള്ള വിവരവും ബോധിപ്പിച്ചുകൊള്ളുന്നു."

ഓഡിറ്റ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് താഴെ ചേർക്കുന്നു:

52. "കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 1,06,600 രൂപയുടെയും കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 1,35,806 രൂപയുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണ്."

## നിഗമനങ്ങൾ/ശിപാർശകൾ

**53. ഞീഴൂർ, കാണക്കാരി, കുറോപ്പട, പള്ളിക്കത്തോട്, നീണ്ടൂർ, മീനടം എന്നീ ഗ്രാമപഞ്ചായത്തുകൾ വിവിധ വൈദ്യുതി/കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള ജല അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ച തുകയ്ക്കുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി സർക്കാരും ഓഡിറ്റും റിപ്പോർട്ട് ചെയ്യുതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**54. പാമ്പാടി ഗ്രാമപഞ്ചായത്ത് തുക നിക്ഷേപിച്ച വിവിധ കുടിവെള്ള/ വൈദ്യുതി പദ്ധതികൾ പൂർത്തീകരിച്ചതായും വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയതായുമുള്ള സർക്കാരിന്റെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെയും റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രസ്തുത തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**55. നിർദ്ദിഷ്ട മാതൃകയിൽ കരാർ ചമച്ച് ഒപ്പുവയ്ക്കാതെയാണ് നിക്ഷേപ വേലകൾക്കുള്ള ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈമാറുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹണ ഏജൻസികളെ നിക്ഷേപ വേലകൾ ഏൽപ്പിക്കുമ്പോൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് കരാർ വയ്ക്കണമെന്നും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## പൊതു അവലോകനം

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ നൽകിയിട്ടും പദ്ധതി പൂർത്തീകരിക്കാത്തത്**

മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ട് പ്രവൃത്തി പൂർത്തിയാക്കാത്ത പ്രോജക്ടുകൾ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ വ്യാപകമായി കാണുന്നു. മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയശേഷം പ്രവൃത്തി ഉപേക്ഷിക്കുകയോ പ്രവൃത്തി ആരംഭിക്കുവാൻ താമസിക്കുകയോ ചെയ്യുന്ന നിരവധി കൺവീനർമാർ ഉണ്ട്. മരാമത്ത് പണികൾ സംബന്ധിച്ച ഏതൊരു കരാറിലും പണി പൂർത്തിയാക്കേണ്ട സമയപരിധി രേഖപ്പെടുത്തേണ്ടതാണ്. 8-7-2005-ലെ സർക്കാർ സർക്കുലർ നമ്പർ 8906/ ഡി.പി3/05/തസ്വഭവ. പ്രകാരം എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന തീയതികളുള്ളിൽ മരാമത്ത് പണികൾ പൂർത്തിയാക്കാത്ത കൺവീനർമാരിൽ നിന്നും നിശ്ചിത തീയതിക്കുശേഷം 12% നിരക്കിലും റവന്യൂ റിക്കവറി നടപടികളുടെ കാര്യത്തിൽ 18% നിരക്കിലും പലിശയോടെ അഡ്വാൻസ് തുക റിക്കവറി ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കരാറിൽ പറഞ്ഞ സമയപരിധിക്കകം പണി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നുണ്ട്. മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പ്രവൃത്തി പൂർത്തീകരിക്കാത്ത തുക തിരികെ ഈടാക്കാത്ത ജില്ലയിലെ സ്ഥാപനങ്ങളുടെ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശം | തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ഞീഴൂർ ഗ്രാമപഞ്ചായത്ത് | 2006-07 | 3.6 | വിവിധ പ്രവൃത്തികൾക്ക് എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം കൺവീനർമാർക്ക് അഡ്വാൻസ് നൽകിയത് | 35,266 രൂപ |
| 2 | വെളിയന്നൂർ ഗ്രാമപഞ്ചായത്ത് | 2004-05 | 3.5(2) | വിവിധ പ്രവൃത്തികൾക്ക് കൺവീനർക്ക് അഡ്വാൻസ് നൽകിയത്/പ്രവൃത്തി പൂർത്തീകരിക്കാത്തത് | 13,153 രൂപ |
| 3 | കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് | 2006-07 | 3.3 | എസ്.ജി.ആർ.വൈ. കൺവീനർക്ക് അഡ്വാൻസ് | 25,000 രൂപ |
| 4 | നീണ്ടൂർ ഗ്രാമപഞ്ചായത്ത് | 2006-07 | 3.7 | ഗുണഭോക്തൃ വിഹിതം അഡ്വാൻസ് | 42,600 രൂപ |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 5 | അതിരമ്പുഴ ഗ്രാമപഞ്ചായത്ത് | 2005-06 | 3.8 | ഗുണഭോക്തൃ സമിതി കൺവീനർക്ക് അഡ്വാൻസ് | 30,000 രൂപ |
| 6 | പള്ളിക്കത്തോട് | 2005-06 | 3.8 | എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർക്ക് അഡ്വാൻസ് | 16,750 രൂപ |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009-10, ഓഡിറ്റ് ഖണ്ഡിക 2.9)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

56. മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പ്രവൃത്തി പൂർത്തീകരിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്യാതിരുന്ന കോട്ടയം ജില്ലയിലെ ആറ് ഗ്രാമപഞ്ചായത്തുകളിൽ കുമാരനല്ലൂർ ഒഴികെ മറ്റ് അഞ്ച് പഞ്ചായത്തുകളും തുക ഈടാക്കുകയോ പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. ആയതിനാൽ അവയെ സംബന്ധിച്ചുള്ള ഓഡിറ്റ് തടസ്സം നീക്കുവാൻ ശിപാർശ ചെയ്യുന്നതിനും നിലവിൽ കോട്ടയം നഗരസഭയുടെ ഭാഗമായ കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് പരാമർശവിധേയമായ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചോ ഇല്ലെങ്കിൽ കൺവീനർക്ക് മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കിയത് സംബന്ധിച്ചോ ഉള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കി റിപ്പോർട്ട് സമർപ്പിക്കുവാനും അല്ലാത്തപക്ഷം ചട്ടപ്രകാരം പലിശയടക്കം തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചും റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

57. **ഞീഴൂർ, വെളിയന്നൂർ, നീണ്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ പരാമർശ വിധേയമായ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതായും അതിരമ്പുഴ, പള്ളിക്കത്തോട് എന്നീ ഗ്രാമപഞ്ചായത്തുകൾ കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക പലിശ സഹിതം ഈടാക്കിയതായുമുള്ള സർക്കാർ മറുപടിയുടെയും ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയുമടിസ്ഥാനത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. നിലവിൽ കോട്ടയം നഗരസഭയുടെ ഭാഗമായ കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് പരാമർശവിധേയമായ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളും അല്ലാത്തപക്ഷം കൺവീനർക്ക് മുൻകൂർ ഇനത്തിൽ നൽകിയ തുക തിരിച്ചീടാക്കിയത് സംബന്ധിച്ച രേഖകളും ഓഡിറ്റിന് ലഭ്യമാക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## പൊതു അവലോകനം

ഓഡിറ്റ് ഖണ്ഡിക

### വർദ്ധിച്ചുവരുന്ന ഋണബാദ്ധ്യതകൾ

1963-ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി വായ്പകൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ ഒരു സ്ഥാപനത്തിന്റെ വൻ ഋണബാദ്ധ്യത അതിന്റെ ഭരണസാമ്പത്തിക സംവിധാനങ്ങളുടെ പിടിപ്പുകേടിലേക്ക് വിരൽ ചൂണ്ടുന്നു. ഓഡിറ്റിന് വിധേയമായ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭീമമായ കടബാദ്ധ്യതയിലാണ്.

വരുമാനമുണ്ടാക്കുകയും ചെലവഴിക്കുകയും ചെയ്യുന്ന ഏതൊരു സ്ഥാപനത്തിനുമെന്ന പോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മികവുറ്റ ഭരണസംവിധാനത്തോടൊപ്പം ഫലപ്രദവും അച്ചടക്കമുള്ളതുമായ സാമ്പത്തിക നിയന്ത്രണവും അനിവാര്യമാണ്. വരുമാന വർദ്ധനവും വിവേകപൂർണ്ണമായ ചെലവുചെയ്യലും ഉറപ്പാക്കാൻ മികച്ച സാമ്പത്തിക ആസൂത്രണവും മെച്ചപ്പെട്ട നേതൃത്വവും കൂടിയേതീരൂ. വരുമാന സ്രോതസ്സുകളുടെ ഉല്പാദനക്ഷമത ഉറപ്പാക്കുന്നതിലും അവ ചൂഷണം ചെയ്യുന്നതിൽ ഉത്തരവാദിത്വബോധം പുലർത്തുന്നതിലും പരാജയപ്പെടുന്ന സ്ഥാപനത്തിന് സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാകാതെ വരുന്നു. വർദ്ധിച്ചുവരുന്ന ഋണബാധ്യതയിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നയിക്കുന്നത് പ്രധാനമായും കാര്യക്ഷമമല്ലാത്ത നികുതി നിയന്ത്രണ സംവിധാനങ്ങളാണ്. താഴ്ന്ന വരുമാന സമാഹരണം, കുറവായി നിർണ്ണയിക്കപ്പെടുന്ന നികുതികൾ, ഫീസുകൾ എന്നിവ സ്ഥാപനങ്ങളുടെ സാമ്പത്തികനിലയെ സാരമായി ബാധിക്കുന്നു. വർദ്ധിച്ചുവരുന്ന കടിശ്ശികകൾ അവയുടെ സാമ്പത്തിക നിലവാരം മോശതരമാക്കുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 303-ൽ നഗരസഭകൾ ഋണമോചനനിധി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. വിവിധ ഏജൻസികളിൽ നിന്നും നഗരസഭകൾ എടുത്തിട്ടുള്ള വായ്പാതുകകളുടെ കൃത്യമായ തിരിച്ചടവുകൾക്ക് സഹായകമാകുന്ന വിധത്തിൽ ഒരു പ്രത്യേക നിധി രൂപീകരിക്കുകയും ആ നിധിയിൽ നിന്ന് കൃത്യമായി വായ്പാ തിരിച്ചടവുകൾക്ക് തുക വിനിയോഗിക്കുകയുമാണ് ചെയ്യേണ്ടത്. എന്നാൽ മിക്ക നഗരസഭകളിലും ഇത്തരത്തിലുള്ള ഋണമോചനനിധി രൂപീകരിച്ചിട്ടില്ല. മുനിസിപ്പൽ ഫണ്ടിന്റെ അപര്യാപ്തത കാരണം വായ്പകളുടെ കൃത്യമായ തിരിച്ചടവുകൾക്ക് സാധിക്കാറുമില്ല. ഇതുമൂലം തിരിച്ചടവ് നീളുകയും പലിശയിനത്തിൽ കൂടുതൽ തുക നഗരസഭകൾ ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസ്സുകളും ചോർച്ചകൂടാതെ ലഭ്യമാക്കേണ്ട ഉത്തരവാദിത്വം ഉദ്യോഗസ്ഥരിലും ജനപ്രതിനിധികളിലും നിക്ഷിപ്തമാണ്. സ്ഥാപനങ്ങളുടെ വരുമാനസ്രോതസ്സുകളായ തൊഴിൽ നികുതി, കെട്ടിട നികുതി, ലേലം/വാടക, ഡി. & ഒ. ലൈസൻസ് ഫീസ് എന്നിവ യഥാസമയം പിരിച്ചെടുത്ത് ആ പണം വിനിയോഗിച്ച് ജനോപകാരപ്രദങ്ങളായ പദ്ധതികൾ നടപ്പിലാക്കാനും സാമ്പത്തികഭദ്രത കൈവരിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജവം കാണിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കടബാദ്ധ്യതയ്ക്ക് ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | വായ്പ എടുത്ത വർഷം | വായ്പകളുടെ ഉറവിടം | വായ്പ തുക (രൂപ) | തിരിച്ചടയ്ക്കാൻ ശേഷിക്കുന്നത് (31-3-2011) |
|---|---|---|---|---|---|
| 1 | കോട്ടയം ജില്ല (ഗ്രാമപഞ്ചായത്തുകൾ) | 2008-2009 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് | 39,00,000 | 31,18,000 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2010-11, ഓഡിറ്റ് ഖണ്ഡിക 2.11)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

58. 1963-ലെ ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി സ്വീകരിക്കുന്ന വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയും തന്മൂലം പലിശയടക്കം വൻ കടബാധ്യത ഉണ്ടാകുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമാകുന്നതിനെപ്പറ്റി സമിതി ചർച്ച ചെയ്തു. വർദ്ധിച്ചുവരുന്ന ഋണബാദ്ധ്യത കുറയ്ക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നതായുള്ള പഞ്ചായത്തുകളുടെ മറുപടി ഓഡിറ്റും അംഗീകരിച്ചിട്ടുള്ളതായി സമിതി നിരീക്ഷിച്ചു. എന്നിരുന്നാലും ഋണബാദ്ധ്യതകൾ കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ ശക്തമാക്കണമെന്നും ഓഡിറ്റ് ഖണ്ഡികയിലെ പരാമർശങ്ങൾക്ക് ഊന്നൽ നല്കണമെന്നും സമിതി ശിപാർശ ചെയ്തു.

59. കഴിഞ്ഞവർഷം അൻപത്തിനാല് പഞ്ചായത്തുകൾക്ക് തനത് വരുമാനംകൊണ്ടും സർക്കാർ നല്കുന്ന വിഹിതംകൊണ്ടും നിത്യനിദാനം കഴിയാൻ സാധ്യമല്ലായിരുന്നുവെന്നും ഇക്കൊല്ലം ആയത് കുറച്ച് കൂടാനാണ് സാധ്യതയെന്നും ആയതിനാൽ ഓഡിറ്റിൽ

പരാമർശിച്ചിരിക്കുന്ന ഈ വിഷയം വളരെ ഗൗരവമായി കാണേണ്ട കാര്യമാണെന്നും ഇതു സംബന്ധിച്ച് ഒരു പുനഃപരിശോധന നടത്തേണ്ടതാണെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

60. ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ നിർദ്ദേശം അംഗീകരിച്ച സമിതി ആയത് സംബന്ധിച്ച് പരിശോധന നടത്തുവാൻ സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

61. **നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് കോട്ടയം ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും നടപടി സ്വീകരിക്കുന്നുണ്ടെന്നും ഭവന നിർമ്മാണ പദ്ധതികൾക്കും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനുമായാണ് മുഖ്യമായും പഞ്ചായത്തുകൾ വായ്പ എടുത്തിട്ടുള്ളതെന്നും ടി വായ്പകൾ പദ്ധതി വിഹിതത്തിൽ നിന്നും തനതുഫണ്ടിൽ നിന്നും കൃത്യമായി അടവുവരുത്തുന്നുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെയുമടിസ്ഥാനത്തിൽ കടബാധ്യതകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ ശക്തമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

62. **ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല എന്നും സംസ്ഥാനത്തെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വൻ കടബാധ്യതയിലാണെന്നും കാര്യക്ഷമമല്ലാത്ത നികുതി നിയന്ത്രണ സംവിധാനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വൻ കടബാധ്യതയിലേക്ക് പ്രധാനമായും നയിക്കുന്നത് എന്നും സമിതി നിരീക്ഷിക്കുന്നു. വർദ്ധിച്ചുവരുന്ന വായ്പാ കുടിശ്ശികകൾ സ്ഥാപനങ്ങളുടെ സാമ്പത്തിക നിലവാരം തകർക്കുന്നതായും വായ്പാതവണകൾ മുടങ്ങുന്നതുമൂലം തിരിച്ചടവ് നീളുകയും പലിശയിനത്തിൽ കൂടുതൽ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കേണ്ടി വരുന്നതായും സമിതി മനസ്സിലാക്കുന്നു. സ്ഥാപനങ്ങളുടെ വരുമാനസ്രോതസ്സുകളായ തൊഴിൽ നികുതി, കെട്ടിടനികുതി, ലേലം/വാടക, ലൈസൻസ് ഫീസ് തുടങ്ങിയവ യഥാസമയം പിരിച്ചെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിതാന്ത ശ്രദ്ധ പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ചില പഞ്ചായത്തുകൾക്ക് തനതുവരുമാനം കൊണ്ടും സർക്കാർ വിഹിതം കൊണ്ടും നിത്യനിദാനം കഴിയാൻ സാധ്യമാകാത്ത അവസ്ഥയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്തുകളുടെ വരുമാനസ്രോതസ്സ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും ഋണബാദ്ധ്യതകൾ കുറയ്ക്കുന്നത് സംബന്ധിച്ചും പരിശോധിച്ച് സർക്കാർ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അക്ഷയ പദ്ധതി നിർവ്വഹണം**

ആധുനിക കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ സ്ഥാപിച്ചുകൊണ്ട് വിവര സംവേദക സാങ്കേതികവിദ്യയുടെ സാധ്യതകൾ സാധാരണക്കാർക്കുകൂടി ലഭ്യമാക്കുന്നതിന് വിവര സാങ്കേതിക വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പരിപാടിയാണ് അക്ഷയ. ഗ്രാമപഞ്ചായത്തുകൾ മുഖേനയും നഗരപ്രദേശങ്ങളിൽ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ മുഖേനയുമാണ് ഈ പരിപാടി നടപ്പാക്കുന്നത്.

കമ്പ്യൂട്ടർ/ഐ.റ്റി. സങ്കേതങ്ങളെ ജനങ്ങൾക്ക് പരിചയപ്പെടുത്തുക, അവ ഉപയോഗിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഓരോ ഗ്രാമത്തിലും സ്ഥാപിക്കുക, ആവശ്യമായ വിവരങ്ങൾ കയ്യെത്തുംദൂരത്ത് ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

പരീക്ഷണാടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ വിജയകരമായി നടപ്പാക്കിയതിനെ തുടർന്ന് ഈ പരിപാടി മറ്റു ജില്ലകളിലേക്കും വ്യാപിപ്പിച്ചു. 'അക്ഷയ' കേന്ദ്രങ്ങൾ വഴി ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ പരിശീലനം നൽകി ഐ.റ്റി. സാക്ഷരനാക്കുന്നു. പരിശീലന ചെലവ് ഗ്രാമപ്രദേശങ്ങളിൽ ഒരു കുടുംബത്തിലെ ഒരാൾക്ക് ഗ്രാമപഞ്ചായത്ത് 60 രൂപ, ബ്ലോക്ക് പഞ്ചായത്ത് 10 രൂപ, ജില്ലാ പഞ്ചായത്ത് 10 രൂപ, ഗുണഭോക്താവ് 40 രൂപ എന്ന നിരക്കിലാണ് വഹിക്കേണ്ടത്. അതേസമയം നഗരപ്രദേശങ്ങളിൽ ഒരു കുടുംബത്തിലെ ഒരാൾക്ക് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ 80 രൂപ, ഗുണഭോക്താവ് 40 രൂപ എന്ന നിരക്കിലാണ് വഹിക്കേണ്ടത്. ഇതിനാവശ്യമായ തുക വിവിധ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്. പ്രസ്തുത ഗുണഭോക്തൃ വിഹിതം ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്ത് 20 രൂപ, ബ്ലോക്ക് പഞ്ചായത്ത് 10 രൂപ, ജില്ലാ പഞ്ചായത്ത് 10 രൂപ എന്ന നിരക്കിൽ നൽകാവുന്നതാണ്.

5-5-2004-ലെ ജി.ഒ.(ആർറ്റി.) 3330/04/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പരിപാടിക്കുള്ള വിഹിതം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ പേരിൽ ആരംഭിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. അക്ഷയ പരിപാടിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ ഒന്ന്വീതവും കോർപ്പറേഷനുകളിൽ രണ്ടുവീതവും സോഷ്യൽ-അനിമേറ്റർമാരെ നിയമിക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന അനിമേറ്റർമാർക്ക് ഐ.റ്റി. മിഷൻ നൽകുന്ന ഓണറേറിയത്തിനുപുറമേ പ്രതിമാസം 500 രൂപ കൺവേയൻസ് ആന്റ് കമ്മ്യൂണിക്കേഷൻ അലവൻസായി നൽകേണ്ടതാണ്. ഇതിന് പദ്ധതി വിഹിതം/തനത് ഫണ്ട്/പൊതു ആവശ്യ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്.

എന്നാൽ ഗുണഭോക്തൃവിഹിതം മുൻകൂറായി ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനതു ഫണ്ടിലടച്ചശേഷം യഥാസമയം നിർവ്വഹണ ഏജൻസിക്ക് നൽകണമെന്നാണ് ജി.ഒ.(എംഎസ്.)40/04/പ്ലാനിംഗ്/31-3-2004 ഖണ്ഡിക 7-5-2002(5) പ്രകാരവും ജി.ഒ.(എംഎസ്.) 183/07/തസ്വഭവ/24-7-2007 ഖണ്ഡിക 6.17(ii) പ്രകാരവും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ ഉത്തരവ് ലംഘിച്ചുകൊണ്ട് ഗുണഭോക്തൃവിഹിതം ബന്ധപ്പെട്ട അക്ഷയ കേന്ദ്രങ്ങളിൽ അടയ്ക്കുന്നതിനാൽ ഇങ്ങനെ വിനിയോഗിച്ച തുകയുടെ കണക്കും ഗുണഭോക്തൃവിഹിതം അടച്ചു എന്ന് ഉറപ്പാക്കിയതിനുശേഷമാണോ പരിശീലനം നൽകിയതെന്ന വിവരവും വ്യക്തമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനം നിക്ഷേപിക്കുന്ന തുക വളരെ പരിമിതമായി മാത്രം വിനിയോഗിക്കപ്പെടുന്നതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:

| സ്ഥാപനം | നിക്ഷേപിച്ച തുക (രൂപ) | വിനിയോഗിച്ച തുക (രൂപ) | ശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|
| 1 | 2 | 3 | 4 |
| **കോട്ടയം ജില്ല 20-9-2011 വരെ** | | | |
| 75 ഗ്രാമപഞ്ചായത്തുകൾ | 2,62,11,449 | 19,95,040 | 2,42,16,409 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2010-11, ഓഡിറ്റ് ഖണ്ഡിക 2.13)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി, അനുബന്ധം II ആയി ചേർക്കുന്നു.

63. കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ അക്ഷയ പദ്ധതി നടത്തിപ്പിൽ നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ചും പദ്ധതിക്കായി 2,62,11,449 രൂപ നിക്ഷേപിച്ചിട്ട് കേവലം 19,95,040 രൂപ മാത്രമാണ് വിനിയോഗിച്ചതെന്നും 2,42,16,409 രൂപ ഇനിയും നിക്ഷേപമായി അവശേഷിക്കുകയാണെന്നുമുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ എത്രതുക വിനിയോഗിച്ചെന്നും ഇത്രയും തുക യഥാർത്ഥത്തിൽ ബാക്കിയുണ്ടോയെന്നും വിനിയോഗിക്കാതെ തുക തിരികെ ഈടാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്നും സമിതി ആരാഞ്ഞു. ജില്ലയിലെ പഞ്ചായത്തുകൾ സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരതയ്ക്കായി പണം വാങ്ങി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ടി.എസ്.പി. അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയാണ് ചെയ്തതെന്നും ജില്ലാ പ്ലാനിംഗ് ഓഫീസറാണ് ജില്ലാ അക്ഷയ കേന്ദ്രം

വഴി ഗ്രാമപഞ്ചായത്തുകളിലെ അക്ഷയ കേന്ദ്രങ്ങളിൽ പണം എത്തിക്കുന്നതെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദീകരിച്ചു. ഓരോ പഞ്ചായത്തിലേയും ഒരു വീട്ടിലെ ഓരാൾക്കെങ്കിലും കമ്പ്യൂട്ടറിനെ സംബന്ധിക്കുന്ന അടിസ്ഥാന വിജ്ഞാപനം നൽകുന്നതിനുള്ള ഒരു സംരംഭമാണ് സർക്കാർ തുടങ്ങിയതെന്നും അതിനായി ഒരാൾക്ക് 60 രൂപ സർക്കാർ വിഹിതവും ബാക്കി തുക പഠിതാവിന്റെ വിഹിതവുമായി അടയ്ക്കണമെന്നും ഇതിന്റെ വിനിയോഗ വിവരങ്ങൾ പ്ലാനിംഗ് ഓഫീസറാണ് നൽകേണ്ടതെന്നും സർക്കാർ ഉത്തരവുപ്രകാരം പഞ്ചായത്ത് തുക നേരിട്ട് അവിടെ അടയ്ക്കുകയാണ് ചെയ്യുന്നതെന്നും അതിൽ കൂടുതൽ ഒരു മോണിറ്ററിംഗിന് പഞ്ചായത്തുകൾക്ക് അധികാരമില്ലാത്ത അവസ്ഥയാണെന്നും അതുകൊണ്ടാണ് ഇങ്ങനെയൊരു പരാമർശം ഉണ്ടാകാൻ കാരണമെന്നും ചെലവിന്റെ ശരിയായ അക്കൗണ്ടബിലിറ്റി ഉള്ളത് ജില്ലാ പ്ലാനിംഗ് ഓഫീസർക്കാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി.

64. 2010-11-ലാണ് തുക അടച്ചതെന്നും അതേ വർഷത്തെ ഓഡിറ്റിലാണ് പരാമർശം വന്നതെന്നും ഒരു കൊല്ലമാണ് പഞ്ചായത്തുകൾ പണമടച്ചതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു. പണം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗവിവരം സംബന്ധിച്ച് അറിയേണ്ട ചുമതല പഞ്ചായത്തുകൾക്കുണ്ടെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഈ അവസരത്തിൽ അഭിപ്രായപ്പെട്ടു.

65. അക്ഷയ പദ്ധതിയുടെ പേരിൽ നിലവിൽ എത്ര തുക നിക്ഷേപമായി ശേഷിക്കുന്നുവെന്നും വിനിയോഗിച്ച തുകയ്ക്ക് സാക്ഷ്യപത്രം ലഭ്യമാക്കുവാനും ബാക്കിതുക ചട്ടപ്രകാരം വിനിയോഗിക്കുവാനും തിരികെ കിട്ടേണ്ട തുക ഈടാക്കാനുമുള്ള നടപടി സ്വീകരിച്ച് പഞ്ചായത്ത് ഡയറക്ടർ സർക്കാർ മുഖേന റിപ്പോർട്ട് സമർപ്പിക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

66. **ജനങ്ങൾക്ക് കമ്പ്യൂട്ടർ സാക്ഷരത ലഭ്യമാക്കുന്നതിനായി, ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ ജില്ലാ അക്ഷയ സെന്ററുകൾക്ക് കൈമാറിയിട്ടുള്ള തുകയാണ് ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള തെന്നും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസമാണ് ഓഡിറ്റ് പരാമർശത്തിനിടയാക്കിയതെന്നും സർക്കാർ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വിനിയോഗ സാക്ഷ്യപത്രം അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കണമെന്ന് സമിതി**

**ശിപാർശ ചെയ്യുന്നു. നിലവിൽ അക്ഷയ പദ്ധതിയിൽ എത്ര തുക നിക്ഷേപമായി അവശേഷിക്കുന്നുണ്ടെന്നും എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും സംബന്ധിച്ച വിശദമായ റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും പഞ്ചായത്ത് ഡയറക്ടർ സർക്കാർ മുഖേന ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ടി പദ്ധതിയിൻ കീഴിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഡെപ്പോസിറ്റ് വർക്കുകൾ—പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പ്രവൃത്തികൾക്കായി (വൈദ്യുതീകരണം, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പൈപ്പ്‌ലൈൻ എക്സ്റ്റൻഷൻ, ജലസേചന പദ്ധതികൾ, കുടിവെള്ളക്കിണർ തുടങ്ങിയവ) കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഭൂഗർഭ ജല വകുപ്പ് എന്നീ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ വൻ തുക നിക്ഷേപിച്ചു വരുന്നു.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള ഫണ്ട് കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. കൈമാറ്റം ചെയ്ത ഫണ്ടിന്റേയും അതിൽ നിന്നുള്ള ചെലവുകളുടേയും കൃത്യമായ കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്നില്ല. മുൻകൂറായി നൽകിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തു വരുന്നില്ല. സ്ഥാപനങ്ങൾ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതുമൂലം പല സ്ഥാപനങ്ങളിലേയും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ എത്ര തുക ക്രമീകരിക്കാനുണ്ടെന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. അതുപോലെ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ ഭാഗമായി 23-2-2008-ലെ ജി.ഒ.(പി)/95/2008/ഫിൻ. പ്രകാരം അഡ്വാൻസ് തുക പിൻവലിച്ച് അനർട്ടിൽ നിക്ഷേപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഊർജ്ജസംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് പല പഞ്ചായത്തുകളും അനർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ ഈ പ്രോജക്ടുകൾ പലതും പൂർത്തീകരിച്ചിട്ടില്ല.

തുക അടവാക്കുകയല്ലാതെ ഈ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച തുടർ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു കാണുന്നില്ല. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക സ്ഥാപനങ്ങളുടെ ഫണ്ടിൽ മൂതനിക്ഷേപമായി കിടക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | തദ്ദേശസ്വയം ഭരണ സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക നമ്പർ | പ്രവൃത്തിയുടെ പേര് | തുക നിക്ഷേപിച്ച സ്ഥാപനം | തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| **കോട്ടയം ജില്ല** | | | | | |
| 1 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് | 2006-07/ 3.3 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 1,42,793 |
| | | 2007-08/ 3.2 | ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 3,00,000 |
| | | 2008-09/ 3.11 | ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 24,864 |
| 2 | കല്ലറ ഗ്രാമപഞ്ചായത്ത് | 2008-09/ 3.4 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 39,630 |
| 3 | വാഴൂർ ഗ്രാമപഞ്ചായത്ത് | 2006-07/ 3.7 | കുഴൽകിണർ നിർമ്മാണം | ഭൂഗർഭ ജല വകുപ്പ് | 6,64,714 |
| 4 | അയർക്കുന്നം ഗ്രാമപഞ്ചായത്ത് | 2007-08/ 3.2 | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | 3,00,300 |
| 5 | മണർകാട് ഗ്രാമപഞ്ചായത്ത് | 2006-07/ 3.6 | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | കെ.ഡബ്ല്യു.എ. | 77,700 |
| | | | സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 93,247 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 6 | കറുകച്ചാൽ ഗ്രാമപഞ്ചായത്ത് | 2007-08/ 3.3 | വിവിധ പ്രവൃത്തികൾ | കെ.ഡബ്ല്യു.എ. | 5,00,000 |
| | | | | ഭൂഗർഭ ജല വകുപ്പ് | 1,47,860 |
| | | | | കെൽട്രോൺ | 58,173 |
| | | | | കെ.എസ്.ഇ.ബി. | 28,380 |
| 7 | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് | 2006-07/ 3.11 | പൈപ്പ്ലൈൻ/ വാട്ടർ ടാങ്ക് പുനരുദ്ധാരണം | കെ.ഡബ്ല്യു.എ. | 7,87,920 |
| 8 | നാട്ടകം ഗ്രാമപഞ്ചായത്ത് | 2006-07/ 3.9 | കുടിവെള്ള പദ്ധതികൾ/ ലൈൻ എക്സ്റ്റെൻഷൻ സ്ട്രീറ്റ്ലൈൻ വലിക്കൽ | കെ.ഡബ്ല്യു.എ | 15,80,000 |
| | | | | കെ.എസ്.ഇ.ബി. | 1,73,500 |
| 9 | പായിപ്പാട് ഗ്രാമപഞ്ചായത്ത് | 2008-09/ 3.5 | ലൈൻ എക്സ്റ്റെൻഷൻ | കെ.എസ്.ഇ.ബി. | 1,29,327 |
| 10 | തലനാട് ഗ്രാമപഞ്ചായത്ത് | 2006-07/ 3.3 | വിവിധ പ്രവൃത്തികൾ | ഭൂഗർഭ ജല വകുപ്പ് | 66,200 |
| | | | | കെ.എസ്.ഇ.ബി. | 2,36,718 |
| | | | | കെ.ഡബ്ല്യു.എ | 50,000 |
| | | | | പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ ഡിവിഷൻ) | 31,150 |
| | | | | കെ.എസ്.ഇ.ബി. | 23,500 |
| 11 | അയ്മനം ഗ്രാമപഞ്ചായത്ത് | 2008-09/ 3.8 | കുടിവെള്ള പദ്ധതി /പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | കെ.ഡബ്ല്യു.എ. | 2,34,000 |
| | | | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | കെ.എസ്.ഇ.ബി. | 1,34,690 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2010-11, ഓഡിറ്റ് ഖണ്ഡിക 2.14)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

67. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശവിധേയമായ 11 ഗ്രാമപഞ്ചായത്തുകൾ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ഭൂഗർഭ ജല വകുപ്പ് എന്നിവയെ ഏല്പിച്ച നിക്ഷേപ പ്രവൃത്തികളിൽ കടുത്തുരുത്തി, കല്ലറ, വാഴൂർ, അയർക്കുന്നം, പായിപ്പാട് എന്നീ 5 ഗ്രാമപഞ്ചായത്തുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചതായും അവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായും സർക്കാരും ഓഡിറ്റ് വകുപ്പും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവയെ സംബന്ധിച്ച ഓഡിറ്റ് തടസ്സം നീക്കാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

68. മണർകാട് ഗ്രാമപഞ്ചായത്തിലെ പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക കിഴിച്ച് അവശേഷിക്കുന്ന 14,552 രൂപ ഈടാക്കുകയോ വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത് നൽകാനുള്ള തുകയുമായി ക്രമീകരിക്കുകയോ ചെയ്ത് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

69. കറുകച്ചാൽ ഗ്രാമപഞ്ചായത്ത് ഏല്പിച്ച നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും കേരള വാട്ടർ അതോറിറ്റിയും കെൽട്രോണും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റും സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.യിൽ നിന്നു മാത്രമേ ഇനി വിനിയോഗ സാക്ഷ്യപത്രം ലഭിക്കുവാനുള്ളുവെന്നും അതിനായി കത്ത് നല്കിയിട്ടുണ്ടെന്നും രണ്ടാഴ്ചയ്ക്കകം ആയത് ലഭിക്കുമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കെ.എസ്.ഇ.ബി.യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന്റെ പരിശോധനയ്ക്ക് രണ്ടാഴ്ചയ്ക്കുള്ളിൽ ഹാജരാക്കാനും തിരികെ ലഭിക്കാൻ തുക ശേഷിക്കുന്നപക്ഷം ആയത് അടിയന്തരമായി ഈടാക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി നിർദ്ദേശിച്ചു.

70. തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുവാനുള്ള തുക അടിയന്തരമായി ഈടാക്കി രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കി ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

71. നിലവിൽ കോട്ടയം നഗരസഭയുടെ ഭാഗമായ നാട്ടകം ഗ്രാമപഞ്ചായത്ത്, ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് നഗരസഭാധികൃതർ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

72. തലനാട് ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കി രണ്ടാഴ്ച്ചക്കം റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

73. അയ്മനം ഗ്രാമപഞ്ചായത്ത് എത്രയും വേഗം നിർവ്വഹണ ഏജൻസികളിൽ നിന്നും പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

74. ആയതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം സംബന്ധിച്ച റിപ്പോർട്ട് താഴെ ചേർക്കുന്നു:

## "കറുകച്ചാൽ ഗ്രാമപഞ്ചായത്ത്

കെ.എസ്.ഇ.ബി. തെങ്ങണ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുള്ള 9,360 രൂപയുടേയും കെ.എസ്.ഇ.ബി. കറുകച്ചാൽ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുമുള്ള 19,020 രൂപയുടേയും വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

## തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 7,87,920 രൂപയിൽ 7,76,590 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമേ ലഭ്യമാക്കിയിരുന്നുള്ളൂ. ബാക്കി 11,330 രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചത് രസീത് നമ്പർ 11301500013 പ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

## നാട്ടകം ഗ്രാമപഞ്ചായത്ത്

കോട്ടയം നഗരസഭയിൽ നിന്നും മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല.

## തലനാട് ഗ്രാമപഞ്ചായത്ത്

(1) ഭൂഗർഭ ജല വകുപ്പിൽ നിന്നുള്ള 66,200 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.

(2) കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 2,36,718 രൂപയിൽ 2,36,648 രൂപയുടെ വിനിയോഗ വിവരം ഹാജരാക്കിയിട്ടുണ്ട്. ബാക്കിയുള്ള 70 രൂപയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല.

അയ്യമ്പാറ പൈപ്പ് ലൈൻ നീട്ടൽ (കെ.ഡബ്ല്യു.എ.) 50,000 രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡിതര)-ൽ നിന്നും ചെലവഴിച്ചതാണ്. ടി തുക 17-9-2009-ൽ ചെക്ക് നമ്പർ 393835 തിരികെ പഞ്ചായത്തിൽ രസീത് നമ്പർ 55/37198 23-9-2009 പ്രകാരം

പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയ 11650 + 19500 = 31,150 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയ 23,500 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു".

ഓഡിറ്റ് 5-8-2015-ലെ കത്തിനോടൊപ്പം ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പിൽ താഴെ പറയും പ്രകാരം അറിയിച്ചിരിക്കുന്നു:

75. "ഭൂഗർഭജല വകുപ്പ്, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടുണ്ട്. എന്നാൽ പി.ഡബ്ല്യു.ഡി. തിരുവനന്തപുരം ഇലക്ട്രിക്കൽ ഡിവിഷനിലും കോട്ടയം ഇലക്ട്രിക്കൽ ഡിവിഷനിലുമായി നിക്ഷേപിച്ച തുകയുള്ള (11,650 + 19,500 = 31,150) വിനിയോഗ സാക്ഷ്യപത്രം ആവർത്തിച്ച ആവശ്യപ്പെട്ടിട്ടും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായിട്ടില്ല. കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 60,000 (50,000+10,000) വിനിയോഗിക്കാത്ത സാഹചര്യത്തിൽ തിരികെ നല്കിയിരുന്നു. വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഭാഗങ്ങളിൽപ്പെട്ട ടി തുക സർക്കാരിലേക്ക് തിരികെ അടയ്ക്കുന്നതിന് പകരം തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. തുക സർക്കാരിലേക്ക് അടവാക്കാൻ നിർദ്ദേശം നൽകാവുന്നതാണ്."

## അയ്മനം ഗ്രാമപഞ്ചായത്ത്

കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 2,34,000 രൂപയുടേയും സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷനായി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 1,34,690 രൂപയുടേയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട് എന്നു അറിയിക്കുന്നു."

76. തദ്ദേശസ്വയംഭരണ വകുപ്പ് 2-7-2015 തീയതിയായി ലഭ്യമാക്കിയ അധികവിവരം സംബന്ധിച്ച റിപ്പോർട്ട് താഴെ ചേർക്കുന്നു:

## "മണർകാട് ഗ്രാമപഞ്ചായത്ത്

പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുകയിൽ ബാക്കിയുള്ള 14,552 രൂപ 2-1-2014-ലെ 310 നമ്പർ ചെലാൻ പ്രകാരമായി സർക്കാർ ഫണ്ടിൽ അടവാക്കിയിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

## കറുകച്ചാൽ ഗ്രാമപഞ്ചായത്ത്

കെ. എസ്. ഇ. ബി.യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. തിരികെ ലഭിക്കാൻ തുക ശേഷിക്കുന്നില്ല എന്ന വിവരവും ബോധിപ്പിച്ചുകൊള്ളുന്നു.

## തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കാനുള്ള തുകയുടെ ചെക്ക് (ചെക്ക് നമ്പർ 169842) 4-1-2014 തീയതി ലഭിച്ചിട്ടുണ്ട്. ടി തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ളതും, ടി വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ അറിയിച്ചിട്ടുള്ളതുമാണ്.

## തലനാട് ഗ്രാമപഞ്ചായത്ത്

തലനാട് ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തിലെ 3.3 ഖണ്ഡിക പ്രകാരം ഭൂഗർഭ ജല വകുപ്പ് 66,200 രൂപ, കെ. എസ്. ഇ. ബി. 2,36,648 രൂപ, കേരളാ വാട്ടർ അതോറിറ്റി 50,000 രൂപ എന്ന പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായത് ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ ഹാജരാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷൻ കോട്ടയം ഓഫീസിൽ അട്ടിക്കളം വൃദ്ധസദനം വൈദ്യുതീകരണം എന്ന പ്രോജക്ടിനായി 19,500 രൂപയും പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷൻ തിരുവനന്തപുരം ഓഫീസിൽ അംഗൻവാടി വൈദ്യുതീകരണം എന്ന പ്രോജക്ടിനായി 11,650 രൂപയും ഡെപ്പോസിറ്റ് ചെയ്തിരുന്നു. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി. ഡബ്ല്യൂ. ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, കോട്ടയം ഓഫീസിൽ സി1-2366/10-ാം നമ്പർ ആയി 16-2-2011, 11-9-2013, 4-10-2013, 7-4-2014, 6-1-2015 തീയതികളിലെ സി1-2366/10 നമ്പർ കത്ത് മുഖാന്തിരവും, പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി. ഡബ്ല്യൂ. ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം ഓഫീസിൽ 16-2-2011, 11-9-2013, 4-10-2013, 19-10-2013, 12-12-2013, 6-1-2015 എന്നീ തീയതികളിൽ സി1-2366/10 നമ്പരായി കത്ത്, ഓർമ്മക്കുറിപ്പുകൾ, രജിസ്റ്റേർഡ് തപാൽ എന്നിവ വഴി അറിയിച്ചിട്ടും യാതൊരുവിധ മറുപടിയും ലഭിച്ചിട്ടില്ല എന്നുള്ള വിവരവും ബോധിപ്പിച്ചു കൊള്ളുന്നു.

## അയ്മനം ഗ്രാമപഞ്ചായത്ത്

കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുള്ള 2,34,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഒടുക്കിയ 1,34,690 രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടുള്ളതും, ആയത് ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതുമാണ്."

### നിഗമനങ്ങൾ/ശിപാർശകൾ

77. കടുത്തുരുത്തി, കല്ലറ, വാഴൂർ, അയർക്കുന്നം, പായിപ്പാട്, അയ്മനം, കറുകച്ചാൽ എന്നീ 7 ഗ്രാമപഞ്ചായത്തുകൾ പരാമർശവിധേയമായ പ്രവൃത്തികൾ പൂർത്തീകരിച്ചതായും അവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായും സർക്കാരും ഓഡിറ്റും റിപ്പോർട്ട് ചെയ്യുതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

78. തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 7,87,920 രൂപയിൽ 7,76,590 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന 11,330 രൂപ പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്നുമുള്ള ഓഡിറ്റിന്റെ പരിശോധനാ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രസ്തുത പരാമർശമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

79. തലനാട് ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്കായി ഭൂഗർഭ ജല വകുപ്പിൽ നിക്ഷേപിച്ച 66,200 രൂപയുടെയും കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 2,36,718 രൂപയിൽ 2,36,648 രൂപയുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളതായും കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക പഞ്ചായത്തിൽ തിരിച്ചടച്ചതായും ഓഡിറ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിലേക്ക് തിരിച്ചടച്ച തുക, വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് എന്നീ വിഭാഗങ്ങളിൽപ്പെട്ടവയായതിനാൽ, ടി തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും സർക്കാരിലേക്ക് അടവാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ, കെ.എസ്.ഇ.ബി. എന്നിവയിൽ നിക്ഷേപിച്ച യഥാക്രമം 31,150 രൂപയുടെയും 23,500 രൂപയുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കിയോ റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

80. മണർകാട് ഗ്രാമപഞ്ചായത്തിലെ പൈപ്പ്ലൈൻ നീട്ടൽ പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക കിഴിച്ച് അവശേഷിക്കുന്ന 14,552 രൂപ തിരിച്ചടച്ചതായുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

81. നാട്ടകം ഗ്രാമപഞ്ചായത്ത് നിലവിൽ കോട്ടയം നഗരസഭയുടെ ഭാഗമായതിനാൽ, പരാമർശവിധേയമായ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട് നഗരസഭ, ഓഡിറ്റിന് ലഭ്യമാക്കണമെന്ന് സമതി ശിപാർശ ചെയ്യുന്നു.

## കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ്—ഭൂമി വാങ്ങിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ല**
**(ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-2008; ഖണ്ഡിക 3-3)**

കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നമ്പർ 81/01-02) ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനായി കിടങ്ങൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 16-ൽ റീ സർവ്വേ നമ്പർ 89/6-ൽപ്പെട്ട 44.86 ആർ. സ്ഥലം പഞ്ചായത്തിനുവേണ്ടി ഏറ്റെടുത്ത് നൽകിയിട്ടുള്ളതായി പാലാ ലാന്റ് അക്വിസിഷൻ ഓഫീസർ, റവന്യൂ ഡിവിഷണൽ ഓഫീസ് 2-2-2005-ൽ സി. 3558/02 നമ്പർ കത്ത് മുഖേന പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

2002 ഒക്ടോബർ മാസം സ്ഥലം ഏറ്റെടുത്ത് പണി തുടങ്ങി 2003 മാർച്ച് മാസം പൂർത്തിയാക്കാനായിരുന്ന നിർവ്വഹണ കലണ്ടർ പ്രകാരം തീരുമാനിച്ചിരുന്നത്.

പഞ്ചായത്തിന്റെ സമഗ്രവികസനം സാദ്ധ്യമാക്കുക, യാത്രക്കാർക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നതിന് കാത്തുനിൽപ്പ് കേന്ദ്രങ്ങൾ ഉണ്ടാക്കുക, ടാക്സി, ഓട്ടോ പാർക്കിംഗ് കേന്ദ്രമുണ്ടാക്കുക, വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമുണ്ടാക്കുക, പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നിവയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ.

ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി വാങ്ങൽ ഇനത്തിൽ 2008-09 വർഷം വരെ ആകെ 34,76,091 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1 | സ്ഥലം പെഗ് മാർക്ക് ചെയ്തതിന് നൽകിയ തുക (പ്ലാൻ പി.ഡി.) | 500 | ചെക്ക് നമ്പർ 2254/ 31-3-2003 |
| 2 | ബഹു.പാലാ ആർ.ഡി.ഒ.യ്ക്ക് ഡി.ഡി. ആയി നൽകുന്ന മുൻകൂർ തുക-പ്ലാൻ-1319115, ഇ.എഫ്.സി.-180885 | 15,00,000 | ചെക്ക് നമ്പർ 08286557/ 26-11-2003 |
| 3 | സ്ഥലം അളന്ന് കല്ലിട്ടതിന് 5 പേർക്ക് നൽകിയ കൂലി (പ്ലാൻ.പി.ഡി.) | 700 | ചെക്ക് നമ്പർ 9491/ 19-12-2003 |
| 4 | സർവ്വെക്കല്ലുകളുടെ വിലയായി എവർ ഷൈൻ സ്റ്റോൺ വർക്സ്, കിടങ്ങൂർ പേർക്ക് നല്കിയ തുക (പ്ലാൻ. പി.ഡി.) | 560 | ചെക്ക് നമ്പർ 9492/ 31-12-2003 |

| | | | |
|---|---|---|---|
| 5 | ബഹു.പാലാ ആർ.ഡി.ഒ.യുടെ പേർക്ക് ഡി.ഡി. ആയി നൽകുന്ന അഡ്വാൻസ് തുക (പ്ലാൻ പി.ഡി.) | 7,58,830 | ചെക്ക് നമ്പർ 0137903/ 29-1-2004 |
| 6 | എസ്റ്റാബ്ലിഷ്മെന്റ് ചാർജിനത്തിൽ ആർ.ഡി.ഒ.യ്ക്ക് നൽകിയ തുക (തനത് ഫണ്ട്) | 76,209 | ചെക്ക് നമ്പർ 0375102/ 28-9-2006 |
| 7 | വസ്തു ഉടമയുടെ പരാതിയുടെ അടിസ്ഥാനത്തിൽ അധിക വില എൽ.എ.ആർ.70/05 സബ്കോടതി, പാലാ വിധി പ്രകാരം കോടതിയിൽ കെട്ടിവയ്ക്കുന്നതിന് നല്കിയ തുക (തനത് ഫണ്ട്) | 10,50,659 | ചെക്ക് നമ്പർ 0385136/ 28-12-2007 |
| 8 | 100/07-ാം നമ്പർ അദാലത്ത് ഓർഡർ പ്രകാരം ആർ.ഡി.ഒ. പാലായ്ക്ക് നൽകിയ തുക (തനത് ഫണ്ട്) | 88,633 | ചെക്ക് നമ്പർ 1419/ 5-3-2009 |
| | ആകെ | 34,76,091 | |

ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി ഭൂമി വാങ്ങിയ ഇനത്തിൽ 2008-09 വർഷം വരെ 34,76,091 രൂപ ചെലവഴിച്ചെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ പഞ്ചായത്ത് യാതൊരു പ്രോജക്ടുകളും തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഉദ്ദേശിച്ച ലക്ഷ്യം നാളിതുവരെ കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മാത്രമല്ല, ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി വാങ്ങിയ ഭൂമി നാളിതുവരെ പോക്ക് വരവ് നടത്തി അടിസ്ഥാന നികുതി ഒടുക്കിയിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2010-11, ഓഡിറ്റ് ഖണ്ഡിക 5.3.6(1)]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

82. ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സിനുവേണ്ടി ഭൂമി വാങ്ങിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ലെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. 2010-11 മുതൽ പ്രസ്തുത സ്ഥലത്ത് ഒരു ടാക്സി സ്റ്റാന്റ് പ്രവർത്തിക്കുന്നുണ്ടെന്നും

2012-13-ൽ ബസ്ബേ നിർമ്മിക്കുവാൻ കോട്ടയം ആർ.ടി.ഒ. അനുമതി നൽകിയതിൻ പ്രകാരം പാർലമെന്റംഗം ശ്രീ. ജോസ് കെ. മാണിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച 10 ലക്ഷം രൂപ ഉപയോഗിച്ച് ബസ്ബേ സ്ഥാപിച്ച് 16-3-2013 മുതൽ ഉപയോഗിക്കുന്നുവെന്നും പ്രസ്തുത ബസ്ബേയും കാത്തിരിപ്പുകേന്ദ്രവും ഉൾപ്പെട്ട പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നതെന്നും ആയത് നടപ്പിലാക്കിയതിനാൽ കിടങ്ങൂർ ടൗണിൽ വൺവേ ബസ് ഗതാഗതം യാഥാർത്ഥ്യമായതു വഴി പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് ആക്കം കൂട്ടിയിട്ടുണ്ടെന്നും സെക്രട്ടറി സമിതി മുമ്പാകെ വിവരിച്ചു.

83. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് സമിതി ആരാഞ്ഞതിന് ബസ്ബേ നിർമ്മാണത്തിനുശേഷമുള്ള സ്ഥലത്ത് പാർക്കിംഗ് സൗകര്യത്തോടെ വ്യാപാര സമുച്ചയം, കൺവെൻഷൻ സെന്റർ എന്നിവ നിർമ്മിക്കാൻ പഞ്ചായത്ത് നടപടി ആരംഭിച്ചെന്നും സോയിൽ ടെസ്റ്റ് ടോപോഗ്രാഫിക്കൽ സർവ്വേ, വിശദമായ എസ്റ്റിമേറ്റ്, പ്രോജക്റ്റ് റിപ്പോർട്ട്, സാങ്കേതികാനുമതി എന്നിവയ്ക്കായി സർക്കാർ ഏജൻസിയായ ഭവനനിർമ്മാണ ബോർഡിന്റെ സേവനം തേടിയിട്ടുണ്ടെന്നും ഒരു കരട് പദ്ധതി പഞ്ചായത്തിൽ സമർപ്പിച്ചിരിക്കുകയാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

84. നിർദ്ദിഷ്ട പദ്ധതി ഏതു വർഷത്തേതാണെന്നും പദ്ധതി പൂർത്തീകരിക്കാൻ കഴിയുമോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ഭൂമി വാങ്ങി അവസാന ഗഡു അടച്ചിരിക്കുന്നത് 2008-09-ലാണെന്നും, 9 കോടി രൂപയുടെ നിക്ഷേപം ആവശ്യമായി വരുന്ന വലിയൊരു പ്രോജക്ടാണെന്നും പദ്ധതി നടപ്പിലാക്കാൻ വായ്പയെടുക്കേണ്ടിവരുമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കി. പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിച്ചോയെന്നും സമിതി ആരാഞ്ഞു. 2008-09 വരെ 34 ലക്ഷം രൂപ ചെലവായിട്ടുണ്ടെന്നും കോടതിവിധി പ്രകാരം 13,45,800 രൂപ എൻഹാൻസ്മെന്റ് ഓഫ് ലാൻഡ് വാല്യൂ ആയി അടച്ചിട്ടുണ്ടെന്നും ഈയിടെയാണ് എൽ.എ.ആർ. വിധിവന്നതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. വായ്പ കിട്ടണമെങ്കിൽ വിശദമായ എസ്റ്റിമേറ്റ് ഹൗസിംഗ് ബോർഡിൽ നിന്നും ലഭിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എത്രയും വേഗം സാധ്യമാക്കുന്നതിലേക്ക് സർക്കാരും പഞ്ചായത്ത് ഡയറക്ടറും പ്രത്യേക ശ്രദ്ധ ചെലുത്തി ഏതെങ്കിലും വിദഗ്ധ ഏജൻസികളെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

85. ആയതിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് താഴെ ചേർക്കുന്നു:

"ലഭ്യമായ സ്ഥലം പരമാവധി പ്രയോജനപ്പെടുത്തി വ്യാപാര സമുച്ചയം, കൺവെൻഷൻ സെന്റർ എന്നിവ നിർമ്മിക്കുന്നതിനായുള്ള സേവനങ്ങൾക്കായി 5-9-2013 തീയതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ III(1) തീരുമാനപ്രകാരം ഗവൺമെന്റ് അക്രഡിറ്റഡ് ഏജൻസിയായ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനോട് സേവനം ആവശ്യപ്പെട്ടിട്ടുള്ളതും കെ. എസ്. എച്ച്. ബി.യുമായി ടി കൺസൽട്ടൻസി സേവനം ലഭ്യമാക്കുന്നതിന് കരാർ വയ്ക്കുന്നതിനും ഫീസ് നൽകുന്നതിനുമുള്ള ഒരു പ്രോജക്ട് 2013-14 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഡി. പി. സി. അംഗീകാരം ലഭിച്ചിട്ടുള്ളതും 21-10-2013-ൽ കെ. എസ്. എച്ച്. ബി.യുമായി കരാർ വച്ചിട്ടുള്ളതുമാണ്. നിലവിൽ 44.86 ആർ സ്ഥലം പോക്കുവരവ് നടത്തി പഞ്ചായത്തിന്റെ പേരിലാക്കി നികുതി അടച്ച് വരുന്നു. ടി സ്ഥലത്ത് ഇപ്പോൾ ബസ്ബേ, കാത്തിരിപ്പ് കേന്ദ്രം എന്നിവ നിർമ്മിച്ച് ഉപയോഗപ്പെടുത്തി വരികയും പാർക്കിംഗ് ഗ്രൗണ്ട്, ടാക്സി സ്റ്റാന്റ് എന്നിവ നടത്തി വരികയും ചെയ്യുന്നു. ബാക്കി സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ. എസ്. എച്ച്. ബി.യിൽ നിന്ന് ലഭിക്കേണ്ട രേഖകളും Detailed estimate-ഉം ലഭിച്ചിട്ടുണ്ട്. ടി പ്രോജക്ട് നടപ്പിലാക്കുന്നതിലേക്ക് കെ. യു. ആർ. ജി. എഫ്. സി.യിൽ നിന്നും 4,10,00,000 രൂപ വായ്പ അനുവദിച്ച് കത്ത് ലഭിച്ചിട്ടുണ്ട്. വായ്പ എടുക്കുന്നതിനുള്ള അനുമതി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രോജക്ടിന് എൽ. എസ്. ജി. ഡി. വിഭാഗത്തിന്റെ സാങ്കേതികാനുമതി ലഭിക്കാനുണ്ട്. വ്യാപാര സമുച്ചയം നിർമ്മിക്കാനുദ്ദേശിക്കുന്ന സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിന് State Environment Impact Assessment Authority-യുടെ അനുമതി ലഭിച്ചുവെങ്കിലും ആയതിലെ വ്യവസ്ഥകൾ പ്രകാരം മണ്ണ് നീക്കം ചെയ്ത് കെട്ടിടം നിർമ്മിക്കുന്നതിന് പ്രായോഗിക വൈഷമ്യങ്ങൾ ഉള്ളതിനാൽ അനുമതി ഉത്തരവ് പുനഃപരിശോധിക്കുന്നതിന് SEIAA മുമ്പാകെ വീണ്ടും അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്."

ഓഡിറ്റ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്:

86. "പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ കൺസൽട്ടൻസിയായി തെരഞ്ഞെടുത്ത കേരള ഭവനനിർമ്മാണ ബോർഡുമായി കരാർ ചമച്ച് പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്ന് 4.1 കോടി രൂപയുടെ വായ്പാനുമതിയും ലഭിച്ചു. വിശദമായ എസ്റ്റിമേറ്റിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സാങ്കേതികാനുമതി ലഭിക്കേണ്ടതുണ്ട്. കൂടാതെ പണി സൈറ്റിലെ മണ്ണ് നീക്കം ചെയ്യുന്നതിന് കേരള പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ നിന്ന് ലഭിച്ച സോപാധിക അനുമതിയിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകളുള്ളതിനാൽ അവ നീക്കി കിട്ടുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആകയാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല."

### നിഗമനങ്ങൾ/ശിപാർശകൾ

87. ബസ് സ്റ്റാന്റ് നിർമ്മാണത്തിനായി പഞ്ചായത്ത് ഏറ്റെടുത്ത 44.86 ആർ സ്ഥലം പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് നടത്തി കരമടച്ചുവരുന്നതായും ടി സ്ഥലത്ത് ബസ്ബേ, കാത്തിരിപ്പ് കേന്ദ്രം, പാർക്കിംഗ് ഗ്രൗണ്ട്, ടാക്സി സ്റ്റാന്റ് എന്നിവ നല്ലരീതിയിൽ നടത്തിവരുന്നതായും 2011-12 മുതൽ പാർക്കിംഗ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനം ലഭിച്ചുവരുന്നതായും സർക്കാർ മറുപടിയിൽ നിന്നും ഓഡിറ്റിന്റെ കുറിപ്പിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു. ഈ സാഹചര്യത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

88. വ്യാപാര സമുച്ചയം നിർമ്മിക്കുന്നതിന് ഭവനനിർമ്മാണ ബോർഡുമായി കരാർ വച്ചിട്ടുള്ളതാണെന്നും പ്രസ്തുത പദ്ധതിക്കായി 4,10,00,000 രൂപ വായ്പ അനുവദിച്ച് ലഭിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ വ്യാപാരസമുച്ചയം നിർമ്മിക്കാനുദ്ദേശിക്കുന്ന സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രായോഗിക വൈഷമ്യങ്ങൾ എത്രയും വേഗം പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

<u>അനുബന്ധം I</u>

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശിച്ച എല്ലാ ഗ്രാമപഞ്ചായത്തുകളിലും കണക്കുകൾ ചിട്ടയായി സൂക്ഷിക്കുന്നതിന് ഉത്തരവായിട്ടുണ്ടെന്നും പരാമർശത്തിലെ ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെയും എല്ലാ ഗ്രാമപഞ്ചായത്തുകളിലും സാംഖ്യ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് നടപ്പിലാക്കിയിട്ടുണ്ടെന്നും 2010-11 വരെയുള്ള അക്കൗണ്ടുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നുമുള്ള ഓഡിറ്റിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 6 | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | എല്ലാ സർക്കാർ ഓഫീസുകളും ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മിനി സിവിൽ സ്റ്റേഷൻ പദ്ധതി ജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണെന്ന് സമിതി വിലയിരുത്തുന്നു. മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ 72.72 ആർ ഭൂമി അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ച് പഞ്ചായത്തിന്റെ പേരിൽ ലഭിച്ചിട്ടുള്ളതായും സർക്കാരിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഇതിനാവശ്യമായ ഫണ്ട് കണ്ടെത്താനാണുദ്ദേശിക്കുന്നതെന്നും തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് ഡയറക്ടർ വ്യക്തമാക്കിയിരുന്നു. ഈ സാഹചര്യത്തിൽ, മിനി സിവിൽ സ്റ്റേഷനുള്ള പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 14 | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് | വൻതോതിലുള്ള ഭക്ഷ്യധാന്യം ഏറ്റെടുത്ത് സൂക്ഷിക്കുന്നതിനും തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുമുള്ള പഞ്ചായത്തുകളുടെ അസൗകര്യം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്നാണ് റേഷൻകടകൾ വഴി ഇന്റന്റ് പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വകുപ്പ് ലഭ്യമാക്കിയിട്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പിൽ നിന്നും സമിതി മനസ്സിലാക്കുന്നു. തൊഴിലാളികൾക്ക് ഭക്ഷ്യധാന്യം വിതരണം നടത്തിയശേഷം കൺവീനർമാർ കാലിച്ചാക്ക് തിരികെ ഏൽപ്പിച്ചിട്ടില്ലാത്തതിനാൽ, 75 കി. ഗ്രാം. വീതം തൂക്കം ഉൾക്കൊള്ളുന്ന 198 ചാക്കുകൾക്ക്, ചാക്കൊന്നിന് 5 രൂപ പ്രകാരം 990 രൂപ ചാക്കിന്റെ വിലയിനത്തിൽ കൺവീനർമാരിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 15 | ,, | തൊഴിലാളികൾക്ക് വിതരണം ചെയ്ത ഭക്ഷ്യധാന്യവും പണമായി നൽകിയ വേതനവും ബിൽ തുകയെക്കാൾ അധികരിച്ചിട്ടില്ലെന്നും ഭക്ഷ്യധാന്യം കേടായിപ്പോകാതിരിക്കുക എന്ന സദുദ്ദേശത്തോടെ ചെയ്തതാണെന്നും അധികമായി നൽകിയ ധാന്യത്തിന്റെ മൂല്യം പണത്തിൽ കുറച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്തിന്റെ വാദം പരിശോധിക്കുവാനും ആയത് ശരിയാണെങ്കിൽ അധിക തുക നല്കിയതു സംബന്ധിച്ച |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഓഡിറ്റ് പരാമർശം നീക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. അല്ലാത്തപക്ഷം പ്രസ്തുത ഇനത്തിൽ അധികരിച്ച് നൽകിയ തുകയും ഗുണഭോക്തൃസമിതി ഹാജരാക്കിയ മസ്റ്റർ റോളിലെ യഥാർത്ഥത്തിൽ ആവശ്യമുള്ളതിലും കൂടുതൽ തൊഴിൽദിനങ്ങൾ ഉപയോഗിച്ചതായി കാണപ്പെട്ടതിന് നല്കിയ അധിക തുകയും നിർണ്ണയിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 22 | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് | വനിതാ വസ്ത്ര നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനായി അനുവദിച്ച തുക പഞ്ചായത്ത് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും റീജിയണൽ എഞ്ചിനീയറുടേയും സംയുക്ത അക്കൗണ്ടിലായിരുന്നു നിക്ഷേപിച്ചിരുന്നതെന്നും പഞ്ചായത്തിലുള്ള നിർമ്മിതി കേന്ദ്രത്തിന്റെ ഓഫീസ് നിർത്തലാക്കിയതിനെത്തുടർന്നാണ് ടി തുക സെക്രട്ടറിയുടെ മാത്രം അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നതെന്നും നിലവിൽ പ്രസ്തുത തുക പഞ്ചായത്ത് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും പേരിലുള്ള സംയുക്ത അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്നും നിർമ്മിതി കേന്ദ്രത്തിന്റെ പ്രാദേശിക ഓഫീസ് നിർത്തലാക്കിയതിനാൽ എ.ഇ.-യെ സംയുക്ത അക്കൗണ്ടിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല എന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പദ്ധതി പ്രകാരമുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | 23 | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് & ആഭ്യന്തര വകുപ്പ് | വസ്ത്ര നിർമ്മാണ യൂണിറ്റിന് കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്ന സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തന്നെയുള്ളതാണെന്നും എങ്കിലും ടി സ്ഥലത്ത് പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ സൂക്ഷിച്ചിരിക്കുകയാണെന്നും സർക്കാർ റിപ്പോർട്ടിൽ അറിയിച്ചിരിക്കുന്നു. പോലീസ് പ്രസ്തുത സ്ഥലം അനധികൃതമായി കൈവശം വച്ചിരിക്കുകയാണെന്ന് സമിതി കരുതുന്നു. പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ പ്രസ്തുത സ്ഥലത്തുനിന്നും മാറ്റുന്നതിനും ടി ഭൂമി പഞ്ചായത്തിന് വിട്ടുനൽകുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിന് ആഭ്യന്തര വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 24 | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് | പ്രസ്തുത സ്ഥലത്ത് കണ്ടെത്തിയിട്ടുള്ള തടി നിക്ഷേപം ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 25 | ,, | വസ്ത്രനിർമ്മാണ യൂണിറ്റിന്റെ കെട്ടിട നിർമ്മാണത്തിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം കുറവ് ചെയ്തിട്ടുണ്ടെങ്കിലും യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വലിപ്പമുള്ള ഹാൾ, മറ്റ് സൗകര്യങ്ങൾ എന്നിവ 65.15 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള പ്രസ്തുത കെട്ടിടത്തിലുണ്ടെന്നും നാല് തയ്യൽ മെഷീനുകൾ, എംബ്രോയിഡറി, ലോക്കിംഗ് മെഷീനുകൾ, കട്ടിംഗ് ടേബിൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് ടി ഹാളിൽ സൗകര്യം ഉണ്ടെന്നും കെട്ടിടത്തിന്റെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ എത്രയുംവേഗം കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി യൂണിറ്റ് പ്രവർത്തന മാരംഭിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 27 | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ അനധികൃതമായി കൈമാറ്റം നടത്തിയ തിന്മേൽ വിജിലൻസ് അന്വേഷണം നടത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചതായും അനധികൃത കൈമാറ്റക്കാരെ ഒഴിപ്പിച്ച് യഥാർത്ഥ വാടകക്കാരുടെ പേരിൽ പുതുക്കിയ കരാർ വച്ച് നടപടി തുടർന്നുവരുന്നതായുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 29 | ,, | കേന്ദ്രാവിഷ്കൃത എസ്. ജി. ആർ. വൈ. പദ്ധതി പ്രകാരമുള്ള 3 പദ്ധതികളുമായി ബന്ധപ്പെട്ട് 2003-04, 2004-05 വർഷങ്ങളിൽ നടന്ന 18,81,576 രൂപയുടെ ഗുരുതരമായ ക്രമക്കേടിന്മേൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതായും ആരോപണവിധേയരായ ഉദ്യോഗസ്ഥരിൽ ഒരാൾ സർവ്വീസിൽ നിന്നും വിരമിച്ചതായും മറ്റൊരാളെ സസ്പെൻഡ് ചെയ്തശേഷം കേസ് നിലനിൽക്കെത്തന്നെ സർവ്വീസിൽ തിരിച്ചെടുത്തതായും ടിയാൻ 31-8-2013-ൽ സർവ്വീസിൽ നിന്നും വിരമിച്ചതായും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടിരുന്നു. കേന്ദ്രസർക്കാരിന് വൻ സാമ്പത്തിക നഷ്ടമുണ്ടാക്കിയ പ്രസ്തുത സംഭവത്തിൽ, വിജിലൻസ് കേസ് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിലനിൽക്കെത്തന്നെ, സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥനെ സർവ്വീസിൽ തിരിച്ചെടുത്തത് സംബന്ധിച്ച വിശദീകരണവും കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും അടിയന്തരമായി ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിക്കാത്തത് സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാണെന്നു മാത്രമല്ല സമിതിയോടുള്ള അനാദരവുമാണെന്ന് സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഇത്തരത്തിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കേസ്സിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും സമിതി ആവശ്യപ്പെട്ട വിശദീകരണവും അടിയന്തരമായി ലഭ്യമാക്കുന്നതോടൊപ്പം കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും കോടതി വിധിപ്രകാരം മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 36 | കുറിച്ചി ഗ്രാമപഞ്ചായത്ത് | നാളികേരം അടിസ്ഥാനമാക്കി ചെറുകിട വ്യവസായം തുടങ്ങുന്നതിനുള്ള പദ്ധതിക്ക് 2003-04-ൽ അംഗീകാരം ലഭിച്ചിരുന്നെങ്കിലും സമിതി യോഗം ചേർന്ന 30-9-2013 വരെയും പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും തയ്യാറാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പദ്ധതിക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നതും ഗ്യാരന്റി കാലാവധി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | കഴിഞ്ഞിട്ടും മെഷീനറിയും മോട്ടോറും ഉപയോഗിക്കാതെ സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ തുരുമ്പെടുത്ത് നശിക്കുന്ന നിലയിലാണ് എന്നതും ബന്ധപ്പെട്ട കൃഷി ഓഫീസറുടെ അനാസ്ഥയേയും നിരുത്തര വാദപരമായ സമീപനത്തെയും വെളിവാക്കുന്ന തായി സമിതി വിലയിരുത്തുന്നു. 8 മാസ ത്തിനകം കെട്ടിടം നിർമ്മിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കാമെന്ന് കൃഷി ഓഫീസർ സമിതി മുമ്പാകെ ഉറപ്പു നൽകിയതിനെ ത്തുടർന്ന് അപ്രകാരം 8 മാസത്തിനകം പദ്ധതി ആരംഭിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു വെങ്കിലും വ്യവസായം ആരംഭിക്കാൻ നാളിതുവരെ നടപടി കളൊന്നും ആരംഭിച്ചിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിരിക്കുന്നു. സമിതി നിർദ്ദേശം പാലിക്കുന്നതിൽ കടുത്ത അലംഭാവം കാണിച്ചിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ സമിതിക്കുള്ള കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി നിർദ്ദേശപ്രകാരമുള്ള മേൽപ്പറഞ്ഞ നടപടി സ്വീകരിച്ച് റിപ്പോർട്ട് അടിയന്തര മായി ലഭ്യമാക്കുന്നതിനും അല്ലാത്തപക്ഷം പദ്ധതിപ്പണം വകമാറ്റി ചെലവഴിച്ച് ദുർവിനിയോഗം ചെയ്തതിന് ബന്ധപ്പെട്ട കൃഷി ഓഫീസർക്കെതിരെ നടപടി സ്വീകരിക്കുന്ന തിനും സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 44 | കറുകച്ചാൽ ഗ്രാമപഞ്ചായത്ത് | പരാമർശ വിധേയനായ കൺവീനറുടെ പേരിൽ ജപ്തിനടപടികൾ സ്വീകരിക്കാൻ പാകത്തിന് സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലെന്നും ടിയാന്റെ ഭാര്യയുടെ പേരിലുള്ള സ്ഥലം ജപ്തി ചെയ്യാൻ സ്വീകരിച്ച നടപടി ക്കെതിരെ സ്റ്റേ സമ്പാദിച്ചിട്ടുണ്ട് എന്നും ജപ്തി നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും റവന്യൂ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ അറിയിച്ചിരിക്കുന്നു. എന്നാൽ, കൺവീനർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ 2005-ൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2010-ൽ മാത്രമാണ് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ബഹു. ഹൈക്കോടതി നിശ്ചയിച്ച വ്യവസ്ഥയനുസരിച്ച് ടിയാൻ ഡിമാന്റ് തുകയുടെ മൂന്നിലൊന്നായ 23,786 രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് എന്നും ബാക്കി തുക കൂടി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബഹു. ഹൈക്കോടതിയിൽ എതിർ ഹർജി നൽകിയിട്ടുണ്ടെന്നും ഓഡിറ്റിന്റെ കുറിപ്പിൽ വ്യക്തമാക്കിയിരിക്കുന്നു. ഈ സാഹചര്യത്തിൽ, ബഹു. ഹൈക്കോടതിയുടെ വിധിപ്രകാരം നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 46 | കറുകച്ചാൽ ഗ്രാമപഞ്ചായത്ത് | എല്ലാ ഗ്രാമപഞ്ചായത്തുകളിലും സാംഖ്യ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് നടപ്പിലാക്കി കണക്കുകൾ ചിട്ടയായി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഓഡിറ്റിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അനന്തര നടപടി അവസാനിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 48 | തദ്ദേശസ്വയംഭരണ വകുപ്പ് (9 ഗ്രാമപഞ്ചായത്തുകൾ) | അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകളും രേഖകളും എഴുതി പൂർത്തിയാക്കിയതായുള്ള സർക്കാരിന്റെയും ഓഡിറ്റിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 15 | 53 | തദ്ദേശസ്വയംഭരണ വകുപ്പ് (6 ഗ്രാമപഞ്ചായത്തുകൾ) | ഞീഴൂർ, കാണക്കാരി, കുറോപ്പട, പള്ളിക്കത്തോട്, നീണ്ടൂർ, മീനടം എന്നീ ഗ്രാമപഞ്ചായത്തുകൾ വിവിധ വൈദ്യുതി/ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള ജല അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ച തുകയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി സർക്കാരും ഓഡിറ്റും റിപ്പോർട്ട് ചെയ്യുതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 54 | പാമ്പാടി ഗ്രാമപഞ്ചായത്ത് | പാമ്പാടി ഗ്രാമപഞ്ചായത്ത് തുക നിക്ഷേപിച്ച വിവിധ കുടിവെള്ള/വൈദ്യുതി പദ്ധതികൾ പൂർത്തീകരിച്ചതായും വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയതായുമുള്ള സർക്കാരിന്റെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെയും റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രസ്തുത തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 55 | തദ്ദേശസ്വയംഭരണ വകുപ്പ് | നിർദ്ദിഷ്ട മാതൃകയിൽ കരാർ ചമച്ച് ഒപ്പുവയ്ക്കാതെയാണ് നിക്ഷേപ വേലകൾക്കുള്ള ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈമാറുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹണ ഏജൻസികളെ നിക്ഷേപ വേലകൾ ഏൽപ്പിക്കുമ്പോൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് കരാർ വയ്ക്കുണമെന്നും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 18 | 57 | തദ്ദേശസ്വയംഭരണ വകുപ്പ് (6 ഗ്രാമപഞ്ചായത്തുകൾ) | ഞീഴൂർ, വെളിയന്നൂർ, നീണ്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ പരാമർശവിധേയമായ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതായും അതിരമ്പുഴ, പള്ളിക്കത്തോട് എന്നീ ഗ്രാമപഞ്ചായത്തുകൾ കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക പലിശ സഹിതം ഈടാക്കിയതായുമുള്ള സർക്കാർ മറുപടിയുടെയും ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയുമടിസ്ഥാനത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. നിലവിൽ കോട്ടയം നഗരസഭയുടെ ഭാഗമായ കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് പരാമർശവിധേയമായ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളും അല്ലാത്തപക്ഷം കൺവീനർക്ക് മുൻകൂർ ഇനത്തിൽ നൽകിയ തുക തിരിച്ചീടാക്കിയത് സംബന്ധിച്ച രേഖകളും ഓഡിറ്റിന് ലഭ്യമാക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 61 | തദ്ദേശ സ്വയംഭരണ വകുപ്പ് | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് കോട്ടയം ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും നടപടി സ്വീകരിക്കുന്നുണ്ടെന്നും ഭവനനിർമ്മാണ പദ്ധതികൾക്കും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനുമായാണ് മുഖ്യമായും പഞ്ചായത്തുകൾ വായ്പ എടുത്തിട്ടുള്ളതെന്നും ടി വായ്പകൾ പദ്ധതി വിഹിതത്തിൽ നിന്നും തനതുഫണ്ടിൽ നിന്നും കൃത്യമായി അടവുവരുത്തുന്നുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെ കുറിപ്പിന്റെയുമടിസ്ഥാനത്തിൽ കടബാധ്യതകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ ശക്തമാക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 20 | 62 | തദ്ദേശസ്വയംഭരണ വകുപ്പ് | ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല എന്നും സംസ്ഥാനത്തെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വൻകടബാധ്യതയിലാണെന്നും കാര്യക്ഷമമല്ലാത്ത നികുതി നിയന്ത്രണ സംവിധാനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വൻകടബാധ്യതയിലേക്ക് പ്രധാനമായും നയിക്കുന്നത് എന്നും സമിതി നിരീക്ഷിക്കുന്നു. വർദ്ധിച്ചുവരുന്ന വായ്പാ കുടിശ്ശികകൾ സ്ഥാപനങ്ങളുടെ സാമ്പത്തിക നിലവാരം തകർക്കുന്നതായും വായ്പാതവണകൾ മുടങ്ങുന്നതുമൂലം തിരിച്ചടവ് നീളുകയും പലിശയിനത്തിൽ കൂടുതൽ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കേണ്ടിവരുന്നതായും സമിതി മനസ്സിലാക്കുന്നു. സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സുകളായ തൊഴിൽ നികുതി, കെട്ടിടനികുതി, ലേലം/വാടക, ലൈസൻസ് ഫീസ് തുടങ്ങിയവ യഥാസമയം പിരിച്ചെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിതാന്ത ശ്രദ്ധ പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ചില പഞ്ചായത്തുകൾക്ക് തനതുവരുമാനം കൊണ്ടും സർക്കാർ വിഹിതം കൊണ്ടും നിത്യനിദാനം കഴിയാൻ സാധ്യമാകാത്ത അവസ്ഥയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്തുകളുടെ വരുമാന സ്രോതസ്സ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും ഋണബാധ്യതകൾ കുറയ്ക്കുന്നത് സംബന്ധിച്ചും പരിശോധിച്ച് സർക്കാർ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 21 | 66 | തദ്ദേശസ്വയംഭരണ വകുപ്പ് | ജനങ്ങൾക്ക് കമ്പ്യൂട്ടർ സാക്ഷരത ലഭ്യമാക്കുന്നതിനായി, ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ ജില്ലാ അക്ഷയ സെന്ററുകൾക്ക് കൈമാറിയിട്ടുള്ള തുകയാണ് ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ളതെന്നും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസമാണ് ഓഡിറ്റ് പരാമർശത്തിനിടയാക്കിയതെന്നും സർക്കാർ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വിനിയോഗസാക്ഷ്യപത്രം അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. നിലവിൽ അക്ഷയ പദ്ധതിയിൽ എത്ര തുക നിക്ഷേപമായി അവശേഷിക്കുന്നുണ്ടെന്നതും എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നതും സംബന്ധിച്ച വിശദമായ റിപ്പോർട്ടും വിനിയോഗ സാക്ഷ്യ പത്രവും പഞ്ചായത്ത് ഡയറക്ടർ സർക്കാർ മുഖേന ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ടി പദ്ധതിയിൻകീഴിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 77 | തദ്ദേശസ്വയംഭരണ വകുപ്പ് (7 ഗ്രാമപഞ്ചായത്തുകൾ) | കടുത്തുരുത്തി, കല്ലറ, വാഴൂർ, അയർക്കുന്നം, പായിപ്പാട്, അയ്മനം, കറുകച്ചാൽ എന്നീ 7 ഗ്രാമപഞ്ചായത്തുകൾ പരാമർശവിധേയമായ പ്രവൃത്തികൾ പൂർത്തീകരിച്ചതായും അവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായും സർക്കാരും ഓഡിറ്റും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 23 | 78 | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 7,87,920 രൂപയിൽ 7,76,590 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന 11,330 രൂപ പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്നുമുള്ള ഓഡിറ്റിന്റെ പരിശോധനാ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രസ്തുത പരാമർശമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 79 | തലനാട് ഗ്രാമപഞ്ചായത്ത് | തലനാട് ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്കായി ഭൂഗർഭ ജല വകുപ്പിൽ നിക്ഷേപിച്ച 66,200 രൂപയുടെയും കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 2,36,718 രൂപയിൽ 2,36,648 രൂപയുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളതായും കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക പഞ്ചായത്തിൽ തിരിച്ചടച്ചതായും ഓഡിറ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിലേക്ക് തിരിച്ചടച്ച തുക, വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് എന്നീ വിഭാഗങ്ങളിൽപ്പെട്ടവ യായതിനാൽ, ടി തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും സർക്കാരിലേക്ക് അടവാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. പൊതുമരാമത്ത് ഇലക്ട്രിക്കൽ ഡിവിഷൻ, കെ.എസ്.ഇ.ബി. എന്നിവയിൽ നിക്ഷേപിച്ച യഥാക്രമം 31,150 രൂപയുടെയും 23,500 രൂപയുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കിയോ റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 25 | 80 | മണർകാട് ഗ്രാമപഞ്ചായത്ത് | മണർകാട് ഗ്രാമപഞ്ചായത്തിലെ പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക കിഴിച്ച് അവശേഷിക്കുന്ന 14,552 രൂപ തിരിച്ചടച്ചതായുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സ മൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 81 | തദ്ദേശസ്വയംഭരണ വകുപ്പ് | നാട്ടകം ഗ്രാമപഞ്ചായത്ത് നിലവിൽ കോട്ടയം നഗരസഭയുടെ ഭാഗമായതിനാൽ, പരാമർശ വിധേയമായ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട് നഗരസഭ, ഓഡിറ്റിന് ലഭ്യമാക്കണമെന്ന് സമതി ശിപാർശ ചെയ്യുന്നു. |
| 27 | 87 | കിടങ്ങൂർ ഗ്രാമപഞ്ചായത്ത് | ബസ് സ്റ്റാന്റ് നിർമ്മാണത്തിനായി പഞ്ചായത്ത് ഏറ്റെടുത്ത 44.86 ആർ സ്ഥലം പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് നടത്തി കരമടച്ചുവരുന്നതായും ടി സ്ഥലത്ത് ബസ്ബേ, കാത്തിരിപ്പ് കേന്ദ്രം, പാർക്കിംഗ് ഗ്രൗണ്ട്, ടാക്സി സ്റ്റാന്റ് എന്നിവ നല്ലരീതിയിൽ നടത്തിവരുന്നതായും 2011-12 മുതൽ പാർക്കിംഗ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനം ലഭിച്ചുവരുന്നതായും സർക്കാർ മറുപടിയിൽനിന്നും ഓഡിറ്റിന്റെ കുറിപ്പിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു. ഈ സാഹചര്യത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 28 | 88 | കിടങ്ങൂർ ഗ്രാമപഞ്ചായത്ത് | വ്യാപാരസമുച്ചയം നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡുമായി കരാർ വച്ചിട്ടുള്ളതാണെന്നും പ്രസ്തുത പദ്ധതിക്കായി 4,10,00,000 രൂപ വായ്പ അനുവദിച്ച് ലഭിച്ചിട്ടുണ്ടെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യാപാരസമുച്ചയം നിർമ്മിക്കാനുദ്ദേശിക്കുന്ന സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രായോഗിക വൈഷമ്യങ്ങൾ എത്രയും വേഗം പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

## സർക്കാർ മറുപടി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006 സമാഹൃത റിപ്പോർട്ടിലെ കോട്ടയം ജില്ലയെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ നടപടി പരിശോധന പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് പാരഗ്രാഫ് നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 1.5.1 | | [illegible] |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ മാടപ്പള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ നടപടി പരിഹാര പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2005-2006 | 2.26 | | മാടപ്പള്ളി ഗ്രാമപഞ്ചായത്ത്:-<br>മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 70 ലക്ഷം രൂപ അടങ്കൽ ഉള്ളതിൽ ടി ആവശ്യത്തിന് സ്ഥലം അക്വയർ ചെയ്യുന്നതിനായ എൽ.എ. തഹസിൽദാർ പേർക്ക് 40.5 ലക്ഷം രൂപ അടവ് വരുത്തിയിരുന്നതും അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ച് സ്ഥലം പഞ്ചായത്തിന്റെ പേരിലേയ്ക്ക് പോക്കുവരവ് ചെയ്തിട്ടുള്ളതുമാണ്. ഈ വിവരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് എ-4/11 നമ്പർ കത്ത് പ്രകാരം 12/9/2013-ൽ രേഖമൂലം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തിക നില അനുകൂലമല്ലാതിരുന്നതിനാൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് പിന്നീട് തുക വകയിരുത്താൻ സാധിച്ചില്ല. 2014-15 വർഷം തെങ്ങണാ മാസ്റ്റർ പ്ലാൻ പ്രോജക്ട് എന്ന പേരിൽ ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ 10 കോടി രൂപയ്ക്ക് മേൽ വിലമതിക്കുന്ന സ്ഥലം പഞ്ചായത്തിന്റെ പേരിൽ ലഭിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. |

46/2016.

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ നടപടി പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 3 | 2005-2006 | 2.27 | | **തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്**<br><br>2.19 ഖണ്ഡിക പരാമർശം സംബന്ധിച്ച് 2002-03 കാലയളവിലെ സെക്രട്ടറി ശ്രീ. സി.എം. ജോർജ്ജിൽ നിന്നും ലഭിച്ച മറുപടിയും ഓഡിറ്റ് റിപ്പോർട്ടും 21-10-2008-ൽ നടന്ന പഞ്ചായത്ത് കമ്മിറ്റി പരിഗണിച്ച് 6/5-ാം നമ്പർ തീരുമാനമായി അംഗീകരിച്ച് , ടി പരാമർശം ഒഴിവാക്കുന്നതിന് ലോക്കൽ ഫണ്ട് വകുപ്പിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുണ്ട്.<br>ടി തീരുമാനത്തിൽ ലേബർ മെറ്റീരിയൽ മാനദണ്ഡങ്ങൾക്ക് അനുസൃതമായ പ്രവൃത്തികളിൽ അൽപ വ്യതിയാനം സംഭവിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ മൊത്തം കണക്കനുസരിച്ച് ക്രമീകരിച്ചിട്ടുള്ളതായും പ്രവൃത്തികളുടെ ലേബർ ചാർജ്ജിനത്തിലും മെറ്റീരിയൽ ഇനത്തിലും കൂടി മൊത്തം നൽകുന്ന തുക ബിൽ തുകയേക്കാൾ അധികരിച്ചിട്ടില്ലാത്തതായും ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് നടത്തുമ്പോൾ ലേബർ കമ്പോണന്റ് അധികരിച്ച് വരുന്നതായും പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഗുണഭോക്തൃ |

| | | | | |
|---|---|---|---|---|
| | | | | സമിതികൾ നൽകിയ മസ്റ്റർ റോൾ യഥാർത്ഥത്തിൽ ഉള്ളതാണെന്നും പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുണ്ട്.<br>വിതരണം ചെയ്ത ഭക്ഷ്യധാന്യവും പണമായി നൽകിയ വേതനവും ബിൽ തുകയേക്കാൾ അധികരിച്ചിട്ടില്ലാത്തതും ഗോഡൗണിൽ അധിക കാലം സൂക്ഷിക്കുന്നതിന് സാധിക്കാതെ വരുന്നതും കേടായിപ്പോകുവാൻ സാദ്ധ്യത ഏറെയുള്ള സാഹചര്യത്തിൽ ഭക്ഷ്യധാന്യം നഷ്ടപ്പെടാതിരിക്കുക എന്ന സദുദ്ദേശത്തോടെ ധാന്യം അധികരിച്ച് നൽകിയിട്ടുള്ളതായും പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തി.<br>ഈ സാഹചര്യത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതായി പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തി.<br>ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മറുപടി ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിന് സമർപ്പിക്കുകയും, എന്നാൽ എല്ലാ ഖണ്ഡികകൾക്കും മറുപടി തയ്യാറാക്കി സമർപ്പിക്കുന്നതിനായി തിരികെ പഞ്ചായത്തിന് ലഭിക്കുകയും, സമാഹൃത റിപ്പോർട്ടിലെ പരാമർശ ഖണ്ഡിക പ്രത്യേകമായി പരിഗണിക്കുന്നതിനായി ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിന് 12.09.2013 തീയതിയിൽ പുനർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-2008 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ
## കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ
## തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ നടപടി പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 4 | 2007-08 | 3.32.1 | | നിർദ്ദിഷ്ട വനിതാ വസ്ത്രനിർമ്മാണ യൂണിറ്റിന് കെട്ടിടം നിർമ്മിക്കുന്നതിന് വാനം എടുത്ത അവസരത്തിൽ മണ്ണിനടിയിൽ തടി നിക്ഷേപം കണ്ടെത്തിയതിനാൽ തുടർ പ്രവർത്തനം നടത്തുന്നതിന് സാധിച്ചില്ല. തുടർന്ന് തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 22-03-12-ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2-ാം വാർഡിൽ മാർക്കറ്റിനോട് ചേർന്ന് വടയാർ വില്ലേജ് സർവ്വേ 303/11-ൽപ്പെട്ട പഞ്ചായത്ത് വക സ്ഥലത്ത് വസ്ത്ര നിർമ്മാണ യൂണിറ്റിനായി 1200000 രൂപയ്ക്ക് കെട്ടിടം പണിത് യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്രവുമായി 26-08-2013-ൽ നിയമാനുസൃത കരാറിൽ ഏർപ്പെടുകയും 30-08-13-ൽ അഡ്വാൻസായി 2,40,000/- രൂപ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുള്ളതുമാകുന്നു. മുമ്പ് നൽകിയ അഡ്വാൻസ് തുക 50000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം നിർമ്മിതി കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ
കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ
മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ നടപടി പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 5 | 2005-2006 | 2.28 | | **മുണ്ടക്കയം ഗ്രാമപഞ്ചായത്ത്**<br><br>സമാഹൃത റിപ്പോർട്ടിലെ 28-ാം ഖണ്ഡികയിലെ പരാമർശമനുസരിച്ച് ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും അന്വേഷണം നടത്തി ബഹുമാനപ്പെട്ട സർക്കാർ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ സെക്രട്ടറി ശ്രീ.എസ്.സുരേന്ദ്രൻ നായർ, യു.ഡി. ക്ലർക്ക് കെ.എൻ പവിത്രൻ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും 10.04.2012ലെ ജി.ഒ(ആർ.റ്റി)1092/2012 എൽഎസ്ജിഡി നമ്പർ ഉത്തരവ് പ്രകാരം എസ്.സുരേന്ദ്രൻ നായർ, സെക്രട്ടറി, കെ.എൻ.പവിത്രൻ, എൽ.ഡി.ക്ലാർക്ക് എന്നിവരുടെ 2 വാർഷിക ശമ്പള വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടയുകയും ചെയ്തിട്ടുള്ളതാണ്. ശ്രീ. പി.എച്ച്. മുഹമ്മദ് ഇക്ബാലിനെതിരെ കുറ്റപത്രം പുറപ്പെടുവിച്ചതിൽ ടിയാൻ 12.09.2012ൽ എതിർവാദപത്രിക സമർപ്പിച്ചിട്ടുള്ളതും ആകുന്നു. മുണ്ടക്കയം ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ അനധികൃതമായി കൈമാറ്റം നടത്തിയതുമായി ബന്ധപ്പെട്ട് അനധികൃത |

കൈവശക്കാരെ ഒഴിപ്പിക്കുകയോ അല്ലെങ്കിൽ ഇത്തരത്തിലുള്ള അനധികൃത കൈമാറ്റം ക്രമവൽക്കരിക്കുകയോ ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ സർക്കാരിൽ നിന്നുമുള്ള നിർദ്ദേശം മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 23.03.2009ലെ കമ്മിറ്റിയിൽ ചർച്ച ചെയ്ത് ആയത് പ്രകാരം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് 2-ാം നമ്പർ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ (അനധികൃതമായി കൈമാറ്റം നടത്തിയതായി പരാമർശിച്ചിട്ടുള്ള കടമുറികൾ) താഴെപ്പറയും പ്രകാരം യഥാർത്ഥ വാടകക്കാരുടെ പേരിൽ 2009-2010 കാലയളവിലേയ്ക്ക് എഗ്രിമെന്റ് വെപ്പിച്ച് പുതുക്കി നൽകുന്നതിന് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23.03.2009ലെ 2(3)-ാം നമ്പർ തീരുമാനം കൈക്കൊള്ളുകയും, ആയത് പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തു.

1) 2-ാം നമ്പർ കടമുറി - ശ്രീ.സി.എസ്.സജീവ്, ചാമംപാറ, മുണ്ടക്കയം.
2) 3-ാം നമ്പർ കടമുറി - ശ്രീ.കെ.വി.മോഹനൻ, കൊല്ലംപറമ്പിൽ, വേലനിലം.
3) 4-ാം നമ്പർ കടമുറി - ശ്രീ.ജോയി പോത്തൻ, പുത്തൻപുരയ്ക്കൽ, മുണ്ടക്കയം.
4) 21-ാം നമ്പർ കടമുറി - ശ്രീ.ജഗതി രാജൻ നായർ, കൈപ്പറമ്പിൽ, മുണ്ടക്കയം.
5) മിനി സ്റ്റാൾ 7, 8 നമ്പർ ബങ്കുകൾ - ശ്രീ.പി.എം.മുഹമ്മദ് ഹുസൈൻ എന്നീ യഥാർത്ഥ വാടകക്കാർ തന്നെയാണ് എഗ്രിമെന്റ് പുതുക്കിയിട്ടുള്ളത്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006 - 2007 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ
കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ
മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ നടപടി പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 6 | 2006 - 2007 | 3.32.1 | | കേന്ദ്രാവിഷ്ക്കൃത പദ്ധതി ഭക്ഷ്യധാന്യം ദുർവിനിയോഗം സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് 28.05.2007 തീയതിയിൽ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത ശേഷം സെക്രട്ടറി ശ്രീ. പി. കെ. സോമൻ സെക്ഷൻ ക്ലാർക്കായിരുന്ന യു. ഡി. ക്ലാർക്ക് ശ്രീ. പി. കെ. റഷീദ് എന്നിവരിൽ നിന്ന് തുക ഈടാക്കുന്നതിന് എ1 - 540/07 നമ്പരായി 01.06.2007, 17.05.2010, തീയതികളിൽ ടി ആളുകൾക്ക് റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്. മുണ്ടക്കയം ബൈപാസ് നിർമ്മാണത്തിനായി S.G.R.Y (S.C.P) സ്കീം പ്രകാരം അനുവദിച്ച 99.9 മെട്രിക് ടൺ അരി അനധികൃതമായി സൂക്ഷിച്ച വിഷയവുമായി ബന്ധപ്പെട്ട് മുൻ സെക്രട്ടറി ശ്രീ. പി. കെ. സോമൻ, മുൻ യു. ഡി. ക്ലാർക്ക് ശ്രീ. പി. കെ. റഷീദ് എന്നിവർക്കെതിരെ 28.11.2009ൽ കോട്ടയം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് സ്റ്റേഷനിൽ VC/09/KTM നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതിനാൽ മുൻ യു. ഡി. ക്ലാർക്ക് ശ്രീ. പി. കെ. റഷീദിനെ സർക്കാരിന്റെ 10.3.2010ലെ 804/10/LSGD നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്ന് |

| | | | |
|---|---|---|---|
| | | | സസ്പെൻഡ് ചെയ്യുകയും, സർക്കാരിന്റെ 30.06.2011ലെ 1557/11/LSGD നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു. VC/12/09/KTM നമ്പർ കേസ് കോട്ടയം വിജിലൻസ് കോടതിയിൽ CC02/2012 ആയി 10.04.2013ൽ പരിഗണനയ്ക്ക് എടുത്തിരുന്നു എന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.04.2013ലെ [illegible](SJM)30844/11 നമ്പർ കത്തു പ്രകാരം അറിയിച്ചിരുന്നു എന്ന വിവരവും ബോധിപ്പിക്കുന്നു.<br><br>ശ്രീ. പി. കെ. സോമൻ 31.01.2007ൽ കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിൽ നിന്നും, ശ്രീ. പി. കെ. റഷീദ് 31.08.2013ൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതാണ്. ടിയാളുകൾക്ക് നാളിതുവരെ ഡി. സി. ആർ. ജി. നൽകിയിട്ടില്ല എന്ന വിവരവും ബോധിപ്പിച്ചുകൊള്ളുന്നു. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ
കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ
കുറിച്ചി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന
ആഡിറ്റ് ന്യൂനതാ നടപടി പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 7 | 2006-2007 | 3.33 | | കുറിച്ചി ഗ്രാമപഞ്ചായത്തിൽ 2003-2004 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി എസ്.004/04 നമ്പർ പ്രോജക്ട് പ്രകാരം നാളികേരം അടിസ്ഥാനമാക്കി ചെറുകിട വ്യവസായം എന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു. ടി യൂണിറ്റ് ആരംഭിക്കുവാൻ കാലതാമസം വന്നതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ടി പദ്ധതിച്ചെലവ് പാഴ്ച്ചെലവായി കണക്കാക്കുകയും 2006-2007 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ടി പരാമർശം ഉൾക്കൊള്ളിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി പദ്ധതി പുനരാരംഭിക്കുവാൻ സാധിക്കുമെങ്കിൽ ആയതിന് സംഘത്തിന് സമയം നൽകണമെന്നുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 10.05.2010ലെ 3-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിന് കൃഷി ആഫീസറോട് നിർദ്ദേശിച്ചിരുന്നു. കൃഷി ആഫീസർ 27.05.2010ൽ സംഘം സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു. നിലവിലുള്ള വാടകക്കെട്ടിടത്തിൽ തുടർന്ന് പോകുവാൻ ചില തടസ്സങ്ങൾ ഉള്ളതിനാൽ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് എഗ്രിമെന്റ് വച്ചതിന്റെ കോപ്പി സംഘം ഹാജരാക്കിയിരുന്നു. എന്നാൽ യൂണിറ്റ് ആരംഭിക്കുന്നതിൽ കാര്യമായ പുരോഗതി ഉള്ളതായി കാണാഞ്ഞതിനാൽ 03.01.2011ൽ കൃഷി ആഫീസർക്ക് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു. ആയതിന് മറുപടിയൊന്നും ലഭ്യമാകാഞ്ഞതിനാൽ സംഘം സെക്രട്ടറിക്കും, പ്രസിഡന്റിനും 21.02.2011ൽ പഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകിയിരുന്നു. ആയതിനുള്ള മറുപടിയിൽ നിലവിൽ മെഷിനറി സ്ഥാപിച്ചിട്ടുള്ള കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിലേക്ക് മെഷിനറി മാറ്റി സ്ഥാപിക്കുന്നതിന് ഭാരിച്ച ചെലവ് വരുമെന്നതിനാൽ നിലവിൽ മെഷിനറി സ്ഥാപിച്ചിട്ടുള്ള കെട്ടിടത്തിൽ തുടരുന്നതിന് കെട്ടിട ഉടമയുമായി എഗ്രിമെന്റ് പുതുക്കിയിട്ടുണ്ടെന്നും കെട്ടിടം പൂർണ്ണ കൈവശത്തിൽ ലഭിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഷിനറിയുടെ കേടുപാട് തീർത്തിട്ടുണ്ട്. |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ കറുകച്ചാൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ നടപടി പരിഹാര പത്രിക**

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 8 | 2006-2007 | 3.34.1 | | <u>കറുകച്ചാൽ ഗ്രാമപഞ്ചായത്ത്</u><br><br>കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് 2000-01 വർഷത്തെ ജെ.ജി. എസ്.വൈ സ്കീമിൽ മാലം - മാന്തുരുത്തി റോഡിൽ ശ്രീ. ചന്ദ്രശേഖര കുറുപ്പ്, ഇലഞ്ഞിത്തറ, കൺവീനർ ആയുള്ള ഗുണഭോക്തൃ സമിതി 19/01/2000 ത്തിൽ എഗ്രിമെന്റ് വയ്ക്കുകയും 3 തവണയായി 39973/- രൂപ കൈപ്പറ്റുകയും ചെയ്തിരുന്നു. എന്നാൽ പണികൾ ഒന്നും നടത്താത്തതിനാൽ ആർ.ആർ നോട്ടീസ് നൽകുകയും, നടപടി ഒന്നും ആകാത്തതിനാൽ വീണ്ടും ടിയാനും ഗുണഭോക്തൃസമിതി അംഗങ്ങൾക്കും 03/06/2005-ൽ കത്ത് നൽകിയിരുന്നു. പലിശ ഒഴിവാക്കി തുക അടയ്ക്കുന്നതിന് 3 മാസത്തെ സമയം അനുവദിക്കണമെന്ന് ടിയാൻ അപേക്ഷിച്ചിരുന്നു. എങ്കിലും, തുക അടയ്ക്കാതിരുന്നതിനാൽ 24-04-2005-ലെ എ5-13/2005 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്ക് അപേക്ഷിക്കുകയും, ജില്ലാ കളക്ടർ ചങ്ങനാശ്ശേരി തഹസിൽദാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. എങ്കിലും, തുക ഒന്നും ഈടാക്കി ലഭിച്ചിട്ടില്ല. ടി തുകകൾ ഈടാക്കി നൽകുന്നതിന്, നിയമ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ചങ്ങനാശ്ശേരി തഹസിൽദാർക്ക് എ5-13/2005 നമ്പർ കത്ത് പ്രകാരം 28-04-2010 ലും 7-05-2010-ലും അറിയിപ്പ് നൽകിയെങ്കിലും യാതൊരുവിധ നടപടിയും സ്വീകരിക്കാത്തതിനാൽ 13/09/2013-ൽ എ5-13/05 നമ്പർ കത്ത് പ്രകാരം ഡെപ്യൂട്ടി കളക്ടറോട് (ആർ.ആർ) അടിയന്തിരമായി തുക ഈടാക്കി നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതും ടി കത്തിന്റെ പകർപ്പ് ചങ്ങനാശ്ശേരി തഹസിൽദാർക്ക് നൽകിയിട്ടുള്ളതും ആകുന്നു. |

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-2008 സമാഹൃത റിപ്പോർട്ടിലെ കോട്ടയം ജില്ലയെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ നടപടി പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| ൧ | 2007/08 | 3.31 | | ഗ്രാമപഞ്ചായത്തുകളിൽ 01.04.2004 മുതൽ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം ആരംഭിച്ചിരുന്നുവെങ്കിലും കണക്കുകൾ ചിട്ടയോടെ എഴുതി സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വവും ചുമതലയും നൽകി പ്രത്യേകം ഒരു ജീവനക്കാരനെ നിയമിച്ചിരുന്നില്ല. മാറിമാറി വരുന്ന ക്ലാർക്കുമാർ വിവിധ രജിസ്റ്ററുകൾ പല വിധത്തിൽ കൈകാര്യം ചെയ്തിരുന്ന ഒരു അവസ്ഥയിലാണ് ആഡിറ്റ് പരാമർശം ഉണ്ടായിട്ടുള്ളത്. എന്നാൽ പരാമർശത്തിന്റെ ഗൗരവം ഉൾക്കൊണ്ട് സർക്കാർ ആയത് സജീവമായി പരിഗണിക്കുകയും 26.06.2009ലെ ജിഒ(എംഎസ്)118/09/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് വേണ്ട പരിശീലനം നൽകി കണക്കുകൾ ചിട്ടയായി സൂക്ഷിക്കുന്നതിന് അക്കൗണ്ടന്റിനെ നിയമിച്ച് ഉത്തരവായിട്ടുള്ളതും അക്കൗണ്ടന്റ്മാർക്ക് തുടർപരിശീലനങ്ങൾ നല്കി വരുന്നതും പരാമർശത്തിലെ ന്യൂനതകൾ പരിഹരിച്ചിട്ടുള്ളതുമാണ്.<br><br>കോടികൾ മതിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിപ്പണം വിവിധ ഏജൻസികളിൽ മൃത നിക്ഷേപമായി കിടക്കുന്നത് സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിനും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും നടപ്പാക്കാൻ കഴിയാത്ത പദ്ധതികളുടെ ഡിപ്പോസിറ്റ് തുകകൾ തിരിച്ച് ഈടാക്കുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ മതിയായ കരാറിൽ ഏർപ്പെട്ടാണ് ഡെപ്പോസിറ്റ് വർക്കുകൾ നടത്തി വരുന്നത്. |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2009-2010 സമാഹൃത റിപ്പോർട്ടിലെ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ നടപടി പരിഹാര പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 10 | 2009-2010 | 2.1 | | ***ഞീഴൂർ ഗ്രാമപഞ്ചായത്ത്:***<br><br>2005-06, 2006-07 വർഷത്തെ രജിസ്റ്ററുകളെല്ലാം കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. നിലവിൽ എല്ലാ രജിസ്റ്ററുകളും കൃത്യമായി എഴുതി പൂർത്തീകരിച്ചിട്ടുണ്ട്. 2011-12 വരെയുള്ള കാലയളവിലെ അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ടി കാലയളവിലെ ആഡിറ്റ് പൂർത്തിയായിട്ടുള്ളതും ആകുന്നു.<br><br>**രാമപുരം ഗ്രാമപഞ്ചായത്ത്:**<br>അപാകതകൾ പരിഹരിച്ചിട്ടുള്ളതും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.<br><br>**കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്:**<br>12.06.2003ലെ ജിഒ(പി)319/03 ഉത്തരവ് പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 2011-12 വരെ അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | **കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്:**<br>2006-07 വർഷത്തെ രജിസ്റ്ററുകളും രേഖകളും അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്<br><br>**വെളിയന്നൂർ ഗ്രാമപഞ്ചായത്ത്:**<br>ഓഡിറ്റ് റിപ്പോർട്ട് പ്രകാരം രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുള്ളതും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 27.08.2011ലെ എൽ.എഫ്.കെ.പി. 1/960/അദാ.സി4/2011 കത്ത് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുള്ളതുമാണ്. അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്<br><br>**കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് :**<br>2005-06 വർഷത്തെ ക്യാഷ് ബുക്ക്, അനുബന്ധ രജിസ്റ്ററുകൾ എന്നിവയിലെ അപാകതകൾ പരിഹരിച്ചിട്ടുള്ളതും നിലവിൽ അക്കൗണ്ട് സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.<br><br>**അതിരമ്പുഴ ഗ്രാമപഞ്ചായത്ത്:**<br>12.06.2003ലെ ജിഒ(പി)319/03നമ്പർ ഉത്തരവ് പ്രകാരം ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.<br><br>**പാമ്പാടി ഗ്രാമപഞ്ചായത്ത്:**<br>നിലവിൽ അക്കൗണ്ടിംഗ് സമ്പ്രദായ പ്രകാരം തയ്യാറാക്കേണ്ട മുഴുവൻ രജിസ്റ്ററുകളും എഴുതി പൂർത്തീകരിച്ചിട്ടുണ്ട്. അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 11 | 2009-2010 | 2.8 | | **ഞീഴൂർ ഗ്രാമപഞ്ചായത്ത്**<br>വിളയിൻകോട് ലൈൻ എക്സ്റ്റൻഷൻ വട്ടോത്ത്പടി തത്തംകുളം ലൈൻ എക്സ്റ്റൻഷൻ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള കൺസ്യൂമർ വിഹിതം എന്നി തുകകൾക്കുള്ള പദ്ധതികൾ പൂർത്തീകരിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.<br><br>**കാണക്കാരി ഗ്രാമപഞ്ചായത്ത്:**<br>ഗ്രാമപഞ്ചായത്ത് 14, 12 വാർഡുകളിലെ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് കെഎസ്ഇബിയിൽ ഡിപ്പോസിറ്റ് ചെയ്ത തുകയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br><br>**കുറോപ്പട ഗ്രാമപഞ്ചായത്ത്:**<br>2, 12 വാർഡുകളുടെ വൈദ്യുതീകരണത്തിന് കെഎസ്ഇബിയിൽ ഡിപ്പോസിറ്റ് ചെയ്ത തുകയുടെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br><br>**പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്:**<br>2006-07 3.3 ആനിക്കാട്, ചെങ്ങളം, കവുങ്ങുംപാലം സ്ട്രീറ്റ് ലൈൻ നീട്ടൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.<br><br>2005-06 3.3 പള്ളിക്കത്തോട് ഹരിപ്പാട്ടുകുന്ന് ലക്ഷംവീട് കോളനി ലൈൻ എക്സ്റ്റൻഷൻ, കുളത്തകം ചക്കാംപുഴ ലൈൻ എക്സ്റ്റൻഷൻ എന്നി പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.<br>**നീണ്ടൂർ ഗ്രാമപഞ്ചായത്ത്:**<br>സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനും ലൈൻ എക്സ്റ്റൻഷനുമായി കെഎസ്ഇബിയിൽ ഡിപ്പോസിറ്റ് ചെയ്ത തുകയ്ക്കുള്ള പദ്ധതി പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് -2006-07/3.3- 2005-06/3.3-<br>കെഎസ്ഇബി- 20901/-, 105029/-<br><br>നീണ്ടൂർ ഗ്രാമപഞ്ചായത്ത് - 2006-07, 3.5, കെ.എസ്.ഇ.ബി - 163161/-<br><br>മീനടം ഗ്രാമപഞ്ചായത്ത് - 2004/05-ചെലവ് 2.11(1) (2),<br>കെഡബ്ല്യുഎ-150000/-, 155945/-<br><br>പാമ്പാടി ഗ്രാമപഞ്ചായത്ത് - 2005-06/3.4(എ)- കെഎസ്ഇബി-106600/-,<br>2005-06/3.4(ബി)-കെഡബ്ല്യുഎ-135806/- | മീനടം ഗ്രാമപഞ്ചായത്ത്: പരാമർശ ടാഷുഴ കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ അടച്ച തുക ഉപയോഗിച്ച് പദ്ധതി 2011-12ൽപൂർത്തീകരിച്ച് കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്.<br><br>പാമ്പാടി ഗ്രാമപഞ്ചായത്ത്:<br>4-ാം വാർഡ് ലൈൻ എക്സ്റ്റൻഷൻ , കാടുംകുന്ന് കോളനി, പട്ടികവർഗ്ഗ വീടുകളുടെ വൈദ്യുതീകരണം, പുറക്കുളം ജലസേചന പദ്ധതി എന്നിവയുടെ വിനിയോഗ സാക്ഷ്യപത്രത്തിനായി 12.03.2013ലെ എ1-1871/13 നമ്പരായി കത്ത് നൽകിയിട്ടുണ്ട്. പുറകുളം ജലസേചന പദ്ധതി, ലക്ഷംവീട് ചേലക്കുന്ന് ജലസേചന പദ്ധതി,തൊങ്ങൽ തകിടിമറ്റം ഭാഗം ജലസേചന പദ്ധതി, മുളേക്കുന്ന് ജലസേചന പദ്ധതി, അണ്ണായി ജലസേചന പദ്ധതി, എന്നീ പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രത്തിനായി 12.03.2013ലെ എ1-1872/13 നമ്പരായി കത്ത് നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 12 | 2009-2010 | 2.9 | | **1.ഞീഴൂർ ഗ്രാമപഞ്ചായത്ത്:**<br>2006-07 ലെ ഖണ്ഡിക 3(6)ലെ വിഷയം എസ്.ജി.ആർ.വൈയുമായി ബന്ധപ്പെട്ടതല്ല. ടി ഓഡിറ്റ് ഖണ്ഡിക 3(6) ൽ പരാമർശിക്കുന്ന കാര്യങ്ങൾ പരിഹരിക്കപ്പെട്ടിട്ടുള്ളതാണ്.ഇത് സംബന്ധിച്ച ലോക്കൽ ഫണ്ടിന്റെ അനന്തരക്കുറിപ്പ് ലഭിച്ചിട്ടുണ്ട്. കൂടാതെ എസ്.ജി.ആർ.വൈ പദ്ധതിയിൽ കൺവീനർമാർക്ക് അഡ്വാൻസ് നൽകിയിട്ടുള്ള എല്ലാ പ്രവർത്തികളും പൂർത്തിയാക്കി അക്കൗണ്ട് 2008മാർച്ച് 31 ന് ക്ലോസ് ചെയ്തിട്ടുണ്ട്.<br><br>**2. വെളിയന്നൂർ:**<br>പരാമർശ പ്രവൃത്തിയായ പൊട്ടൻകുളം പുനരുദ്ധാരണം എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും മറുപടി പരിഗണിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതുമാണ്.<br><br>**3. കുമാരനല്ലൂർ ഗ്രാമ പഞ്ചായത്ത്**<br>നിലവിൽ കോട്ടയം നഗരസഭയുടെ ഭഗമാണ്. ടി പരാമർശത്തിന്മേൽ മറുപടി ലഭ്യമാക്കുന്നതിന് 16-11-12-ൽ ജി3-504/13 ആയി കത്ത് നഗരസഭാ സെക്രട്ടറിക്ക് നൽകുകയും 22-04-13, 13-9-13 തീയതികളിൽ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിട്ടുള്ളതാണ്. ടി നഗരസഭയിൽ നിന്ന് നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല.<br><br>**4. നീണ്ടൂർ:**<br>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ ശാസ്താവ്-പുളിക്കൽ റോഡ്-ഓട നിർമ്മാണം 23.08.2007ൽ പൂർത്തീകരിച്ചു. പുലിയാറ്റുകുന്ന് കോളനി സംരക്ഷണ പദ്ധതി 31.03.2009ൽ പൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| | | | | അംബികാവിലാസം ഹരിജൻ കോളനി സംരക്ഷണ പദ്ധതി 20.06.2007ൽ പൂർത്തീകരിച്ചു. പേരാലിഷാടം പുറം ബണ്ട് നിർമ്മാണം 30.03.2007ൽ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>5. അതിരമ്പുഴ<br>2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പാര 3.8ൽ പരാമർശിക്കുന്ന വേദഗിരി കുടിവെള്ള പദ്ധതിയുടെ അഡ്വാൻസ് തുകയായ 30000/-രൂപയിൽ വാല്യുവേഷൻ പ്രകാരമുള്ള 14859/-രൂപ കുറച്ച് ബാക്കി 15141/-രൂപ 18% പലിശയായ 19077/-രൂപയും ചേർത്ത് 34218/-രൂപ 12.05.2008ലെ 94239/55-ാം നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്.<br><br>6. പള്ളിക്കത്തോട്<br>എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം ചക്കാംപുഴ-പന്നഗംതോട് പാലത്തിന് സംരക്ഷണ ഭിത്തി, അപ്രോച്ച് റോഡ് നിർമ്മാണം- കൺവീനർക്ക് അഡ്വാൻസ് നൽകിയ തുക പലിശ സഹിതം 30/8641 തീയതി 02-03-09 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. 21.01.2011ലെ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.കെ.പി. 1/283/09 നമ്പർ അനന്തരക്കുറിപ്പിൽ പരാമർശം ഒഴിവാക്കിയിട്ടുള്ളതുമാണ്. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010-11 | 2.11 | | കോട്ടയം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിന് ലഭിക്കാനുള്ള എല്ലാ നികുതികളും യഥാസമയം പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി ദായകർക്ക് നോട്ടീസ് നൽകിയും ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ചും നികുതികൾ യഥാസമയം പിരിച്ചെടുക്കുന്നതിന് പഞ്ചായത്തുകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കോട്ടയം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ മുഖ്യമായും ഭവന നിർമ്മാണ പദ്ധതികൾക്കും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനുമായാണ് വായ്പ എടുത്തിട്ടുള്ളത്. ടി തുകകൾ തുടർ വർഷങ്ങളിൽ പദ്ധതി വിഹിതത്തിൽ നിന്നും തനത് വരുമാനത്തിൽ നിന്നും യഥാസമയം ഒടുക്കി വരുന്നതുമാണ് എന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു. |

| | | | |
|---|---|---|---|
| 2010–11 | 2.13 | | ഗ്രാമീണ ജനതയ്ക്ക് കമ്പ്യൂട്ടർ സാക്ഷരകത ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയും കമ്പ്യൂട്ടർ സേവനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച അക്ഷയ സെന്ററുകൾ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കമ്പ്യൂട്ടർ സാക്ഷരത ലഭ്യമാക്കുന്നതിനും കമ്പ്യൂട്ടർ സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി പ്രവർത്തിച്ച് വരുന്നു.<br><br>പഞ്ചായത്തിന്റെ അധീനതിയിൽ പ്രവർത്തിക്കുന്ന അക്ഷയ സെന്ററുകൾക്ക് പഞ്ചായത്ത് ജനങ്ങൾക്ക് കമ്പ്യൂട്ടർ സാക്ഷരത ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് വിഹിതമായ 60 രൂപ ഒടുക്കിയിട്ടുള്ളതും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസം മൂലമാണ് വളരെയധികം തുക വിനിയോഗിക്കാതെ ശേഷിക്കുന്നതായി കാണപ്പെടുന്നത്. എന്നാൽ ടി തുകകൾ, ഗുണഭോക്താക്കൾക്ക് പരിശീലനം ലഭിക്കുന്നതിന് വേണ്ടി ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ജില്ലാ അക്ഷയ സെന്ററുകൾക്ക് കൈമാറിയിട്ടുള്ളതാണ് എന്നുള്ള വിവരം ബോധിപ്പിച്ച് കൊള്ളുന്നു. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010-11 | 2.14 | | 1. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്നിവയ്ക്ക് 142793 രൂപ കെ.എസ്.ഇ.ബി. യിൽ ഒടുക്കിയതിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതും ആകുന്നു.<br>2. ലൈൻ എക്സ്റ്റൻഷൻ, കെ.എസ്.ഇ.ബി 300000 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതും ആകുന്നു<br>3. ലൈൻ എക്സ്റ്റൻഷൻ, കെ.എസ്.ഇ.ബി, 24864 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതും ആകുന്നു |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010–11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ കല്ലറ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാരപത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010–11 | 2.14 | | തെരുവ് വിളക്ക് സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, കെ.എസ്.ഇ.ബി, 39630 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ LFKP1/960 അദാ/A7-1/2011 dated 29-08-11 പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ വാഴൂർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010-11 | 2.14 | | ഭൂഗർഭ ജല വകുപ്പിൽ 664714/- രൂപ ഒടുക്കിയതിൻ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും വിനിയോഗ സാക്ഷ്യപത്രം 12-9-13-ൽ കോട്ടയം ജില്ലാ ഭൂജല വകുപ്പ് ജില്ലാ ആഫീസറിൽ നിന്നും ലഭിച്ചിട്ടുണ്ട്. ടി വിനിയോഗ സാക്ഷ്യപത്രം പ്രകാരം പരാമർശം ഒഴിവാക്കുന്നതിന് 12-09-13-ലെ എ1-6780/09 കത്ത് പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റിനെ അറിയിച്ചിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ അയർക്കുന്നം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010-11 | 2.14 | | പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും 09-01-09-ലെ എസ്.എ 29/08-09 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതും ആകുന്നു. ആയതിനാൽ ടി പരാമർശം ഒഴിവാക്കുന്നതിലേയ്ക്കായി 12-09-2013 തീയതിയിലെ എ2-995/11 നമ്പർ കത്തു പ്രകാരം കോട്ടയം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ മണർകാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010-11 | 2.14 | | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തിയതിൽ 77700/- രൂപയുടെ JS/437/08 dated: 26-06-13 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്<br>12-09-13 തീയതിയിൽ എ/23867/13 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റിനെ പരാമർശം ഒഴിവാക്കാൻ അറിയിച്ചിട്ടുണ്ട് |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ കറുകച്ചാൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010-11 | 2.14 | | കറുകച്ചാൽ ഗ്രാമ പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റി 500000/- , ഭൂഗർഭ ജല വകുപ്പ് 147860/-, കെൽട്രോൺ - 58173, കെ.എസ്.ഇ.ബി - 28380/- എന്നീ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് എ2-793/11 നമ്പരായി 12.08.2011ൽ കത്ത് നൽകുകയും തുടർന്ന് എ-1960/13 നമ്പരായി 11.07.2013 തീയതിയിൽ ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010-11 | 2.14 | | പൈപ്പ് ലൈൻ, വാട്ടർ ടാങ്ക് പുനരുദ്ധാരണം പദ്ധതിക്ക് 787920/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. 19.09.2013 തീയതിയിലെ ജെഎസ്-437/2008 നമ്പരായി കേരളാ വാട്ടർ അതോറിറ്റിയിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതാണ്. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ **നാട്ടകം ഗ്രാമപഞ്ചായത്ത്** സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010-11 | 2.14 | | നാട്ടകം ഗ്രാമ പഞ്ചായത്ത് ഇപ്പോൾ കോട്ടയം നഗരസഭയുടെ ഭാഗമാണ്. ടി പരാമർശത്തിന്മേൽ മറുപടി ലഭ്യമാക്കുന്നതിന് കോട്ടയം നഗരസഭാ സെക്രട്ടറിക്ക് 29-01-13-ൽ ജി3-504/13 നമ്പർ കത്ത് നൽകുകയും തുടർന്ന് 10-05-13, 13-09-13 തീയതികളിൽ ഓർമ്മക്കുറിപ്പ് നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ **പായിപ്പാട് ഗ്രാമപഞ്ചായത്ത്** സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010-11 | 2.14 | | ലൈൻ എക്സ്റ്റൻഷൻ, കെ.എസ്.ഇ.ബി., 129327/- പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് വിഭാഗം പരാമർശം ഒഴിവാക്കിയിട്ടുള്ളതും ആകുന്നു. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010–11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ **തലനാട് ഗ്രാമപഞ്ചായത്ത്** സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010–11 | 2.14 | | തലനാട് ഗ്രാമ പഞ്ചായത്തിലെ വിവിധ നിക്ഷേപ പ്രവർത്തനങ്ങളുമായി ഭൂഗർഭ ജല വകുപ്പ് – 66200, കെ.എസ്.ഇ.ബി. 236718, കേരള വാട്ടർ അതോറിറ്റി – 50000, പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ ഡിവിഷൻ) – 31150, കെ.എസ്.ഇ.ബി – 23500 എന്നിവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് 11.09.2013 ലെ C1 2360/10ആയി കത്ത് നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണ് |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ **അയ്മനം** **ഗ്രാമപഞ്ചായത്ത്** സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010-11 | 2.14 | | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. 11.5.13 ലെ എ1- 1031/11 പ്രകാരം കേരള വാട്ടർ അതോറിറ്റി കോട്ടയത്തിന് കത്ത് നൽകിയിട്ടുണ്ട്<br><br>11.5.13 ലെ എ1- 1031/11 പ്രകാരം കെ.എസ്.ഇ.ബി. അയ്മനത്തിനും, കേരള വാട്ടർ അതോറിറ്റി കോട്ടയത്തിനും കത്ത് നൽകിയിട്ടുണ്ട് |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങളിന്മേൽ **കിടങ്ങൂർ ഗ്രാമപഞ്ചായത്ത്** സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക

| സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2010-11 | 5.3.6 | | കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റിനു വേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത 44.86 ആർ സ്ഥലം പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് നടത്തി കരമടച്ചു വരുന്നതാണ്. ടി സ്ഥലത്ത് എം.പി. ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിച്ച് ബസ്ബേ, കാത്തിരിപ്പ് കേന്ദ്രം എന്നിവ നിർമ്മിച്ച് നിലവിൽ ഉപയോഗപ്പെടുത്തി വരുന്നു. കൂടാതെ പാർക്കിംഗ് സ്ഥലം, ടാക്സി സ്റ്റാന്റ് എന്നിവ ഈ സ്ഥലത്തിനുള്ളിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്നതുമാണ്. ടി സ്ഥലത്തുനിന്നും പാർക്കിംഗ് ഫീസിനത്തിൽ 2011-12 വർഷം മുതൽ വരുമാനം ലഭിക്കുന്നുണ്ട്. ഏകദേശം 9 കോടി രൂപ നിർമ്മാണ ചെലവ് വരുന്ന ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതും പ്രാരംഭമായി വായ്പ ലഭ്യമാക്കുന്നതിന് സർക്കാർ അംഗീകാരം ലഭിക്കുന്നതിനും മറ്റ് സാങ്കേതിക ഉപദേശങ്ങൾക്കും പഞ്ചായത്ത് നടപടി ആരംഭിച്ചിട്ടുള്ളതുമാണ്. |

C. VALSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.